# മലയാളകവിത പൂർവ്വഘട്ടം

VI SEMESTER

CORE COURSE

For

B.A. MALAYALAM

(2014 ADMISSION ONWARDS - CUCBCSS)

UNIVERSITY OF CALICUT

SCHOOL OF DISTANCE EDUCATION

Calicut University, P.O. Malappuram, Kerala, India-673 635

551

# UNIVERSITY OF CALICUT

SCHOOL OF DISTANCE EDUCATION

**STUDY MATERIAL**

**CORE COURSE**

**BA MALAYALAM**

**(2014 ADMISSION ONWARDS - CUCBCSS)**

## VI Semester

# മലയാളകവിത പൂർവ്വഘട്ടം

*Prepared by:*

**Smt. Sheena AG**
**Guest Faculty**
**Department of Malayalam**
**Farook College**
**Farook College Post.**

*Scrutinized by:*

**Dr.azeez Tharuvana**
**Assistant Professor**
**Department of Malayalam**
**Farook College**
**Farook College Post**

*Layout: Computer Section, SDE*

©
Reserved

# മൊഡ്യൂൾ – 1

ഒരു സാഹിത്യ ഭാഷയായി മലയാളം വളർന്നുവരുന്ന കാലത്ത് ചില നാടൻപാട്ടുകളല്ലാതെ പ്രൗഢമായ സാഹിത്യകൃതികളൊന്നും മലയാള ഭാഷയിൽ ഉണ്ടായിരുന്നില്ല. എന്നാൽ തമിഴ് ഭാഷ യിൽ ഇക്കാലത്തിന് മുമ്പ് തന്നെ, സംഘകൃതികൾ ഉൾപ്പെടെ വളരെയധികം സാഹിത്യകൃതികൾ പ്രചാരത്തിൽ വന്നിരുന്നു. വികാസം പ്രാപിച്ച തമിഴ് ഭാഷ മലയാളത്തിലും സ്വാധീനം ചെലുത്തി. ആദ്യകാല മലയാളകൃതികൾ സൂക്ഷ്മമായി പരിശോധിച്ചാൽ പതിനാറാം ശതകംവരേയും തമിഴിന്റെ സ്വാധീനശക്തി നിലനിന്നിരുന്നതായി കാണാം. ഈ കാലഘട്ടത്തിന്റെ അവസാനമാകുമ്പോഴേക്കും സംസ്കൃതത്തിന്റെ സ്വാധീനവും ഉണ്ടായിത്തുടങ്ങുന്നു. ഈ രണ്ടു കാലഘട്ടങ്ങളും ധാരാളം കാവ്യ സമ്പത്തുകൾ മലയാള സാഹിത്യത്തിന് നേടിക്കൊടുത്തു.

**പാട്ടുപ്രസ്ഥാനം**

പതിനാലാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട ലീലാതിലകം എന്ന മണിപ്രവാള ലക്ഷണ ഗ്രന്ഥത്തിൽ കേരളത്തിൽ നിലനിന്നിരുന്ന രണ്ടുതരം സാഹിത്യരൂപങ്ങളെപ്പറ്റി പറയുന്നു. ഒന്ന് മണിപ്രവാളസാഹി ത്യവും, രണ്ട് പാട്ട്സാഹിത്യവും. ലീലാതിലകത്തിൽ പാട്ടിന്റെ ലക്ഷണവും ഉദാഹരണവും വ്യക്ത മായി നല്കിയിട്ടുണ്ട്. ഈ സൂചനകളിൽനിന്ന് ആ കാലഘട്ടത്തിൽ ധാരാളം പാട്ടുകൃതികൾ ഉണ്ടായി എന്നു കരുതാം. ലീലാതിലകത്തിൽ ഒന്നാം ശില്പത്തിൽ പതിനൊന്നാം സൂത്രത്തിലാണ് പാട്ടിന്റെ ലക്ഷണവും ഉദാഹരണമായ വിഷ്ണു സ്തുതിയും നല്കിയിരിക്കുന്നത്.

**ലക്ഷണം**

"ദ്രമിഡസംഘതാക്ഷര നിബദ്ധം
എതുക മോന വൃത്തവിശേഷയുക്തം പാട്ട്."

ഉദാഹരണമായി കൊടുത്തിരിക്കുന്ന വിഷ്ണു സ്തുതി (ഇത് ഏത് കൃതിയിൽനിന്നാണ് എടുത്തിരി ക്കുന്നത് എന്നറിയില്ല).

"തരതലന്താനളന്താ, പിളന്താ പൊന്നൻ
തനക ചെന്താർ, വരുന്താമൽ വാണൻ, തന്നെ
കരമരിന്താ, പൊരുന്താനവന്മാരുടെ
കരുളെരിന്താ, പുരാനെ, മുരാരീ കണാ
ഒരു വരന്താ പരന്താമമേ, നീ കനി–
ന്തുരക ചായീ പിന്നിപ്പവ്വം നീന്താവണ്ണം
ചിരതരം താൾ പണിന്തേനയ്യോ താങ്കെന്നെ–
ത്തിരുവനന്താപുരം തങ്കുമാനന്തനേ."

ഇതിൽ പാട്ടിന്റെ ലക്ഷണങ്ങൾ എല്ലാം ഒത്തുവന്നിരിക്കുന്നു. പാട്ടിന്റെ നിർവ്വചനത്തിൽ പ്രധാനമായി നാല് ലക്ഷണങ്ങളാണ് ഉള്ളത്.

1. ദ്രമിഡ സംഘാതാക്ഷര നിബന്ധമെന്നാൽ ഇന്നത്തെ തമിഴ് അക്ഷരമാലയിലുള്ള ശബ്ദങ്ങൾ മാത്രം ഉപയോഗിച്ചുള്ളതായിരിക്കണം. വർഗ്ഗാക്ഷരങ്ങളിൽ ഖരവും അനുനാസികവും മാത്രം ഉള്ളതാ യിരുന്നു തമിഴ് അക്ഷരമാല. അതിനാൽ സംസ്കൃതത്തിൽ നിന്ന് പദങ്ങൾ സ്വീകരിക്കുമ്പോൾ അതിന് തത്ഭവരീതിയിൽ മാറ്റങ്ങൾ വരുത്തേണ്ടിവരും. ഉദാഹരണത്തിന് ധര = തര, ബാണ = വാണ, ധാമം = താമം, ശാമി = ചാമി ഇത്തരം തമിഴ് രൂപങ്ങൾ കേരള ഭാഷയിൽ ഉണ്ടാകുന്നതല്ല. അതിനാൽ ഭാഷയെ തമിഴീകരിച്ച് പാട്ടിന്റെ ലക്ഷണപ്രകാരം ദ്രാവിഡ സംഘാതാക്ഷര നിബദ്ധമാക്കുവാനുള്ള ശ്രമമാണ് ഇവിടെ നടക്കുന്നത്.
2. സംസ്കൃതത്തിലും മലയാളത്തിലും ഉള്ള ദ്വിതീയാക്ഷര പ്രാസത്തിന് സമാനമാണ് തമിഴിൽ എതുക (എതുകൈ) എതുകയിൽ ഓരോ അടിയുടേയും രണ്ടാമത്തെ അക്ഷരം ആവർത്തിക്കണം എന്നു മാത്രമല്ല, അതിന്റെ മാത്ര ഒരേതരത്തിൽ ഇരിക്കണം എന്നും വ്യവസ്ഥയുണ്ട്.

3. ഓരോ പദവും രണ്ടു ഭാഗങ്ങളായി തിരിച്ചു നോക്കുമ്പോൾ രണ്ടു ഭാഗങ്ങളിലെയും ആദ്യാക്ഷരം യോജിച്ചുവന്നാൽ ആ പ്രാസത്തിനാണ് തമിഴിൽ മോന (മോനൈ) എന്നു പറയുന്നത്.
4. പാട്ടിൽ ദ്രാവിഡ വൃത്തങ്ങളാണ് ഉപയോഗിക്കേണ്ടത്.

ഇങ്ങനെ അക്ഷരങ്ങളുടെ നിബന്ധന, പ്രാസം, വൃത്തം എന്നിങ്ങനെ മിക്ക കാര്യങ്ങളിലും പാട്ടുസാഹിത്യം തമിഴ് സാഹിത്യത്തിന്റെ പാരമ്പര്യം അനുകരിക്കുന്നതായി കാണാം. പാട്ടിനെ തമിഴ്മിശ്ര സാഹിത്യമായാണ് ഡോ. കെ.എം. ജോർജ്ജ് കണക്കാക്കുന്നത്. (സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ) രാമചരിതം, തിരുനിഴൽമാല, രാമകഥപ്പാട്ട്, ഭാരതംപാട്ട്, പയ്യന്നൂർ പാട്ട്, കൃഷ്ണഗാഥ എന്നിവയാണ് ഈ വിഭാഗത്തിൽ ലഭിച്ചിട്ടുള്ള കൃതികൾ.

**ആദ്യകാല മണിപ്രവാള സാഹിത്യം**

'ഭാഷാ സംസ്കൃതയോഗോ മണിപ്രവാളം' മണിപ്രവാളത്തിന് മണി എന്ന പദം മലയാളത്തെയും പ്രവാളം സംസ്കൃതത്തെയും കുറിക്കുന്നു. മണിയാകുന്ന മലയാള പദങ്ങളുടെയും പവിഴ (പ്രവാളം) മാകുന്ന സംസ്കൃത പദങ്ങളുടെയും ഹൃദ്യമായ യോജിപ്പിൽനിന്നുണ്ടാകുന്ന മനോഹരമായ ഭാഷയാണ് മണിപ്രവാളം. കേരളഭാഷയുടെയും വിഭക്ത്യന്ത സംസ്കൃത പദങ്ങളുടെയും ഹൃദ്യമായ മേളനമായിരിക്കണം. പത്മരാഗവും (മാണിക്യം) പവിഴവും ചെന്നൂലിൽ കോർത്താലെന്നപോലെ ഇരു ഭാഷാ പദങ്ങളും തിരിച്ചറിയുവാൻ കഴിയാത്തവിധം വേണം മണിപ്രവാളം രചിക്കുവാനെന്നും ലീലാതിലകത്തിൽ പറയുന്നു.

മണിപ്രവാളത്തിൽ പാലിക്കേണ്ട വ്യവസ്ഥകളെക്കുറിച്ചും ലീലാതിലകത്തിൽ പരാമർശമുണ്ട്.

- ഭാഷാ പദങ്ങൾപോലെ അതിപ്രസിദ്ധവും സുകുമാരാക്ഷരവുമായ സംസ്കൃത പദങ്ങൾ മാത്രമേ ഉപയോഗിക്കാവൂ.
- മണിപ്രവാളത്തിൽ ഉപയോഗിക്കപ്പെടുന്ന ഭാഷാപദങ്ങൾ ത്രൈവർണ്ണികർ ഉപയോഗിക്കുന്നതായിരിക്കണം. അങ്ങനെയുള്ള ഭാഷാസംസ്കൃതങ്ങൾ മാത്രമേ മാണിക്യവും പവിഴവും എന്നതുപോലെ ഇണങ്ങിച്ചേരികയുള്ളൂ.
- ഭാഷാ പദങ്ങൾക്കായിരിക്കണം പ്രാധാന്യം.

ഭാഷയ്ക്കും രസത്തിനും പ്രാധാന്യമുള്ള മണിപ്രവാളമാണ് ഉത്തമമെന്ന് വിധിക്കുമ്പോഴും ഭാഷാംശത്തിനുള്ള പ്രാധാന്യത്തെയാണ് ലീലാതിലകം സൂചിപ്പിക്കുന്നത്. ലീലാതിലകത്തിൽ പറഞ്ഞിട്ടുള്ള ഈ വ്യവസ്ഥകളെല്ലാം പൂർണ്ണമായും യോജിക്കുന്നത് പ്രാചീന മണിപ്രവാള കാവ്യങ്ങൾക്കുമാത്രമാണ്.

മണിപ്രവാള കാവ്യങ്ങളുടെ ആരംഭത്തെപ്പറ്റി ചിന്തിക്കുമ്പോൾ പ്രഥമ സ്മരണീയമായ നാമധേയം തോലന്റേതാണ്. മഹോദയപുരം വാണിരുന്ന കുലശേഖര വർമ്മയുടെ സദസ്യനായിരുന്നു തോലൻ. തോലന്റേതെന്ന് കരുതിവരുന്ന മണിപ്രവാള പദ്യങ്ങളിൽ പലതും പില്ക്കാലത്ത് ചാക്യാന്മാർ കൂട്ടിച്ചേർത്തിട്ടുള്ളവയാണ്. കൂത്തിന്റെയും കൂടിയാട്ടത്തിന്റെയും സഹായത്തോടെയാണ് ആദ്യകാലത്ത് മണിപ്രവാളം വികാസം പ്രാപിച്ചത്. കൂടിയാട്ടത്തിൽ നായകനും മറ്റും ചൊല്ലുന്ന സംസ്കൃത ശ്ലോകങ്ങൾക്കുപകരം വിദൂഷകൻ മണിപ്രവാളത്തിൽ പ്രതിശ്ലോകങ്ങൾ ചൊല്ലുകയും ഭാഷയിൽത്തന്നെ അർത്ഥം വിവരിക്കുകയും ചെയ്തത് ഭാഷയുടെയും സാഹിത്യത്തിന്റെയും വികാസത്തിന് സഹായകമായി.

പ്രാചീന മണിപ്രവാള കൃതികൾക്ക് പ്രതിപാദനരീതിയിലും ഭാഷാരീതിയിലും ചില പ്രത്യേകതകളുണ്ട്. മണിപ്രവാളം എന്ന പദം പ്രാരംഭത്തിൽ ഭാഷാമിശ്രണത്തെ സൂചിപ്പിക്കുന്ന ലക്ഷണമായിരുന്നെങ്കിലും പിന്നീട് അതിന് സാഹിത്യപരാമർശകമായ ഒരു അർത്ഥം വന്നു ചേർന്നു. അതിൽത്തന്നെ 'മഹിളാളി മഹാസ്പദാ' എന്ന മറ്റൊരു സങ്കല്പവും കലർന്നു. സമുദായത്തിന്റെ മുകൾത്തട്ടിൽ വർത്തിച്ചിരുന്നവരും ഉന്നത ബ്രാഹ്മണർക്കും ക്ഷത്രിയർക്കും മാത്രം വിധേയകളായിരുന്നവരുമായ മഹിളകളെ പാടിപ്പുകഴ്ത്താൻ വേണ്ടി എഴുതപ്പെട്ടിരുന്ന കവിത എന്നൊരർത്ഥം വികസിച്ചു.

കേരളീയ ജീവിതത്തിന്റെ പ്രതിഫലനമാണ് പ്രാചീന മണിപ്രവാള സാഹിത്യത്തിൽ കാണുന്നത്. പുരാണങ്ങളും ഇതിഹാസങ്ങളും പ്രതിപാദ്യങ്ങളാക്കുന്ന സമ്പ്രദായം അന്നു സാധാരണമായിരുന്നില്ല. കവിയുടെ സ്വാനുഭൂതികളുടെ ആവിഷ്കാരങ്ങളായിരുന്നു പല കൃതികളും ആത്മാർത്ഥത നിറഞ്ഞ

ഹൃദയ വികാരങ്ങളുടെ സ്വാഭാവിക പ്രതിഫലനങ്ങളാണ് മിക്കവാറും കൃതികൾ. ശൃംഗാരത്തിനായിരുന്നു അവയിൽ പ്രാധാന്യം. നായികാ പ്രാപ്തി മാത്രം ജീവിത ലക്ഷ്യമായിക്കരുതുന്ന രചയിതാക്കളുടെ, വിരഹാവസ്ഥയിലെ തീവ്രവിലാപവും സമാഗമത്തിലുള്ള ആനന്ദപാരവശ്യവും നായികമാരുടെ രതി കേളീവിരുതും നിറഞ്ഞ അന്തരീക്ഷം ആ കൃതികളിൽ ഉടനീളം കാണാം. സാമൂഹ്യജീവിതത്തിന്റെ മറ്റുതലങ്ങളും ജീവിതത്തിലെ ദുഃഖാനുഭവങ്ങളും മറ്റും അവയിൽ വിഷയമാവുന്നതേയില്ല. മണിപ്രവാളത്തിന് കാല പരിഗണനയുടെ അടിസ്ഥാനത്തിൽ പ്രാചീനം, മദ്ധ്യകാലം, ആധുനികം എന്നീ മൂന്ന് വിഭാഗങ്ങളുണ്ട്.

കിട്ടിയിട്ടുള്ളതിൽ ഏറ്റവും പ്രാചീനമായ മണിപ്രവാള കാവ്യമാണ് വൈശിക തന്ത്രം. ഗണികാവൃത്തിയാണ് പ്രതിപാദ്യം. കാവ്യകാരനെക്കുറിച്ച് അറിവില്ല. അനംഗസേന എന്ന ഗണികയ്ക്ക് അമ്മ നൽകുന്ന ഉപദേശമാണ് കാവ്യത്തിലെ വിഷയം. ലീലാതിലകകാരൻ നിർദ്ദേശിക്കുന്ന മണിപ്രവാള ലക്ഷണങ്ങൾ ഒത്തിണങ്ങിയ കൃതിയാണിത്. അവതാരദശകം, ദശാവതാരചരിതം, വാസുദേവസ്തവം, ചെല്ലൂർനാഥസ്തവം, ചെല്ലൂരിശവിലാസം, അനന്തപുരവർണ്ണനം എന്നീ സ്ത്രോത കൃതികളും ഉണ്ണിയച്ചിചരിതം, ഉണ്ണിച്ചിരുതേവി ചരിതം, ഉണ്ണിയാടിചരിതം എന്നീ പ്രാചീന ചമ്പുക്കളും ഉണ്ണുനീലി സന്ദേശം, കോകസന്ദേശം എന്നീ സന്ദേശ കാവ്യങ്ങളും ഇട്ടിയച്ചി, ചെറിയച്ചി, ഇളയച്ചി, കൗണോത്തര തുടങ്ങിയ ലഘുകാവ്യങ്ങളും പദ്യരത്നത്തിൽ സമാഹരിച്ചിട്ടുള്ള ഒറ്റ ശ്ലോകങ്ങളും, അവസാന കൃതിയായ ചന്ദ്രോത്സവം കാവ്യവും അടങ്ങുന്നതാണ് പ്രാചീന മണിപ്രവാള സാഹിത്യം.

**സന്ദേശകാവ്യ പ്രസ്ഥാനം**

കാളിദാസന്റെ പ്രസിദ്ധ കൃതിയായ മേഘസന്ദേശത്തെ അനുകരിച്ചാണ് മലയാളത്തിൽ സന്ദേശകാവ്യ പ്രസ്ഥാനം ആരംഭിച്ചത്. മലയാളത്തിൽ ഈ പ്രസ്ഥാനം വളരെയധികം അഭിവൃദ്ധിപ്പെട്ടു. ചമ്പു പ്രസ്ഥാനത്തിന്റെ തുടർച്ചയായിട്ടാണ് സന്ദേശകാവ്യ പ്രസ്ഥാനം ഉടലെടുത്തത്. പരസ്പരം പ്രേമബദ്ധരായ സ്ത്രീപുരുഷന്മാർ ദുർവിധിവശാൽ വേർപിരിഞ്ഞു താമസിക്കേണ്ടി വരിക, വിരഹദുഃഖം സഹിക്കാനാവാത്ത കാമുകൻ കാമുകിയിൽ ഏകാഗ്രമനസ്കനായിരിക്കുക, ഹൃദയ ഭാരം കുറയ്ക്കാൻവേണ്ടി ഏതെങ്കിലും ഒരു വസ്തുവിനോടോ മനുഷ്യനോടോ തന്റെ സന്ദേശം കാമുകി സന്നിധിയിൽ എത്തിച്ച് അവളുടെ ഉത്കണ്ഠയ്ക്കും മനോവേദനയ്ക്കും ശമനം വരുത്തണമെന്ന് പ്രാർത്ഥിക്കുക. സന്ദേശവാഹകനു നായികാഭവനം വരെയുള്ള യാത്രാമാർഗ്ഗം വർണ്ണിച്ചു മനസ്സിലാക്കി കൊടുക്കുക – ഇതാണ് ചുരുക്കത്തിൽ സന്ദേശകാവ്യത്തിന്റെ ചട്ടക്കൂട്.

സന്ദേശകാവ്യത്തിന്റെ ആദ്യഭാഗത്തെ പൂർവ്വ സന്ദേശം എന്നും രണ്ടാമത്തെ ഭാഗത്തെ ഉത്തര സന്ദേശം എന്നും വിളിക്കുന്നു. മിക്ക സന്ദേശകാവ്യങ്ങളും മന്ദാക്രാന്ത വൃത്തത്തിലാണ് രചിക്കപ്പെട്ടിട്ടുള്ളത്. സന്ദേശ കാവ്യങ്ങൾ പൊതുവെ ശൃംഗാര പ്രധാനമായിരിക്കും വിശേഷിച്ചു വിപ്രലംഭശൃംഗാരം. സന്ദേശ കാവ്യങ്ങളിൽ ചരിത്രപരവും ഭൂമിശാസ്ത്രപരവും സാമൂഹികവുമായ പല കാവ്യങ്ങളും വർണ്ണിച്ചിരിക്കും. വിരഹാർത്തനായ നായകന്റെ വാസസ്ഥലം മുതൽ നായികയുടെ വാസസ്ഥലം വരെ പൂർവ്വഭാഗത്തിലും നായികയുടെ നാട്, വീട്, വിരഹാവസ്ഥ, ഭൂതകാല സൂചനകളോടെ സന്ദേശം കൈമാറൽ തുടങ്ങിയവ ഉത്തരഭാഗത്തിലും നിബന്ധിച്ചിരിക്കും.

**കേരളത്തിലെ സന്ദേശ കാവ്യങ്ങൾ**

ക്രിസ്തു വർഷം 1325നും 1350നും ഇടയ്ക്ക് കൊച്ചിയിൽ വെള്ളപ്പള്ളി എന്ന സ്ഥലത്ത് കരിങ്ങമ്പള്ളി മനയിലെ ലക്ഷ്മി ദാസൻ തൃക്കണാമതിലകത്തെ രംഗലക്ഷ്മി എന്ന നർത്തകിയെ നായികയും ശുകത്തെ സന്ദേശഹരനും ആക്കി രചിച്ച 'ശുകസന്ദേശ'മാണ് കേരളത്തിലെ ആദ്യത്തെ സംസ്കൃത സന്ദേശകാവ്യം. പതിനാലാം നൂറ്റാണ്ടിൽ രചിക്കപ്പെട്ടു എന്ന് കരുതുന്ന ഉണ്ണുനീലി സന്ദേശം പ്രധാനകൃതിയാണ്. ആധുനിക കാലഘട്ടത്തിൽ ഉണ്ടായ ശ്രദ്ധാർഹമായ ഒരു സന്ദേശകാവ്യമാണ് കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ 'മയൂരസന്ദേശം'. രസശൂന്യങ്ങളായ ധാരാളം സന്ദേശകാവ്യങ്ങൾ പിൽക്കാലത്തുണ്ടായി. ഇവയെ ആക്ഷേപിക്കുന്നതിനായി ശീവൊള്ളി നാരായണൻ നമ്പൂതിരി 'ദാത്യൂഹസന്ദേശം' എന്നൊരു കാവ്യവും രചിച്ചിട്ടുണ്ട്.

**ചമ്പുക്കൾ**

സംസ്കൃത സാഹിത്യത്തിൽ നിന്ന് മലയാളം കടം കൊണ്ട കാവ്യശാഖയാണ് ചമ്പു. പതിനൊന്നാം ശതകത്തിലാണ് സംസ്കൃതത്തിൽ ചമ്പുക്കൾ ആരംഭിച്ചത്. ഗദ്യവും പദ്യവും ചേർന്നുള്ള കാവ്യമാണ് ചമ്പു. 'ഗദ്യപദ്യമയം കാവ്യം ചമ്പൂരിത്യഭിധിയതേ' എന്നാണ് ചമ്പുവിന് നൽകുന്ന നിർവ്വചനം. പദ്യങ്ങൾ സംസ്കൃത വൃത്തത്തിലാണ് വേണ്ടത്. ഗദ്യത്തിന് താളവും പ്രാസവും നിർബന്ധമാണ്; വർണ്ണനാ പ്രധാനമാണ് ചമ്പുക്കൾ. ചമ്പുക്കളെ പ്രാചീനകാല ചമ്പുക്കളെന്നും മധ്യകാല ചമ്പുക്കളെന്നും രണ്ടായി തിരിച്ചിട്ടുണ്ട്.
ത്രിവിക്രമഭട്ടന്റെ നളചമ്പുവാണ് സംസ്കൃതത്തിലുണ്ടായ ആദ്യ ചമ്പുകാവ്യം. ഭോജരാജാവിന്റെ രാമായണം ചമ്പുവാണ് മറ്റൊരു പ്രധാന കൃതി. പന്ത്രണ്ടാം നൂറ്റാണ്ടിനുശേഷമാണ് മലയാളത്തിലേക്ക് ചമ്പു രംഗപ്രവേശനം ചെയ്തത്. കേരളീയ സംസ്കൃത ചമ്പുക്കളിൽ ആദ്യത്തേത് ദിവാകരൻ എഴുതിയ 'അമോഘരാഘവ'മാണ്. ദേവൻ ശ്രീകുമാരൻ രചിച്ച ഉണ്ണിയച്ചീ ചരിതമാണ് മലയാളത്തിലുണ്ടായ ആദ്യത്തെ ചമ്പുകാവ്യം. കൂടാതെ ഉണ്ണിച്ചിരുതേവി ചരിതം (അജ്ഞാത കർതൃത്വം), ഉണ്ണിയാടി ചരിതം (ദാമോദര ചാക്യാർ), ചെറിയച്ചി, മല്ലീനിലാവ്, ഉത്തരാചന്ദ്രിക, കൗണോത്തര, തയ്യിൽ ഇളയച്ചീ, ഇട്ടിയച്ചി തുടങ്ങി ഗണികാ വർണ്ണനാ പ്രധാനമായ ഒട്ടേറെ ലഘു മണിപ്രവാള കാവ്യങ്ങൾ കേരളത്തിലുണ്ടായിട്ടുണ്ട്.

**മധ്യകാല ചമ്പുക്കൾ**

പ്രാചീന ചമ്പുക്കളിലെയും മധ്യകാല ചമ്പുക്കളിലെയും പ്രമേയങ്ങൾ തമ്മിൽ വലിയ അന്തരമുണ്ട്. പ്രാചീന ചമ്പുക്കളിലെ അച്ചി ചരിതങ്ങൾ 'മഹിളാളി മഹാസ്പദ'യായ മണിപ്രവാള കാവ്യങ്ങളാണെങ്കിൽ മധ്യകാല ചമ്പുക്കൾ പുരാണേതിഹാസ കേന്ദ്രിതമാണ്. പുരാണേതര വിഷയങ്ങൾ അടിസ്ഥാനമാക്കിയുള്ള ചമ്പുക്കളും ഇക്കാലത്താണ് ഉണ്ടായിട്ടുള്ളത്. മധ്യകാല ചമ്പുക്കളിൽ പ്രാചീനത കൊണ്ടും വലുപ്പം കൊണ്ടും പ്രഥമ സ്ഥാനത്ത് പരിലസിക്കുന്നത് പുനം നമ്പൂതിരിയുടെ രാമായണം ചമ്പുവാണ്. രാവണോത്സവം മുതൽ ശ്രീരാമാദികളുടെ സ്വർഗ്ഗാരോഹണം വരെയുള്ള രാമായണത്തിലെ എല്ലാ കഥകളും അതിൽ പ്രതിപാദിച്ചിട്ടുണ്ട്. പുനം നമ്പൂതിരിയുടെ കൃതിയാണെന്ന് കരുതി വരുന്ന ഭാരതം ചമ്പുവും, മഴമംഗലത്തിന്റെ നൈഷധം ചമ്പുവുമാണ് ഈ പ്രസ്ഥാനത്തിലെ മറ്റു പ്രധാന കൃതികൾ. പുരാണേതര വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ചമ്പുക്കളാണ് രാജരത്നാവലിയം, കൊടിയവിരഹം, തെങ്കലനാഥോദയം, ചെല്ലൂർ നാഥോദയം, നാരായണീയം എന്നിവ.

**പ്രാചീന ചമ്പുക്കളും മധ്യകാല ചമ്പുക്കളും തമ്മിലുള്ള പ്രധാന വ്യത്യാസങ്ങൾ**

- പ്രാചീന ചമ്പുക്കളിൽ ഗണികാജീവിതത്തെ രേഖപ്പെടുത്തിയെങ്കിൽ മധ്യകാല ചമ്പുക്കളിൽ പുരാണ കഥകളുടെ പുനരാഖ്യാനത്തിനാണ് പ്രാധാന്യം നൽകിയത്.
- മധ്യകാല ചമ്പുക്കളിൽ സംസ്കൃത പ്രചുരമായ യോഗത്തിനാണ് പ്രാധാന്യം നല്കിയത്. എന്നാൽ പ്രാചീന ചമ്പുക്കൾ ഉത്തമ മണിപ്രവാളത്തിൽ പറയുന്ന ഭാഷാക്രമമാണ് സ്വീകരിച്ചത്.
- മറ്റൊരു വ്യത്യാസം രംഗപ്രയോഗവുമായി ബന്ധപ്പെട്ടതാണ്. മധ്യകാല ചമ്പുക്കളിൽ ഇതര സംസ്കൃത കൃതികളിൽനിന്ന് സന്ദർഭാനുസാരം എടുത്തു ചേർത്ത ശ്ലോകങ്ങളും ഗദ്യങ്ങളും ധാരാളമുണ്ട്. ഈ അനുഗ്രന്ഥ സ്വീകരണം പ്രാചീന ചമ്പുക്കളിൽ ഇല്ല.
- ഇരുവിഭാഗം ചമ്പുക്കളിലും വർണ്ണനകൾക്ക് ഗദ്യമാണ് ഉപയോഗിക്കുന്നത്. സ്ഥലകാലങ്ങൾ മറന്നുള്ള വർണ്ണനാ താൽപര്യം മധ്യകാല ചമ്പുകാരന്മാരിൽ കാണാം. ഈ പ്രവണത പ്രാചീന ചമ്പു കർത്താക്കൾക്കില്ല

**രാമചരിതം**

പാട്ടു സാഹിത്യത്തിന്റെ സർവ്വ ലക്ഷണങ്ങളും തികഞ്ഞ കൃതിയായിട്ടാണ് രാമചരിതം കണക്കാക്കപ്പെടുന്നത്. മലയാള ഭാഷയിലെ ഏറ്റവും പ്രാചീനമായ കൃതിയാണിതെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. രാമചരിതത്തിന്റെ കർത്താവ്, കാലം തുടങ്ങിയ കാര്യങ്ങളിൽ പണ്ഡിതർക്കിടയിൽ അഭി

പ്രായൈക്യം ഇല്ല. ചീരാമൻ എന്നാണ് കവിയുടെ പേര് എന്നതിന് കൃതിയിൽ ആന്തരികമായ തെളിവുകളുണ്ട്. രാമചരിത രചയിതാവ് തിരുവിതാംകൂറിലെ ഒരു രാജാവാണെന്ന് കോവുണ്ണി നെടുങ്ങാടി അഭിപ്രായപ്പെടുന്നു. ക്രിസ്തുവർഷം 1195–1208 വരെ തിരുവിതാംകോടു ഭരിച്ചിരുന്ന ശ്രീ വീരരാമ വർമ്മയാണ് ഇദ്ദേഹം എന്ന് മഹാകവി ഉള്ളൂർ അഭിപ്രായപ്പെടുന്നു.
രാമചരിതകാരൻ വാല്മീകി രാമായണത്തെ ആദ്യന്തം ഉപജീവിച്ചുകൊണ്ട് യുദ്ധകാണ്ഡത്തിലെ കഥയാണ് ഈ കൃതിയിൽ സംക്ഷേപിക്കുന്നത്. യുദ്ധവർണ്ണനയ്ക്കാണ് അമിത പ്രാധാന്യം നൽകിയിരിക്കുന്നത്. ഊഴിയിൽ ചെറിയവരായ ഭടജനങ്ങൾക്ക് പ്രചോദനം നൽകുന്നതിനായി രചിക്കപ്പെട്ടതായി പറയപ്പെടുന്ന ഈ കാവ്യത്തിലെ അംഗിയായ രസം വീരമാണ്. 1814 പാട്ടുകളാണ് അടങ്ങിയിരിക്കുന്നു. പ്രായേണ 11 പാട്ടുകൾ ചേർന്ന പടലങ്ങളായി കാവ്യം വിഭജിക്കപ്പെട്ടിരിക്കുന്നു. രാമചരിതത്തിന്റെ രചനാകാലം കൊല്ലം അഞ്ചാം ശതകത്തിന്റെ (ക്രി.വ. 13–ാം ശതകം) അവസാനമാണെന്ന് ഏ. ആറും ക്രി.വ. 12–ാം ശതകമാണെന്ന് ഉള്ളൂരും അഭിപ്രായപ്പെടുന്നു.
രാമചരിതം കണ്ടെത്തിയത് ജർമ്മൻ മിഷനറിയും പ്രശസ്ത ഭാഷാ പണ്ഡിതനുമായ ഡോ. ഹെർമ്മൻ ഗുണ്ടർട്ടാണ്. അദ്ദേഹം തയ്യാറാക്കിയ 'മലയാളം നിഘണ്ടു'വിന്റെ മുഖവുരയിൽ മലയാളത്തിലെ ആദ്യത്തെ കൃതിയാണ് 'രാമചരിത'മെന്ന് വ്യക്തമാക്കിയിട്ടുണ്ട്. രാമചരിതത്തിന്റെ താളിയോലപ്പകർപ്പുകൾ ഉത്തരകേരളത്തിൽ നിന്നും കണ്ടുകിട്ടിയിട്ടുണ്ട്. ഇതിൽനിന്ന് ഈ കാവ്യത്തിന് കേരളത്തിലങ്ങോളമിങ്ങോളം പ്രചാരമുണ്ടായിരുന്നുവെന്നു വ്യക്തം. ഈ കൃതി ഉത്തര കേരളത്തിലെ മണിയാണി നായന്മാർക്കിടയിൽ വളരെ പ്രചാരമുള്ള ഒന്നാണെന്നും അവരുടെ ഗൃഹങ്ങളിൽ വച്ചു പൂജിക്കപ്പെടുന്നുണ്ടെന്നും ശ്രീ. കൃഷ്ണൻനായർ സൂചിപ്പിക്കുന്നു.

**രാമചരിതത്തിലെ ഭാഷ**

രാമചരിതത്തിലെ ഭാഷ അക്കാലത്തെ കേരള ഭാഷയുടെ നേർപ്പകർപ്പാണെന്നും അല്ലെന്നും രണ്ടഭിപ്രായമുണ്ട്. മലയാളത്തിന്റെ പ്രാകൃതമായ രൂപത്തെ പ്രദർശിപ്പിക്കുന്ന ഭാഷയാണെന്ന് ഗുണ്ടർട്ട് അഭിപ്രായപ്പെടുന്നു. ഡോ. കാൽഡ്വൽ, പി. ഗോവിന്ദപ്പിള്ള തുടങ്ങിയവർ ഈ അഭിപ്രായം അംഗീകരിച്ചു. മലയാളം തമിഴിൽ നിന്ന് ഒരു പ്രത്യേക ഭാഷയായി പിരിഞ്ഞുപോന്ന ഘട്ടത്തെ പ്രതിഫലിപ്പിക്കുന്ന കൃതിയാണ് രാമചരിതമെന്ന് ഉള്ളൂർ അഭിപ്രായപ്പെടുന്നു. ഇങ്ങനെ പ്രാചീന മലയാളമാണ് രാമചരിതത്തിലെ ഭാഷ എന്ന അർത്ഥം വരുന്ന വാദങ്ങൾ അടിസ്ഥാനരഹിതങ്ങളാണെന്ന് പിന്നീടുള്ള ഗവേഷണങ്ങളിൽ നിന്ന് തെളിഞ്ഞിട്ടുണ്ട്. ഒരു ദ്വിഭാഷാ പ്രദേശത്തുനിന്നും ഉണ്ടായ കൃതിയാകയാൽ രാമചരിതത്തിലെ ഭാഷ തമിഴ് മലയാള മിശ്രമാണെന്നാണ് ആറ്റൂർ, നാരായണപ്പണിക്കർ, ഡോ. ചേലനാട്ട് അച്യുതമേനോൻ, ഡോ. ഗോദവർമ്മ എന്നിവരുടെ അഭിപ്രായം. മിശ്രഭാഷ എന്ന സങ്കല്പത്തെ അംഗീകരിക്കുന്നുണ്ടെങ്കിലും അതൊരു സ്വാഭാവിക മിശ്രമല്ല സാഹിത്യ രചനയ്ക്കായി സ്വീകരിച്ച കൃത്രിമ മിശ്രഭാഷയാണ് എന്ന ഡോ. കെ.എം. ജോർജ്ജിന്റെ അഭിപ്രായമാണ് കൂടുതൽ സ്വീകാര്യമായിട്ടുള്ളത്. രാമചരിതത്തിലെ ഭാഷയിൽ തമിഴിന്റെയും മലയാളത്തിന്റെയും പദങ്ങൾ മാത്രമല്ല, വ്യാകരണ വ്യവസ്ഥകളും കലർത്തിയിരിക്കുന്നതിനാലാണ് അദ്ദേഹം 'കൃത്രിമമിശ്രം' എന്ന് ഉറപ്പിച്ച് പറയുന്നത്.

**രാമചരിതം – പത്താം പടലം.**

"പരവൈയും കടന്തു വന്ത പടൈയുടെ പെരുപ്പം കണ്ടു
വിരവിൽ വന്തുരപ്പിനെൻറു മികുതിചേർന്തരക്കൻ ചൊല്ല
അരിവരരുരുവു കൈക്കൊണ്ടതിൽ ചുകചാരണന്മാർ
തരമെഴ നടക്കക്കണ്ടു തടുത്തനനിലങ്കവേന്തൻ."
(സമുദ്രവും കടന്നുവന്ന പടയുടെ പെരുപ്പം കണ്ട് = ഗ്രഹിച്ച് വേഗം വന്നു പറയുവിൻ എന്നു മികുതി ചേർന്ന = ശ്രേഷ്ഠനായ രാവണൻ ചൊല്ലിയതനുസരിച്ച് കപിവരൻമാരുടെ രൂപം പൂണ്ട് ശുകസാരണന്മാർ അതിൽ = പടയിൽ തരമെഴ = കൂട്ടുചേർന്നു നടക്കുന്നതു കണ്ടു വിഭീഷണൻ തടഞ്ഞു.)
"വേന്തർകോൻ മന്നിലിട്ടാർ കവിവീരർ വിരവിലൊക്ക–

പ്പായ്ന്തുടൻ പിടിത്തടിത്തു പതങ്കളും കൈയുംകെട്ടി
ചാന്തരായ് ചൊന്നണക്കത ഞാങ്ങൾ തചമുകൻ ചൊല്ലാൽ മെല്ല–
പ്പോന്തുവൻപടയെക്കാണ്മാൻ പകുന്തിതിത്തറയിലെന്റേ.''

(കപിവീരർ, ഒക്ക=എല്ലാം ഉടൻ പറഞ്ഞു പിടിച്ചടിച്ചു പദങ്ങളും കൈയും കെട്ടി (അവരെ) രാമന്റെ മുമ്പിൽ ഇട്ടു. (പരിഭ്രമം തീർന്നു) ശാന്തരായി അവർ പറഞ്ഞു: "ഞങ്ങൾ രാവണന്റെ വാക്കനുസരിച്ചു വൻപടയെ കണ്ടു മനസ്സിലാക്കാൻ ഈ പാളയത്തിൽ പോന്തു പുകുന്തിതു=വന്നുകേറി എന്ന്– തറ= സൈന്യം തങ്ങുന്നിടം, പാളയം.)

"എൻറവരുത്തെനേരം എങ്കചന്റ കെട്ടഴിക്ക കാൺക–
യിൻറു നം പടയെയെങ്കുമിതമെഴയിടയിടാതെ
എൻറു കാകുത്തൻചൊൽ കേട്ടെങ്കും പോയ് നടന്തു കണ്ടു
ചെൻറു കൈതൊഴുതു ചൊന്നാർ തിറവിയ പടൈപ്പെരുപ്പം."

എന്ന് അവർ പറഞ്ഞപ്പോൾ എങ്കിൽ കെട്ടഴിക്ക നം;=നമ്മുടെ പടഎങ്കും= എല്ലാഭാഗത്തും ഇഷ്ടം പോലെ ഇടയിടാതെ=തടസ്സം കൂടാതെ, ഇടയിൽ വിടാതെ ഇൻറു കാൺക=ഇപ്പോൾ കണ്ടുകൊള്ളട്ടെ എന്നു രാമൻ പറഞ്ഞപ്പോൾ എല്ലായിടത്തും നടന്നു കണ്ടു മനസ്സിലാക്കി മടങ്ങിച്ചെന്നു കൈകൂപ്പി തിറവിയ=മേന്മയാർന്ന,സുശക്തമായ പടയുടെ വലുപ്പം ചൊന്നു.

"പടയുടെ പെരിപ്പമിപ്പോൾ പണിപെടുമുള്ളവണ്ണം
ഇടയിടതെയുരപ്പാനെങ്കിലുമിത ചൊല്ലിൻേറാം;
കടലുമേഴ് മലയും പാരും കകനവും വനവുമെങ്കും
ഇടതൂർന്തവർകളാലേ നിറഞ്ഞിതിൻറിലങ്കമന്നാ."

(ലങ്കാധിപാ, ഇപ്പോൾ പടയുടെ ആധിക്യം ഉള്ളവണ്ണം ഇടയിടാതെ=ഇടയിൽ ഒന്നും വിട്ടുകളയാതെ ഉരയ്ക്കാൻ പണിപെടും=പ്രയാസമാണ്. എങ്കിലും ഇത=ഇതാ ഞങ്ങൾ ചൊല്ലുന്നു. കടലും കുല പർവ്വതങ്ങളും ഭൂമിയും ആകാശവും കാടുകളും എങ്കും=എല്ലായിടവും ഇടതൂർന്നും=ഇടയില്ലാതെ അവരാൽ നിറഞ്ഞു.)

"മന്നാ, കേട്ടരുൾനീയിന്നും, വാനിട വാൽ നിറുത്തി–
ത്തന്നോടൊത്തിരുന്ത വീരർ ചരുകോടിപ്പടയും ചുഴ,
മിന്നോടു തരമായ്ത്തോൻറും മെയ്നിറമുടയോനെക്കാൺ
മന്നോർകോൻ വലത്തുപാകും മൈന്തനെൻറവനു നാമം."

(മന്നാ, നീ ഇനിയും കേട്ടാലും; തന്നോടൊത്തിരുന്ത=തന്നോടൊത്ത, വീരന്മാർ ചേർന്ന നൂറുകോടിപ്പടയും ചൂഴ്ന്നു= ചുറ്റിലുമായി വാനിടൈ=ആകാശത്തിന്റെ വാൽ ഉയർത്തി മിന്നലിനോട് ഒപ്പമായി ത്തോന്നുന്ന ശരീരകാന്തിയുള്ളവനെ രാമന്റെ വലത്തുഭാഗത്തു കാൺക; മൈന്ദനെന്നാണ് അവന്റെ പേർ.)

"അവനുടെ വലത്തുനിൻറതണിപുകഴ്താരനെന്മോൻ,
ചിവനൊടുമടൽകിടൈക്കാം ചീർമചേർകരങ്കളുള്ളോൻ,
ചുവടൊൻറായ് നിൻറ വീരൻ തുമ്മിരനെന്മോൻ, പോരിൽ
അവനൊടൊപ്പവരില്ലാരും അരികളിലുരൈപ്പേടത്തും."

(അവന്റെ വലത്തു നിന്നതു=നില്ക്കുന്നത് അണി പുകഴ് = പുകഴുറ്റ താരൻ എന്നവൻ, ശിവനോടും അടൽ കിടൈക്കാം= ശിവനോടും പോരിൽ എതിരിടാൻ കഴിയുന്നവൻ വൈശിഷ്ട്യം ചേർന്ന കരങ്ങളോടുകൂടിയവനാണ്; ചുവട് = പാദങ്ങൾ ഒൻറായ്=ചാരെചേർത്തു നിൻറ= നിൽക്കുന്ന വീരൻ തുമ്മീരനയനൻ (ധ്രുമൻ എന്നു പാഠഭേദമുണ്ട്) എന്നവൻ, അരികളിൽ ഉരപ്പേടത്തു=കപികളുടെ കൂട്ടത്തിൽ പറഞ്ഞാൽ പോരിൽ അവനു തുല്യർ ആരുമില്ല.)

"ഉരൈക്കുമേടത്തുമെല്ലാം ഒളികിളർ മുച്ചൊൽകൈക്കൊ–
ണ്ടിരിപ്പവൻ ചാമ്പവാനെൻറിടത്തുനിൻറവനു നാമം;
കരുത്തുചേരമ്പനെന്മോൻ കവിവരനവനും പിന്നെ–
യുരൈപ്പെഴും പടൈക്കുവേന്തനൊളികൊൾ തന്നാതനൻ കാൺ."

(ജാംബവാൻ എന്ന് ഇടത്തുനിന്നവനു പേര് സംസാരിക്കുമ്പോഴെല്ലാം ഒളി കിളർ=വൈശിഷ്ട്യമേറിയ മുച്ചൊൽ കൈക്കൊണ്ടിരിക്കുന്നു അവൻ; കരുത്തുറ്റ അരമ്പൻ(രംഭൻ) എന്മോൻ കപിവരനും=എന്ന കപിവരനും പിന്നെ= കൂടാതെ, ഉരൈപ്പ് എഴും= വലിയ ശബ്ദം ഉള്ള പടയ്ക്കുവേന്തൻ= പടനായകൻ ഒളി കൊൾ = പുകഴാർന്ന സന്നാദനനും.)

"ഒളികൊൾ തന്നാതനൻ കൈ ഒരു കൈയാൽ പിടിത്തു ചെമ്പൊ–
രറളിരൊളിക്കിളമനല്കും ചാരുമെയ്യുടയോനാകി
കിളർമുടിച്ചുടർ വിളങ്കും കിരോതനനെൻറു പേരാം
ഒളർകവിവീരവീരൻ പിന്നെ നിൻറവൻ മാറ്റാർകൂറ്റം."

(പുകഴ്പെററ സനാദനന്റെ കൈ ഒരു കൈയാൽ പിടിച്ച് ചെമ്പൊൽ തളിരൊളിക്കു ഇളമ(താഴ്ച) വരുത്തുന്ന ചാരുമെയ്ക്ക് ഉടയവനായി കിളർമുടിച്ചുടർ = തഴച്ചുവളർന്ന മുടിയുടെ പ്രഭ വിളങ്ങുന്ന കിരോതനൻ =ക്രോധനൻ എന്നു പേരുള്ള മാറ്റാർകൂറ്റം=ശത്രുക്കൾക്കു കാലനായ വളർ = വലിയ, ശ്രേഷ്ഠനായ കപിവരനാണ്.)

"കൂററത്തെപ്പോലും മാററും കൊടുമ കൈക്കൊണ്ടും മാററാർ
തോററു കൈവണങ്കും വൻപും തുടർ പിരമാതിയെന്മോൻ
കാററിനെ വേവകംകൊണ്ടു കടപ്പവൻ നിൻറതങ്ക;
തോററമെന്തറിയവല്ലേൻ തുടർന്തവൻ പടയെയെങ്കും."

(കാലനെപ്പോലും മാറ്റും= കൊല്ലാൻ കഴിയുന്ന വീര്യം കൈകൊണ്ട്, ശത്രുക്കൾ തോറ്റും കൈവണങ്ങും വമ്പു തുടർ = വമ്പും തുടരും(ഏറും) കാറ്റിനെ വേഗംകൊണ്ട് കടവനപ്പവനായി അങ്ങു നിന്റതു പ്രമാഥി(പർവതാകാരനായ പ്രമാഥി) എന്നവൻ; പടയെ=യുദ്ധത്തെ എങ്കും= എവിടയെും, തുടർന്ത = തുടരുന്ന അവൻ തോറ്റം = എന്തറിയവല്ലേൻ =അവന്റെ രൂപം എങ്ങനെ എന്ന് എനിക്ക് അറിയില്ല.)

"പടയുമായവനടുത്തു പരന്തവൻ കെവാക്കനെന്മോൻ,
കൊടുമചേർ കെചൻ മറ്റവൻ, കൂടവേ കെവയൻ പിന്നെ
വടിവെഴും ചരവൻ, കെന്തമാതനനടുത്തു നിൻറ–
തു,ടനേ കേതരിയെൻപോൻ, ചൊല്ലുയർ ചതവലി പിന്നേവൻ."

(പടയുമായി അവന്റെ അടുത്ത് നചന്റക്കുന്നത് ശത്രുക്കളെ തപിപ്പിക്കുന്ന ഗവാക്ഷൻ എന്നവൻ; വീരനായ ഗജൻ ആണ് മറ്റവൻ; കെവയനും (ഗവയൻ) ഉണ്ട്. പിന്നെ അഴകാർന്ന ശരഭൻ; ഗന്ധമാദനൻ അടുത്ത് നില്ക്കുന്നത്. ഉടനേ = കൂടെ കേസരി എന്നവൻ, പുകഴാർന്ന ശതബലി പിന്നെത്തവൻ.)

"ചതവലിക്കിടത്തടുത്തു തടുപ്പാനെന്നുടക്കുവോർക്കു,
മതകരിക്കൂട്ടങ്കൾക്കു മറുവറും ചിങ്കമെന്ന,
മതികെട വെലമിണങ്കും വളർനളൻ, നീലൻ മറ്റേ–
തെ,തിരിടും മാറ്റാർകൂറ്റമെന്റിറികവനെയയ്യാ."

(ശതബലിക്കടുത്ത് ഇടതുഭാഗത്തു (നില്ക്കുന്നത്) എതിരിടാനെന്നു പറഞ്ഞു ഉടക്കുന്നഒക്കക്കഴ= ഒരുമ്പെടുക്കുന്നവർക്കു, മദയാനക്കൂട്ടങ്ങൾക്കു മറുവറും = കുറ്റമില്ലാത്ത സിംഹംപോലെ മതികെട = ബുദ്ധി നശിക്കുമാറ് (ഉടക്കുന്നവർക്ക് ബോധക്ഷയ വരുമാറ്) ബലമുള്ള വളർ = ശ്രേഷ്ഠനായ നളൻ ആണ്. മറ്റേത് നീലൻ എതിർക്കുന്ന ശത്രുക്കൾക്കു കൂറ്റം(കാലൻ) എന്നാണ് അവൻ അറിയപ്പെടുന്നത്)

ഉണ്ണുനീലി സന്ദേശം

" 'ഉണ്ണിയച്ചീചരിതം' മുതൽ 'ചന്ദ്രോത്സവം' വരെ നീണ്ടുകിടക്കുന്ന മണിപ്രവാളമാലയുടെ മധ്യമണി എന്നു പറയത്തക്കവണ്ണം വിശിഷ്ടമായ ഒരു കാവ്യമാണ് ഉണ്ണുനീലി സന്ദേശം." എന്ന് പ്രൊഫ. ഇളംകുളം കുഞ്ഞൻപിള്ള അഭിപ്രായപ്പെടുന്നു. 1078 തുലാമാസത്തിൽ പ്രസിദ്ധം ചെയ്ത 'രണ്ടു സന്ദേശകാവ്യങ്ങൾ' എന്ന ഗ്രന്ഥത്തിന്റെ അവതാരികയിൽ ടി.കെ.കൃഷ്ണമേനോൻ മൂന്ന് പദ്യങ്ങൾ ഉദ്ധരിച്ചിട്ടുള്ളതാണ് ഈ ഗ്രന്ഥത്തെ പറ്റിയുള്ള ആദ്യത്തെ പരാമർശം. തുടർന്ന് 1081 – ൽ

'രസികരഞ്ജിനി' യിൽ കാവ്യം ഗ്രന്ഥം പൂർണ്ണമായും കുഞ്ഞിക്കുട്ടൻ തമ്പുരാൻ പ്രസിദ്ധീകരിച്ചു.

കൊല്ലവർഷം 525–നും 540–നും ഇടയ്ക്കുള്ള കാലം എന്ന് ചരിത്രരേഖകൾ അടിസ്ഥാനമാക്കി ഇളംകുളം വ്യക്തമാക്കിയിട്ടുണ്ട്. ഉള്ളൂർ കൊല്ലവർഷം 490 രചനാകാലമായി കണക്കാക്കുന്നു. കർത്താവിനെക്കുറിച്ച് കൃത്യമായ സൂചനകളില്ല. കാവ്യാരംഭത്തിലും കാവ്യത്തിലുടനീളം പ്രസരിക്കുന്ന ശിവമാഹാത്മ്യപ്രകീർത്തനം കവി ഒരു ശിവഭക്തനായിരുന്നുവെന്ന നിഗമനത്തിലേക്ക് നയിക്കുന്നു. കവി കേരളപ്രദേശങ്ങൾ നേരിൽക്കണ്ടറിഞ്ഞവനും ബഹുഭാഷാപണ്ഡിതനും സംഗീതാദികലകളിൽ നിപുണനുമാണെന്ന് ഈ സന്ദേശകാവ്യം സാക്ഷ്യപ്പെടുത്തുന്നു. കവിയും നായകനും ഒരാൾ തന്നെയാകാമെന്ന് ഉള്ളൂർ സമർത്ഥിക്കുന്നു.

വൈക്കം ദേശത്തിലെ കടുത്തുരുത്തിയിലുള്ള മുണ്ടയ്ക്കൽ ഭവനത്തിൽ താമസിക്കുന്ന ഉണ്ണുനീലിയാണ് നായിക. ഉർവശിയുടെ വംശത്തിൽ ജനിച്ച അവൾ ഒരു ദേവദാസിയായിരിക്കണം. ഉണ്ണുനീലിയോടൊപ്പം ഭവനത്തിൽ ഉറങ്ങിക്കിടന്ന നായകനെ ആകാശചാരിയായ ഒരു യക്ഷി എടുത്തുകൊണ്ടുപോകുന്നു. മാർഗ്ഗമധ്യേ കണ്ണുതുറന്ന നായകൻ നരസിംഹമന്ത്രം ജപിച്ച് യക്ഷിയിൽ നിന്നും രക്ഷപ്പെടുന്നു. ശ്രീ പത്മനാഭസ്വാമിക്ഷേത്രത്തിനരികെ വന്നുചേർന്ന നായകൻ അവിടെവെച്ച് ആദിത്യവർമ്മയെ കണ്ടുമുട്ടുകയും അദ്ദേഹത്തെ സന്ദേശഹരനാക്കി നായികയ്ക്ക് സന്ദേശം അയയ്ക്കുന്നതുമാണ് ഇതിവൃത്തം. ചരിത്രപരമായും ഭൂമിശാസ്ത്രപരമായും സാമൂഹികപരമായും വളരെ പ്രാധാന്യം അർഹിക്കുന്ന ഒരു കൃതിയാണിത്. 'മുണ്ടയ്ക്കൽ സന്ദേശം ഒരു മുഴുത്ത ചിരി' എന്നൊരഭിപ്രായം കുട്ടികൃഷ്ണമാരാർ പറഞ്ഞെങ്കിലും ഇതിന് വലിയ സ്വീകാര്യത ലഭിച്ചില്ല.

ഉണ്ണുനീലി സന്ദേശം - (ആദ്യത്തെ പത്തു ശ്ലോകങ്ങൾ)

"തണ്ടാർമാതാണ്ടഴകുപൊഴിയും മിക്ക മുണ്ടെക്കൽ മേവും
വണ്ടാർ കോലക്കുഴലികൾശിഖാമുണ്ണുനീലിമുദാരാം
കൊണ്ടാടിക്കൊണ്ടരുണ മണിവാ കൊണ്ടുകൊണ്ടത്തരാഗം
പണ്ടേപ്പോലെ പരമനുഭവം കോപി കാമീ ജഗാമ".

(തണ്ടാർമാതു=ലക്ഷ്മി,വണ്ടാർ=വണ്ടൊത്ത,അരുണം=ചുവന്ന, മണി=മാണിക്യം,വാ=ചുണ്ട്, ആത്തരാഗം=പ്രേമവായ്പോടുകൂടി, പണ്ടേപ്പോലെ= പതിവുപോലെ, കോപി= ഒരു, കാമി=കാമുകൻ, ജഗാമ= പ്രാപിച്ചു.)

"വക്ഷോദേശേ സുരതകലഹവ്യാകുലാം താം വഹന്തം
യക്ഷീകാവിൽ പുനരമുമുറങ്ങിന്റ നേരം നിനായ
ദക്ഷാചാലച്ചതിയിൽ മദനോന്മാദിനീ ദക്ഷിണാശാം
രക്ഷോരാജന്നിളയസഹജാ ലക്ഷ്മണം രാക്ഷസീവ."

(വക്ഷോദേശേ=മാറിടത്തിൽ,സുരതകലഹവ്യാകുലം=കാമകേളികൊണ്ട് പരവശയായ, താം=അവളെ,വഹന്തം=വഹിക്കുന്ന,ഉറങ്ങിന്റനേരം=ഉറങ്ങുന്നനേരം, മദനോൻമാദിനീ=കാമാർത്തയായ, ദക്ഷാ=സമർത്ഥയായ,ചാലച്ചതി=കൊടുചതി, നിനായ=കൊണ്ടുപോയി, രക്ഷോരാജന്നിളയസഹജാ=രാക്ഷസരാജാവായ രാവണന്റെ ഇളയസഹോദരി.)

"സ്യാനന്ദൂരേ ബത പുരവരേ ചെന്റനേരത്തുണർന്നാ–
നാനന്ദത്തോടിഹ വിരഹിതോ വേറിരിന്നുണ്ണിനീലീം
ശോകോന്മാദം മനസി കനമുണ്ടാകിലും മന്ത്രശക്ത്യാ
മുക്തോ ദൈവാൽ പുനരവളുടേ കയ്യിൽ നിന്റേഷകാമി."

(സ്യാനന്ദൂരേ പുരവരേ=തിരുവനന്തപുരം പട്ടണത്തിൽ,ചെന്റനേരം=ചെന്നനേരം, ഇഹ=ഇവിടെ, ആനന്ദത്തോടു വിരഹിത=ആനന്ദമറ്റവനായി, കനം= അധികമായി,ഏഷകാമിം=ഈ കാമി,മുക്ത=രക്ഷപ്രാപിച്ചു.)

"അല്ലിത്താമാതണയ മരുവും പത്മനാഭന്നുപാന്തേ
മെല്ലെത്താണ്ണങ്ങവനവനിയിൽ പയ്യവേ ചെന്റിരുന്നാൻ

അല്ലൽപ്പെട്ടാൻ നിജസഹചരീം വേറിരുന്നേറ്റമേറ്റാൻ
മുല്ലപ്പൂവിൻ പരിമളമെഴും തെന്റൽ തീയെന്റെപോലെ”

(അല്ലിത്താർമാത്=ലക്ഷമീഭഗവതി, അണയ= സമീപത്ത്, മരുവും= വസിക്കുന്നു, ഉപാന്തേ=സമീപത്തായി, ചെന്റിരുന്നാൻ= ചെന്നിരുന്നു, നചുസഹജരീ= തന്റെ പത്നിയെ, വേറിരുന്ന്=വേർപിരിഞ്ഞ്, ഏറ്റം=വളരെ, തെന്റെൽ=ഇളംകാറ്റ്, തീയെന്റെപോലെ=തീയെന്നപോലെ.)

“അമ്മേ ദേശം പുനരിവിടമേതേതു നാടെന്റുമെല്ലാം
ദിങ്മോഹാർത്തം പുനരവനുടേ ചിത്തമുന്മീലയന്ത്യ
നൻമയ്ക്കായ് നീ നിഖിലജഗതാം, പത്മനാഭ! മുരാരേ!
ചിമ്മീടാതേ തിരുനയനമെന്റുൽഗതാ വന്ദിവാചഃ”

(പുനഃ= ഇനി, ഇവിടം ഏത്=ഈ സ്ഥലമേതാവാം, എന്റുമെല്ലാം= എന്നെല്ലാം, ദിങ്മോഹാർത്ഥം= ദിഗ്ഭ്രമത്താൽ വിഷമിക്കുന്ന,അവനുടെ=അവന്റെ, ചിത്തം=മനസ്സിനെ, ഉൻമൂലയന്ത്യ=ഉൻമൂലനം ചെയ്യുന്നതിനായി, നിഖിലജഗതം= എല്ലാലോകങ്ങളുടയെും, തിരുനയനം ചിമ്മിടാതെ= തൃക്കണ്ണ് അടയ്ക്കാതിരുന്നാലും, എന്റ് =എന്ന്, വന്ദിവാച=വന്ദിജനങ്ങളുടെ=(ഭക്തരുടെ) വാക്കുകൾ, ഉദ്ഗതാ= പുറപ്പെട്ടു.)

“കാളംപോലേ കുസുമധനുഷോ, ഹന്ത! പൂങ്കോഴികൂകീ
ചോളംപോലേ ചിതറിവിളറീതാരകാണാം നികായം
താളംപോലേ പുലരിവനിതയ്ക്കാഗതൗചന്ദ്രസൂര്യൗഃ
നാളംപോലേ നളിനകുഹരാദുദ്ഗദാ ഭൃംഗരാജിഃ

(ഹന്ത!=വ്യക്ഷേപകശബ്ദം, കുസുമധനുഷ:=പുഷ്പബാണന്റെ, കാളം പോലെ=കാഹളം വിളിപോലെ, പൂങ്കോഴി=പൂവൻ കോഴി, താരകാണം=താരങ്ങളുടെ നികായം=കൂട്ടം, ചോളംപോലേ=ചോളപ്പൊരിപോലെ, ചിതറിവിതറി=വിളർപ്പുനിറമായ്ത്തീർന്നു,പുലരിവനിതയ്ക്ക്=പ്രഭാതമാകുന്ന വനിതയ്ക്ക് താളംപോലെ=കൈമണികളോ എന്നുതോന്നുമാറ്, ആഗതൗ=ആഗതൻമാരായി, ഭൃംഗരാജി=വണ്ടിൻ കൂട്ടം, നാളംപോലെ = ദീപജ്വാലയ്ക്ക് അടുത്തുകാണുന്ന ധൂമം പോലെ, നളിനകുഹരാത്=താമരപ്പൂക്കളുടെ ഉള്ളിൽനിന്ന്, ഉദ്ഗതാ=മേലോട്ടുവന്നു തുടങ്ങി.)

“നീലക്കുന്റിൻ മണിമകുടവദ്ദൃശ്യതേ ഭാനുബിംബം
ചാലത്താണു കടലിലണിവെണ്ടിങ്കൾ നാലൊന്റുപോരാ
*കാലത്തെയ്തും വെയിലെറുകയിൽപ്പെട്ടു പാടിന്റതും കേൾ
വേലപ്പെണ്ണിൻ മുലയിലിതമുറ്റമ്പുമെൻ തമ്പിരാനെ!”

(*പാഠഭേദം= കാലത്തെ നീ തുയിലെഴു കുയിൽപ്പേട പാടുന്നതുകേൾ)

(നീലകുന്റിൻ=നീലമലയുടെ, മണിമകുടവത്=രത്നകിരീടംപോലെ, ഭാനുബിംബം=ആദിത്യബിംബം, ദൃശ്യതേ=കാണപ്പെട്ടുന്നു, അണിവെണ്ടികൾ=ഭംഗിയുള്ള ചന്ദ്രൻ, ചാല=പൂർണ്ണമായി, നാലെന്റു=നാലിലൊരുഭാഗം, പോരാ=അതിലേറെ, കാലത്ത് ഏയ്തും വെയിൽ=കാലത്ത് ഏൽക്കുന്ന വെയിൽ, എറുകയിൽ=നെറുകയിൽ, പാടിന്റതുകേൾ=പാടുന്നതുംകേട്ടാലും, വേലപ്പെണ്ണിൻമുലയിൽ ഇതമുറ്റമ്പുമെൻ തമ്പിരാനേ=ലക്ഷ്മീദേവിയുടെ മാറിടത്തിൽ സന്തോഷത്താൽ ശയിക്കുന്ന എന്റെ തമ്പുരാനേ.)

“എന്റെല്ലാം കേട്ടവനൊരു നുറുങ്ങാശ്വസിക്കിന്റ നേരം
കുന്റിച്ചെങ്ങും കുയിൽ നിനദവും കൂവുമക്കാവുതോറും
ഒന്റിച്ചുച്ചൈരയുഗശവനോടാർത്തു വണ്ടിൻനിനാദൈ–
രെന്റല്ലപ്പോഴൊരു പടുകുലക്കാരിവന്നാൽ വസന്തഃ”

(എന്റല്ലാം കേട്ട്=എന്നെല്ലാം കേട്ട്, ആശ്വസിക്കിന്റെ നേരം=ആശ്വസിക്കുന്ന നേരത്ത്, കുന്റിച്ച്=ഉച്ച ത്തചന്റ, കുയിൽനിനദം=കുയിലിന്റെ ശബ്ദം, ആക്കാവുതോറും= ആ ഉദ്യാനം തോറും, ആയുഗശരൻ= കാമദേവൻ, വണ്ടിൻനിനാദൈ=വണ്ടുകളുടെ ശബ്ദങ്ങളെക്കൊണ്ട്, ഉച്ചൈ=ഉറക്കെ, ഒന്റിച്ച്=ഒന്നായി, ഒട്ട്=കുറെ, എന്റല്ലാ=എന്നുമാത്രമല്ല, പടുകുലക്കാരി=കൊടുംകൊലയാളി, വസന്തഃ=വസന്തം.)

"തേൻമാവിൻമേൽ പരഭൃതകുലം ഭൃംഗമാലാ പലാശേ
മാരൻകൂരമ്പുള്ള ചുഴലവും ചെമ്പകക്കാവുതോറും
തെന്റൽകന്റുണ്ടിയ ബകുളേ കിംശുകേ കിംശുകാളീ
നാളീകത്താർ നളിനിയിലവന്നെങ്ങുനോക്കാവുതന്റ്."

(പരഭൃതകുലം=കുയിലുകളുടെ കൂട്ടം, പലാശേ= പ്ലാശുമരത്തിൽ, ഭൃഗമാലാ=വണ്ടുകളുടെ കൂട്ടം, മാരൻകൂരമ്പുള്ള=കാമദേവന്റെ കൂർത്ത അമ്പുകളാകുന്ന പൂക്കളുണ്ട്, ചുഴലവും=ചുറ്റും, ഇനിയ=മനോഹരമായ, ബകുളേ=ഇലഞ്ഞിമരത്തിൽ, തെന്റൽക്കന്റ്=ഇളംകാറ്റ്, കിംശുകേ=മുരിക്കിൽ, കിം=എന്ത്, ശുകാളി=കിളിക്കൂട്ടം, നളിനിയിൽ=താമരപ്പൊയ്കയിൽ,നാളീയത്താർ= താമരപ്പൂവ്, എങ്ങു നോക്കാവുത്=എവിടെ നോക്കാനും കഴിയും.)

"കോകശ്രേണീ വിരഹനിഹിതം തീനുറുങ്ങെന്റപോലേ
തൂകിത്തൂകിത്തുഹിനകണികാം തൂർന്ന പൂങ്കാവിലൂടേ
സ്തോകോൻമീലന്നളിനടഃളിതേൻ കാളക്കൂടാംബുകോരി
തേകിത്തേകിപ്പവനനവനെച്ചെന്റുകൊന്റാൻ തദാനീം."

(കോകശ്രേണീവിരഹനിഹിതം=ചക്രവാകക്കൂട്ടത്തിന്റെ വിരഹത്താൽ നല്കപ്പെട്ട, തീനുറുങ്ങ് എന്റ പോലെ=തീപ്പൊരിയെന്ന പോലെ, തുഹിനകണികാം=മഞ്ഞുതുള്ളിയെ, തൂകിത്തൂകി=വീണ്ടും വീണ്ടും തൂകിക്കൊണ്ട്, തൂർന്ന=പരിപൂർണ്ണമായ,സ്തോകോൻമീലൻ നളിനതെളിതേൻ കാളകൂടാബു=അല്പം വിരിഞ്ഞ താമരത്താരുകളിലെ തെളിഞ്ഞ തേനാകുന്ന കാളകൂടവിഷം,കോരിത്തേകിത്തേകി=കോരിയെടുത്ത് വീണ്ടും വീണ്ടുംതേകിയൊഴിച്ച്, പവനൻ=കാറ്റ്,ചെന്റുകൊന്റാൻ=ചെന്നുകൊന്നു (മൃത പ്രായനാക്കി), തദാനീം=ആ അവസത്തിൽ)

**<u>ഭാഷാരാമായണം ചമ്പു</u>**

ഭാഷാചമ്പുക്കളിൽ സാഹിത്യഗുണംകൊണ്ടും, ഗാത്രപുഷ്ടികൊണ്ടും പ്രഥമസ്ഥാനത്തു നില്ക്കുന്നത് രാമായണം ചമ്പുവാണെന്ന് വടക്കുംകൂർ രാജരാജവർമ്മ അഭിപ്രായപ്പെടുന്നു. (ഭാഷാ ചമ്പു- സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ) രാവണന്റെ ജനനം മുതൽ ശ്രീരാമാദികളുടെ സ്വർഗ്ഗാരോഹണം വരെയുള്ള കഥകളാണ് ഇതിൽ പ്രതിപാദിച്ചിരിക്കുന്നത്. ഇരുപതുഭാഗങ്ങളുണ്ട്, രാമായണം ചമ്പുവിൽ-രാവണോത്ഭവം, രാമാവതാരം,താടകാവധം, അഹല്യാമോക്ഷം, സീതാസ്വയംവരം, രാവണവധം, സീതാപരിത്യാഗം, അശ്വമേധം, സ്വർഗ്ഗാരോഹണം തുടങ്ങി ഇതുപത് ഭാഗങ്ങൾ. പുരാണ കഥകളെ ഉപജീവിച്ചുണ്ടായ ആദ്യത്തെ ചമ്പൂകാവ്യമാണിത്. രാമായണം ചമ്പു പുനം നമ്പൂതിരിയുടെ കൃതിയാണെന്ന് പൊതുവെ വിശ്വസിക്കുന്നു. ഇതിനു വേണ്ടത്ര തെളിവില്ലെന്ന അഭിപ്രായവും നിലവിലുണ്ട്. മാനവിക്രന്റെ സദസ്സിൽ പതിനെട്ടരകവികൾ ഉണ്ടായിരുന്നെന്നും ഇതിൽ ഭാഷാകവി പുനം മാത്രം അതുകൊണ്ടാണ് അദ്ദേഹം അരക്കവി എന്നറിയപ്പെട്ടത് എന്നു പറയപ്പെടുന്നു. അരക്കവി എന്നപേര് വന്നതിലും പണ്ഡിതൻമാർക്കിടയിൽ വ്യത്യസ്താഭിപ്രായങ്ങളുണ്ട്.

'താരിൽ തന്വീ കടാക്ഷാഞ്ചല മധുപകുലാരാമാ, രാമാ ജനാനാം
നീരിൽത്താർ ബാണ, വൈരാകരനികരതമോ മണ്ഡലീ ചണ്ഡഭാനോ,
നേരെത്താതോരു നീയാം തൊടുകുറി കളയായ്കെന്നുമേഷാ കുളിക്കു-

ന്നേരത്തിന്നിപ്പുറം വിക്രമനൃവര, ധരാ ഹന്ത! കല്പാന്ത തോയേ'

എന്ന പ്രസിദ്ധ പദ്യം നിർമ്മിച്ചതും, മഹാപണ്ഡിതനും കവികേസരിയും ആയ ഉദണ്ഡശാസ്ത്രികളുടെ അഭിനന്ദത്തിനു പാത്രമായതും, അദ്ദേഹം തന്നെയാണ്.

**ഭാഷാരാമായണം ചമ്പു**

(26 മുതൽ 36 വരെയുള്ള ശ്ളോകങ്ങളും തുടർന്നു വരുന്ന ഒന്നാം ഗദ്യവും.)

ജനകൻ രാമലക്ഷ്മണന്മാരോടു കൂടിയ വിശ്വാമിത്രനെ കൈയ്ക്കു പിടിച്ചു മണിയറയിലേക്കു നയിക്കുന്നു.

എന്നീവണ്ണം പറഞ്ഞോരളവിലഥ ശതാ–
നന്ദവക്രതാരവിന്ദം
മന്ദം നോക്കിച്ചിരിച്ചങ്ങുപചിതകുതുക–
സ്നേഹവിസ്രംഭചേതാഃ
ധന്യാത്മാ രാമസൗമിത്രികളോടു സഹിതം
കൈ പിടിച്ചാസ്ഥയാ താൻ–
തന്നേ ഗാഥേസ്തനൂജം മണിയറയിലക–
ത്തേഷധീമാനനൈഷീത്. 26

പദ്യം 26. ശതാ......രവിന്ദം–ശതാനന്ദന്റെ മുഖകമലം. ഉപ.......ചേതാഃ –വർദ്ധിച്ച. കൗതൂഹലം–സ്നേഹം, വിശ്വാസം ഇവയോടുകൂടിയ. ധന്യാത്മ– കൃതാർത്ഥനായ. ഏഷാഃധീമാൻ–ഈ ബുദ്ധിമാനായ ജനകൻ. രാമ....... സഹിതം–രാമലക്ഷ്മണന്മാരോടു കൂടിയ. ഗാഥേഃതനൂജം–വിശ്വാമിത്രനെ. ആസ്ഥയാ–താല്പര്യത്തോടുകൂടി. അനൈഷീത്–കൂട്ടിക്കൊണ്ടുപോയി.

ജനകൻ സീതാസ്വയവരം വിളംബരം ചെയ്യുന്നു.

സമ്പ്രാപ്തേ രാജധാനീമഥ ദശരഥപു–
ത്രാന്വിതേ ഗാഥിസൂനൗ
ഗംഭീരരൈർമന്ത്രയിത്വ സഹ സചിവവരൈർ–
മൈഥിലേയോ മഹാത്മാ
സമ്മോദം പൂണ്ടയച്ചങ്ങഖിലദിശി മട–
ക്കോല ഭൂപാലകാനാം
മമ്മ! സർവത്ര സീതാപരിണയനമഹാ–
ഘോഷമുച്ചൈർവ്യതാനീത്. 27

പദ്യം 27. ദശരഥപുത്രാന്വിതേ ഗാഥിസൂനൗ– ദശരഥപുത്രൻമാരോടു കൂടിയ വിശ്വാമിത്രൻ. രാജധാനീം സമ്പ്രാപ്തേ–രാജധാനിയെ പ്രാപിച്ചപ്പോൾ, അഥ–പിന്നെ. മഹാത്മാ മൈഥിലേയ: –മഹാത്മാവായ ജനകൻ. ഗംഭീരൈ: സചിവവരൈ സഹ മന്ത്രയിത്വ–ബുദ്ധിമാന്മാരായ മന്ത്രിശ്രേഷ്ഠന്മാരോടു കൂടി ആലോചിച്ചിട്ട് മടക്കോല– ക്ഷണക്കത്ത്. അഖിലദിശി–എല്ലാ ദിക്കിലും. ഭൂപാലകനാം–രാജാക്കൻമാർക്ക്. സർവത്ര– എല്ലായിടത്തും.സീതാ.......ഘം–സീതായുടെ വിവാഹമാകുന്ന വലിയ ആഘോഷത്തെ. ഉച്ചൈഃ വ്യാതാനീത്–വലിയ തോതിൽ ചെയ്തു. മമ്മാ– ആശ്ചര്യദ്യോതകമായ നിപാതം.

സ്വയംവരത്തിനായി വരുന്ന രാജാക്കന്മാരുടെ വരവിനെ വർണ്ണിക്കുന്നു.

എട്ടാശാചക്രവാളേ ശിവ! ശിവ! പൊടിപൊങ്ങി–.
ങ്ങിപ്പുഴങ്ങും ദശായാം.
മുട്ടെക്കേൾക്കായ്ത്തുടങ്ങീ ജയവിരുതു വിളി–
ക്കുന്നതഗ്രേ നൃപാണാം,

ചട്ടറ്റീടുന്ന കൊറ്റക്കുടകളുമിളകീ–
ടും കൊടിക്കൂറ കാറ്റേ–
റ്റൊട്ടൊട്ടാടിക്കളിക്കുന്നതു ഗഗനതലേ
ഹന്ത കാണായ്ച്ചമഞ്ഞൂ. 28

പദ്യം 28. എട്ടാശാചക്രവാളേ–എട്ടു ദിക്കിലും. പുഴങ്ങും ദശായാം–വ്യാപിക്കുമ്പോൾ നൃപാണാം അഗ്രേ– രാജാക്കന്മാരുടെ മുമ്പിൽ. ജയവിരുത്–ജയഘോഷം. മുട്ടെ – നിറയെ, ചട്ടറ്റീടുന്ന–കറവില്ലാത്ത. ഗഗനതാലേ–ആകാശത്തിൽ

കുടകൾ തഴകളോരോന്നൊക്കെ നീളെപ്പിടിപ്പി–
ച്ചചെയിലിടയിൽ വീർപ്പിച്ചു വെൺചാമരൗഘം
ഉടനുടനുപയാതാസ്താം പുരീം രാജസിംഹഃ
പടുപടഹനിനാദൈഃ പൂരയന്തോ ദിഗന്താൻ. 29

പദ്യം 29. വെൺചാമരൗഘം–വെൺചാമരക്കൂട്ടം. പടു.....നാദൈ:ദിഗന്തൻ പൂരയന്തഃവലിയ പെരുമ്പറയുടെ ശബ്ദത്താൽ ദിക്കുകളെ മുഴക്കിക്കൊണ്ട്. രാജസിംഹാഃ – രാജശ്രേഷ്ഠന്മാർ. താം പുരിം ഉപയാതാഃ ആജനകരാജധാനിയിൽവന്നുചേർന്നു.

വന്ന രാജാക്കന്മാരെ ജനകമന്ത്രി വേണ്ടപോലെ സത്കരിക്കുന്നു.

സംഭ്രാന്ത്യാ വന്നു വന്നന്നിറയുമഖിലഭൂ–
ലോകപാലാനിരുത്തി–
സ്സമ്മാനിച്ചങ്ങൊരോ കൈനിലകളിൽ മിഥിലേ–
ന്ദ്രസ്യ മന്ത്രീ തദാനീം
അമ്ലാനാമോദാമാലാഘുസൃണമൃഗമദാ–
ലേപതാംബൂലമുഖ്യൈഃ
സമ്മോദാർദ്രം പദാത്ഥൈഃ സദൃശമുടനറി–
ഞ്ഞർച്ചയാമാസ ധീമാൻ. 30

പദ്യം 30. സംഭ്രാന്ത്യ–സംഭ്രമത്തോടുകൂടി. അഖിലഭൂലോകപാലൻ–എല്ലാ രാജാക്കൻമാരെയും. സമ്മാനിച്ച്–ബഹുമാനിച്ച്. ധീമാൻ–ബുദ്ധിമാനായ. മിഥിലേന്ദ്രസ്യ മന്ത്രി–ജനകന്റെ മന്ത്രി. തദാനീം–അപ്പേണ്ടറ്റ. അമ്ല.....ഖ്യൈ പദാത്ഥൈ–വാടാത്ത സുഗന്ധ പുഷ്പം, കുങ്കുമം, കസ്തൂരി കലർന്ന പൂച്ചെണ്ട്. താംബൂലം–വെറ്റില മുതലായവ തുടങ്ങിയുള്ള വസ്തുക്കളെക്കൊണ്ട്. സദൃശം–യോഗ്യതയ്ക്കു തക്കവണ്ണം. സമ്മോദാർദ്രം–സന്തുഷ്ടചിത്തനാം വണ്ണം. അർച്ചയാമാ–പൂജിച്ചു.

ബ്രാഹ്മണരുടെ വരവിനെ പ്രസ്താവിക്കുന്നു.

വന്നെത്തീ പോന്നകാണ്ഡേ ചില പുഴ വഴിയും–
വണ്ണമോരോ ദിഗന്തേ
ധന്യം ഭൂദേവസംഘം തിരളുമൊരു പണ–
ശ്രദ്ധയാവൃദ്ധബാലം
ഒന്നിച്ചയ്യായിരം ചങ്ങലവടികൾ കുട–
ക്കൂട്ടവും പിന്നെ മേന്മേ–
ലന്യോന്യം ദർപ്പഭാരായ് പലവക പിശകി–
ക്കൊണ്ടൊരാഭോഗവായ്പും. 31

പദ്യം 31. അകാണ്ഡേ–പെട്ടെന്ന്. ദിഗന്തേ–ദിക്കിൽ. ധന്യം–അനുഗ്രഹീതം. ഭൂദേവസംഘം–ബ്രാഹ്മണസമൂഹം. പണശ്രദ്ധയാ–ദക്ഷിണയിലുള്ള താത്പര്യം നിമിത്തം. അവൃദ്ധബാലം– വൃദ്ധന്മാർ തുടങ്ങി ബാലന്മാർവരെ. ദർപ്പഭാരത്–അഹങ്കാരാധിക്യത്താൽ. ആഭോഗം–പരപ്പ്.

മറ്റു പലരുടെയും വരവിനെ വർണ്ണിക്കുന്നു.

മല്ലും തട്ടിത്തിമർത്തുണ്ടൊരു പരിഷ, പരേ
യഷ്ടിമാലംബ്യ മേന്മേൽ
മെല്ലേ മെല്ലേ നടന്നും പെരുവഴിയിലിരു–
ന്നും കുരച്ചും പ്രകാരം,
പല്ലെല്ലാം പോയ വർഗ്ഗം പല പൊഴുതുരുവി–
ട്ടും പരേ, കാണിനേരം
നില്ലാതേ ഹന്ത മൃഷ്ടാഷ്ടിയിലധികവിരൺ
പൂണ്ടു മണ്ടുന്നിതന്യേ.

പദ്യം 32. പരിഷ–കൂട്ടം. പരേ–മറ്റു ചിലർ. യഷ്ടിം ആലംബ്യ–വടിയൂന്നിക്കൊണ്ട്. പ്രകാമം–യഥേഷ്ടം. മൃഷ്ടാഷ്ടി–വെടിപ്പായുള്ള ഭക്ഷണം. അന്യോന്യം–മറ്റു ചിലർ.

എണ്ണേറും വിത്തലോഭാത് കതിചന, സരസം
ബാലനാരീകദംബം
തന്നെപ്പൂണ്മാൻ കൊതിച്ചങ്ങൊരു പരിഷ, പരേ
ഹന്ത! ഹുംകാരവേഗാത്
എന്നെക്കൈകൊൾകകത്തെന്നുയരെ മുറവിളി–
ച്ചും വശംകെട്ടുമയ്യോ!
കണ്ണും ദിക്കും നുറുങ്ങില്ലൊരു കുറി മിഥിലാ–
ഗോപുരേ ജാതഹാസം. 33

പദ്യം : 33 കതിചന–ചിലർ. വിത്തലോഭാത്–ധനത്തോടുള്ള ആഗ്രഹത്താൽ. സരസം–രസത്തോടുകൂടി. ബാലനാരീകദംബം–തരുണീസമൂഹത്തെ. ഹുങ്കാരവേഗാത്–ഹുങ്കാരശബ്ദത്തിന്റെ വേഗത്താൽ. ജാതഹാസം–ഉണ്ടായ ചിരിയോടുകൂടി. മിഥിലാഗോപുരേ– മിഥിലാനഗരത്തിന്റെ ഗോപുരപ്രദേശത്തിൽ.

പയ്യെപ്പയ്യെത്തിരണ്ടു തദനു കുറുവടി–
ത്തണ്ടുമായമ്മുരമ്പ–
ക്കയ്യന്മാ,രയ്യ നീലപ്രഭൃതികളുമണ–
ഞ്ഞൂ കുയർത്തൊന്നിനൊന്നായ
കയ്യിൽക്കൈകോർത്തുകെട്ടിപ്പെടലി പൊളിയുകയും
വീഴ്കയും ചാകയും കാൽ
കൈയെന്നിത്യാദി പൊട്ടിത്തിറവിയ മുറയും,
ഘോഷമെന്തൊന്നു ചൊൽവൂ! 34

പദ്യം: 34 തദനു–അതിൽപ്പിന്നെ, കയർത്ത്–പറഞ്ഞ്. തിറവിറ–വീണ.

സ്വയംവരമണ്ഡപത്തിലെ ചാപരംഗത്തിൽ രാജാക്കൻമാർ വന്ന് അവരവരുടെ ആസനത്തിൽ ഇരിക്കുന്നതായി പ്രസ്താവിക്കുന്നു.

പൃഥ്വീപാലാസ്തദാനീം വിരവൊടു വിഹിത–
സ്നാനഭുക്ത്യാദികൃത്യാ
മെത്തീടും നൂത്നരത്നാഭരണമണിമഹോ–
രാജനീരാജിതാംഗാഃ
ചിത്താനന്ദം വരുംമാറഖിലതനുമതാം
ചെന്നുചേർന്നും നിറഞ്ഞൂ

വിസ്തീർണ്ണേ ചാപരംഗേ പുനരപി ച യഥൗ–
ചിത്യമേതേ നിഷ്ണ്ണാഃ 35

പദ്യം: 35 തദാനീം – അപ്പോൾ.പൃഥിപാലാ–രാജാക്കന്മാർ. വിഹി.......കൃത്യാ–കുളി ഭക്ഷണം മുതലായ കൃത്യങ്ങൾ നടത്തിയവരായി. നൂത്ന......ഗാഃ – പുത്തനായ രത്നമയങ്ങളായ ഭൂഷണങ്ങളിലെ മണികളുടെ കാന്തിയാൽ ശോഭിക്കുന്ന അവയവങ്ങളോടുകൂടിയവരായി. അഖിലതനുമതാം –എല്ലാ ശരീരികൾക്കും. ചിത്താനന്ദം–മനസ്സിൽ സന്തോഷം പുനഃഅപിച–പിന്നെയും യഥൗചിത്യം–യോഗ്യതയ്ക്കു തക്കവണ്ണം. ഏതേ–ഇവർ(രാജാക്കന്മാർ) വിസ്തീർണ്ണേ ചാപരംഗേ–വിസ്താരമേറിയ ചാപരംഗത്തിൽ (ശിവധനുസ്സ് വച്ചിരിക്കുന്ന അരങ്ങത്ത്) നിഷ്ണ്ണാ–ഇരുന്നു.

ചാപരംഗത്തിലെ ആഘോഷവർണ്ണന–

ഓരോരോ ദിക്കിലുച്ചൈരിടിദ്ധടിതി നടു
ങ്ങും വെടിപ്രൗഢി മമ്മാ!
ഭേരീനാദം നൃപണാം ജയവിരുതു മഹാ–
വന്ദിനാം ഗാനഭേദം
ചാരുസ്മേരാനനാനാം തരിവളനിനദം
ചാമരഗ്രാഹിണീനാം
പൂരേ കേൾ വിശ്വവിസ്മാപകമഭവദഹോ!
ചാപരംഗം തദാനീം. 36

ഉച്ചൈഃ –ഉച്ചത്തിൽ, ഭേരിനാദം–പടഹനാദം, മഹാവന്ദിനാം – വലിയ സ്തുതിപാഠകന്മാരുടെ. ചാമരഗ്രാഹിണി–ചാമരം വീശുന്ന. ചാരു.....നാം–സുന്ദരിമാരുടെ നിനദം–ശബ്ദം. വിശ്വവിസ്മാപകം. അഭവത്–ലോകത്തെ വിസ്മയിപ്പിക്കുന്നതായി ഭവിച്ചു. അഹോ–ആശ്ചര്യം.

ഗദ്യം 1 ഹര ഹര! ശിവ ശിവ! മിഥിലയിലിയലിന
കുതുകവിശേഷം പറവാൻ വല്ലേൻ.
......................................
...................................
സംഘവിശൃംഖലകളകളവചന–
പ്രഹസിതലീലാലോളിതമൊരിടം.

മിഥിലയിലെ വിവാഹഘോഷ വിശേഷങ്ങൾ പറയാൻ വയ്യ. ഒന്നിനു പിറകെ ഒന്നായി വരുന്ന രാജാക്കൻമാരും അവരുടെ കാലാൾ പടയുടെ കാൽവയ്പുകൊണ്ടിളകിയ പൊടിപടലം കൊണ്ട് ദിഗ്മണ്ഡലമാകെ മൂടി. വിവിധങ്ങളായ ആയുധങ്ങളുടെ തിളക്കം കൊണ്ട് ലോകം മഴക്കാലം പോലെ ശോഭിച്ചു. യുവതികളെ കണ്ട കാമുകൻമാരുടെ സന്തോഷകൊണ്ടുള്ളശബ്ദവിശേഷവും. ഇടിമുഴക്കം പോലുള്ള വാദ്യഘോഷങ്ങളും; വിവാഹത്തിൽ പങ്കെടുക്കാൻ വരുന്നവരെ സ്വീകരിക്കാൻ നിൽക്കുന്നവരുടെ ആഭരണങ്ങളിലെ രത്നങ്ങളുടെ തിളക്കവും. ഒരിടത്ത് കുടയും വടിയുമെടുത്ത് ഊണിൽ താല്പര്യം കാണിച്ച് വരുന്ന ബ്രാഹ്മണരുടെ കോലാഹലങ്ങളും. ഇങ്ങനെ വിവിധങ്ങളായ കാഴ്ചകളാൽ മിഥാലാപുരി വിളങ്ങി.

# മൊഡ്യൂൾ – 2

## ഗാഥാപ്രസ്ഥാനം

പാട്ടുഭാഷയിലും മണിപ്രവാളഭാഷയിലും സാഹിത്യരചന പ്രൗഢമായ കാലഘട്ടത്തിൽ ഒരു ഭാഷയുടെയും സഹായം കൂടാതെ ശുദ്ധമലയാളഭാഷയിൽ രചിക്കപ്പെട്ട കൃതിയാണ് കൃഷ്ണഗാഥ. ഗാഥ എന്ന വാക്കിന് ഗാനം എന്നാണർത്ഥം. യാഗാദികർമ്മങ്ങളിൽ പുരാതനകാലത്ത് ഉപയോഗിച്ചിരുന്ന ഗാനങ്ങളാണ് ഈ പേരിൽ അറിയപ്പെട്ടത്. പഴയകാലത്ത് ദ്രാവിഡവൃത്തങ്ങളിൽ രചിച്ച കാവ്യങ്ങളേയും പൊതുവേ ഗാഥ എന്നുവിളിച്ചിരുന്നു. ഉണ്ണിച്ചിരുതേവിചരിതത്തിലാണ് ഈ പദം മലയാളത്തിൽ ആദ്യം പ്രയോഗിച്ചു കാണുന്നത്. ഗാംഭീര്യത്തെക്കാൾ ലാളിത്യത്തോടാണ് ഈ ഗാനരീതിക്ക് അടുപ്പം. മലയാളത്തിന്റെ ലാളിത്യവും, പ്രസന്നതയും തെളിഞ്ഞു കാണുന്ന കൃതിയാണ് കൃഷ്ണഗാഥ (കൃഷ്ണപ്പാട്ട്). സംസ്കൃതവൃത്തങ്ങൾക്കു പകരം താരാട്ടിന്റെ ഈണത്തിലുള്ള മഞ്ജരി വൃത്തം സ്വീകരിച്ചിക്കുന്നു. ശൃംഗാരം, വീരം, ഹാസ്യം, ഭക്തി എന്നീ രസങ്ങൾക്ക് പ്രാധാന്യം ലഭിച്ചു. ഒരു സംസ്കൃതമഹാകാവ്യത്തിന്റെ ചിട്ട കൃഷ്ണഗാഥ കൈവരിച്ചിട്ടുണ്ട്. അതേ സമയം സംസ്കൃതപദങ്ങൾ കഴിവതും ഒഴിവാക്കി ലളിതമായ മലയാളത്തിലാണ് രചന.

**കവിയും കാലവും**

ഒരൊറ്റ കാവ്യം കൊണ്ട് പ്രസിദ്ധനായ ചെറുശ്ശേരി നമ്പൂതിരിയാണ് കൃഷ്ണഗാഥാ കർത്താവ്. പാട്ടും, മണിപ്രവാളവും നിലനിന്നകാലത്ത് ശുദ്ധമലയാളത്തിൽ ഒരു മഹാകാവ്യം ഒരു കേരളീയൻ നിർമ്മിച്ചു എന്നതാണ് ഈ കൃതിയുടെ ഒരു മേന്മ. ചതുരംഗത്തിൽ പരാജയവും തന്നിമിത്തം അവമാനവും സിദ്ധിക്കുന്നതിൽനിന്നും തന്റെ ഭർത്താവിനെ രക്ഷിക്കുന്നതിനുവേണ്ടി രാജ്ഞി, ആളെയുന്ത് എന്നൊരു സൂചന ഈ ഗാഥാരീതിയിൽ ചൊല്ലിയെന്നും ആ ഗാനരീതിയെ ആശ്രയിച്ച് കൃഷ്ണഗാഥ നിർമ്മിച്ചെന്നും പുരാതനമായ ഒരു ഐതിഹ്യമുണ്ട്. ഗാഥാരീതി ആ ഗാനത്തോടെയാണ് ആരംഭിച്ചതെന്ന് വാദിക്കുന്നത് ശരിയല്ല. രാജ്ഞി പാടിയത് അന്നു നടപ്പിലിരുന്ന ഏതോ ഗാനത്തിന്റെ രീതി അവലംബിച്ചായിരിക്കണം. ഏതായാലും ഭാഷയുടെ സാരസ്യവും പ്രവണതയും ഇത്രമാത്രം പ്രത്യക്ഷപ്പെടുത്തുന്ന ഒരു ഗ്രന്ഥം മലയാളത്തിൽ അതിനുമുമ്പോ ഉണ്ടായിട്ടില്ല. കൃഷ്ണഗാഥയോടുകൂടി ഭാഷാസാഹിത്യത്തിൽ ഒരു നവീനപ്രസ്ഥാനം രൂപംകൊണ്ടു.

കൃഷ്ണഗാഥാ കർത്താവ് ചെറുശ്ശേരിയാണോ എന്ന കാര്യത്തിൽ ഭിന്നാഭിപ്രായം നിലനിൽക്കുന്നുണ്ട്. ഗ്രന്ഥനാമവും തർക്കവിഷയമാണ്. ഉത്തരകേരളത്തിൽ ചെറുശ്ശേരി എന്നൊരില്ലം ഉണ്ടായിരുന്നതായും അവിടുത്തെ പ്രതിഭാധനനായ ഒരു നമ്പൂതിരിയാണ് കൃഷ്ണഗാഥ രചിച്ചതെന്ന് മലയാളഭാഷാചരിത്രത്തിൽ പി. ഗോവിന്ദപ്പിള്ള അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈ ഇല്ലം കാലക്രമേണ അന്യം നിന്നുപോയി. ഉദയവർമ്മൻ എന്ന കോലത്തിരി രാജാവിന്റെ ആശ്രിതനും സദസ്യനുമായിരുന്നു ചെറുശ്ശേരി.

കടത്തനാട്ടു ഉദയവർമ്മത്തമ്പുരാനും കവനോദയം മാസികാപ്രവർത്തകരും കൃഷ്ണഗാഥാ കർത്താവ് പുനംനമ്പൂതിരിയാണെന്ന് വാദിച്ചു. ഈ വാദഗതികളെ സമഗ്രമായി പഠിച്ച് പി. കെ. നാരായണപ്പിള്ള പുനമല്ല ചെറുശ്ശേരിയാണ് കൃഷ്ണഗാഥാ കർത്താവെന്ന് സ്ഥാപിച്ചു.

"പാലാഴി മാതുതാൻ പാലിച്ചുപോരുന്ന

കോലാധിനാഥനുദയവർമ്മൻ

ആജ്ഞയെച്ചെയ്കയാലജ്ഞനായുള്ള ഞാൻ

പ്രാഞ്ജനെന്നിങ്ങനെ ഭാവിച്ചപ്പോൾ"

എന്ന് പ്രാരംഭഘട്ടത്തിലെ കവിവാക്യത്തിൽ നിന്ന് 1446–1465 വരെ കോലാത്തുനാട് ഭരിച്ചിരുന്ന ഉദയ വർമ്മയുടെ ആജ്ഞ അനുസരിച്ചാണ് കൃഷ്ണഗാഥ രചിച്ചതെന്ന് വ്യക്തമാകുന്നു. ഉത്തരകേരള ത്തിൽ പുനം എന്നും ചെറുശ്ശേരിയെന്നും രണ്ടില്ലങ്ങൾ ഉണ്ടായിരുന്നു എന്നും കാലക്രമത്തിൽ ഈ ഇല്ലങ്ങൾ ഒന്നായിത്തീർന്നു. അങ്ങനെ ചെറുശ്ശേരി ശബ്ദം പുനത്തിന്റെ പര്യായമായി ത്തീർന്നുവെന്നും അപ്പൻ തമ്പുരാൻ അഭിപ്രായപ്പെടുന്നു. ചിറയ്ക്കൽ കോവിലകത്തിൽ നിന്ന് കിട്ടിയ തെളിവുകളുടെ അടിസ്ഥാനമാക്കി ടി. ബാലകൃഷ്ണൻ നായർ നടത്തിയ ഗവേഷണത്തിൽ ലഭിച്ച വിവരങ്ങൾ മുമ്പുണ്ടായിരുന്ന വാദപ്രതിവാദങ്ങൾക്ക് വിരാമമിട്ടു. അതിലെ പ്രധാനഭാഗങ്ങൾ താഴെ ചേർത്തിരിക്കുന്നു.

1 കോലത്തുനാട് ഒരുകാലത്ത് പന്ത്രണ്ടു ചേരിക്കല്ലുകളായി വിഭജിച്ചിരുന്നു. തലശ്ശേരി, വടശ്ശേരി, പാപ്പിനിശ്ശേരി, കീച്ചേരി മുതലായവ. ഇവയിൽ ഏറ്റവും ചെറിയതും വളപ്പട്ടണംകോട്ടവരെ വ്യാപിച്ചുകിടന്നതുമായ ചേരിക്കല്ലിന് ചെറുശ്ശേരി എന്നായിരുന്നു പേര്.

2 ചെറുശ്ശേരിചേരിക്കല്ലിൽ കാനത്തൂർ ഗ്രാമത്തിൽപ്പെട്ട ഒരു നമ്പൂരിബ്രാഹ്മണ കുംടുബം ഉണ്ടാ യിരുന്നു. ഈ ഭവനം ചെറുശ്ശേരി ഇല്ലം എന്ന പേരിൽ അറിയപ്പെട്ടിരുന്നു.

3 കൊല്ലവർഷം 621 മുതൽ 650 വരെ കോലത്തിരിനാടു വാണിരുന്നത് ഉദയവർമ്മൻ എന്നു പേരായ ഒരു രാജാവായിരുന്നു.

ഈ തെളിവുകളിൽ നിന്ന് ചെറുശ്ശേരി എന്ന് ഒരു നമ്പൂതിരിഭവനം ഉത്തരകേരളത്തിൽ ഉണ്ടായി രുന്നില്ലെന്ന കവനോദയപ്രവർത്തകരുടെ പ്രസ്ഥാവന അബദ്ധമാണെന്നു തെളിഞ്ഞു. ഗ്രന്ഥനാമം ചെറുശ്ശേരി എന്ന അഭിപ്രായത്തിനും ഇളക്കം തട്ടി.

"ആജ്ഞയാ കോലഭൂപസ്യ
പ്രാജ്ഞസ്യോദയ വർമ്മണഃ
കൃതയാം കൃഷ്ണഗാഥായാം
കൃഷ്ണോത്പത്തിസ്സമീരിതാ"

കൃഷ്ണഗാഥയുടെ അവസാനത്തിൽ കാണുന്ന ഈ കവിവാക്യം ഉദയവർമ്മയുടെ ആജ്ഞ അനുസ രിച്ചാണ് കൃഷ്ണഗാഥ രചിച്ചതെന്നു വ്യക്തമാകുന്നു.

**കൃഷ്ണഗാഥ – ഇതിവൃത്തം**

ഭാഗവതം ദശമസ്കന്ധത്തിലെ കഥയാണ് കൃഷ്ണഗാഥയിലെ പ്രമേയം. ശ്രീകൃഷ്ണന്റെ അവ താരം മുതൽ സ്വർഗ്ഗാരോഹണം വരെയുള്ള കഥകളാണ് പ്രതിപാദ്യം. ആകെ നാൽപത്തിയേഴ് കഥക ളാണുള്ളത്. 8400 – നു മേൽ ഈരടികൾ 230 ഭിന്നവൃത്തങ്ങളിലായി രചിച്ചിരിക്കുന്നു. ഉത്തരഭാഗ

ത്തിലെ രുഗ്മണീസ്വയംവരം, സുഭദ്രാഹരണം, കംസസദ്ഗതി മുതലായവ ചില ഭാഗങ്ങളും പ്രശംസ നീയംതന്നെ. "ഭാഗവതം ഭഗവൽഭക്തിയെ പ്രധാനീകരിച്ച് രചിച്ചുള്ള ഗ്രന്ഥമാകയാൽ ഭക്തിവർദ്ദകമായരീതിയിൽ കൃഷ്ണാവതാരകഥയെ രൂപാന്തരപ്പെടുത്തേണ്ടതിന്റെ ആവശ്യം തൽകർത്താവിനു നേരിടുകയും അതിലേക്കു കഥാമധ്യത്തിൽ അവിടവിടെ ചില സ്തുതികളും വേദാന്തചിന്തകളും കൂട്ടികലർത്തുകയും ചെയ്തിട്ടുണ്ട്. കഥാഭാഗത്തിൽ കൃഷ്ണഗാഥയിലെ കഥ ഭാഗവതത്തെ ഏറെക്കുറെ സൂക്ഷമമായി അനുകരിക്കുകയും കഥാവിവരണം ഭക്തിയെപ്പോലെതന്നെ കവിതാരസികത കൊണ്ടുള്ള ചമൽക്കാരത്തെക്കൂടി ലക്ഷീകരിച്ച് രചിക്കുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട് ഭാഗവതത്തിലുള്ള സ്തവങ്ങളും, സ്തോത്രങ്ങളും വേദാന്തചിന്തകളും കൃഷ്ണഗാഥയിലേക്കു മുഴുവൻ സംക്രമിച്ചിട്ടില്ലെങ്കിലും രസഭാവങ്ങളിൽ ഭാഗവതത്തെക്കാൾ കൃഷ്ണഗാഥ ഒരുപടി കവിഞ്ഞു നിൽക്കുന്നതായി കാണാവുന്നതാണ്" എന്ന് പി. കെ. നാരായണപ്പിള്ള അഭിപ്രായപ്പെടുന്നു.

ചെറുശ്ശേരി പ്രാസപ്രിയനാണ് ദ്വിതിയാക്ഷരപ്രാസമില്ലാതെ രസത്തെ മാത്രം ആസ്പദമാക്കി ചുരുക്കം ചില വരികളേ അദ്ദേഹം എഴുതിയിട്ടുള്ളൂ അതുപോലെ വായനക്കാരെ ആകർഷിക്കുന്ന ഒന്നാണ് അലങ്കാരപ്രയോഗം. ഉൽപ്രേക്ഷ, ഉപമ, രൂപകം എന്നിവയ്ക്കാണ് പ്രാധാന്യം നല്കിയിരിക്കുന്നത്. "ഉപമാകാളിദാസസ്യ" എന്നൊരു പ്രസിദ്ധവാക്യമുള്ളതുപോലെ "ഉൽപ്രേക്ഷാ കൃഷ്ണഗാഥയാം". എന്ന വാക്യം പ്രസ്തുത ഗ്രന്ഥത്തെ സംബന്ധിച്ചു പ്രചരിക്കുന്നുണ്ട്. അത് യഥാർത്ഥവുമാണ്. കൃഷ്ണഗാഥയിൽ ഉള്ളതുപോലെ ഉൽപ്രേക്ഷകൾ മറ്റൊരു ഗ്രന്ഥത്തിലും കാണാൻ കഴിയില്ല. നല്ല സാരസ്യവും ഗാനരീതിയും ചേർന്ന രചനയും, ശ്രീകൃഷ്ണകഥയും ചേർന്നപ്പോൾ കൃഷ്ണഗാഥാ ജനപ്രിയമായി.

**കൃഷ്ണഗാഥ – പൂതനാമോക്ഷം**

അമ്പാടിയിലെ സമാരാധ്യനായ നന്ദഗോപർക്ക് സന്താനഭാഗ്യമില്ലാതെ ദുഃഖിതനായി കഴിയുന്ന സമയത്ത് ഭാര്യ യശോദ ഗർഭിണിയാകുന്നു. പുത്രഭാഗ്യം ലഭിച്ച നന്ദഗോപർ ജനിക്കാൻപോകുന്ന കുഞ്ഞ് ആണാണോ പെണ്ണാണോ എന്നറിയാൻ പ്രാശ്നികൻമാരെ സമീപിക്കുന്നു. അതിലൊരാൾ പെൺകുഞ്ഞാണെന്ന് പറയുന്നു. ഇതുകേട്ട മറ്റൊരാൾ കുഞ്ഞിനെകാണുന്നനേരത്ത് കന്യകയെയല്ല കാണുക പകരം കാന്തികലർന്ന ആൺപൈതലിനെയായിരിക്കും അല്ലെങ്കിൽ ഞാൻ ശാസ്ത്രം നോക്കുന്നത് നിർത്തിവെയ്ക്കുമെന്നും പറയുന്നു. വായ്പ്പോരുകൊണ്ട് പ്രാശ്നികൻമാർ പരസ്പരം നേരിട്ടപ്പോൾ കേട്ടു നിന്ന മറ്റൊരാൾ യശോദയുടെ നല്പിള്ള ആയതുകൊണ്ട് ആൺകുഞ്ഞായാലും പെൺകുഞ്ഞായാലും കുഴപ്പമില്ലെന്ന് പറയുന്നു. ഏതായാലും കാര്യങ്ങൾ കണ്ടുതന്നെ തീർച്ചപ്പെടുത്താം എന്ന് നന്ദഗോപരെ ആശ്വസിപ്പിച്ചശേഷം ഗോപന്മാരെല്ലാരും അവരവരുടെ മന്ദിരങ്ങളിലേയ്ക്ക് പോയി. 'നന്മയെ നല്കണം ദൈവമേ'! എന്ന് പ്രാർത്ഥിച്ചുകൊണ്ട് നന്ദനും ദിവസങ്ങൾ കഴിച്ചുകൂട്ടി. യശോദയുടെ പ്രസവസമയമായി. പാതിരാനേരത്ത് യശോദ കുഞ്ഞിന് ജന്മം നല്കി. കുഞ്ഞ് ആണോ പെണ്ണോ എന്നുകൂടി നോക്കാതെ പ്രസവാലസ്യത്താൽ യശോദ മയങ്ങിപ്പോയി. ഉണർന്നെഴുന്നേറ്റപ്പോൾ കാർമ്മുകിൽ കാമിക്കുന്ന കാന്തിയുമായ് കോമളനായ കുഞ്ഞിനെ കണ്ടു. ആൺകുഞ്ഞെന്നും തീർച്ചപ്പെടുത്തി ഗോപസ്ത്രീകൾ കുഞ്ഞിനെ നന്ദഗോപരെ കാണിക്കുന്നു. അതുവരെ ചിന്താകുലനായി നിന്നിരുന്ന നന്ദഗോപരും കുഞ്ഞിനെ കണ്ട് വളരെയധികം സന്തോഷിക്കുന്നു. അമ്പാടിനിവാസികൾക്കെല്ലാം നന്ദഗോപർ വസ്ത്രം ദാനം ചെയ്യുന്നു.

'നന്ദനു നല്ലൊരു നന്ദനനുണ്ടായി–
തെന്നൊരു വാർത്ത പരന്നുതെങ്ങും'

ഈ സന്തോഷവാർത്ത കേട്ട് അകന്നു നിന്നവർ വരെ കുഞ്ഞിനെ കാണാൻ വന്നു. ഗോപസ്ത്രീകൾ കാഴ്ചകളുമായാണ് കുഞ്ഞിനെ കാണാൻ എത്തിയത്. കുഞ്ഞിന്റെ ജനനം ഒരു ഉത്സവമായി അമ്പാടിവാസികൾ ആഘോഷിച്ചു. കുഞ്ഞിന്റെ ജനനശേഷം അമ്പാടി സമ്പൽസമൃദ്ധമായി. രത്നങ്ങൾ ഇല്ലാത്ത വീടുകളെല്ലാം രത്നങ്ങളെകൊണ്ട് നിറഞ്ഞു, ഗോക്കളെക്കുറിച്ചു പറയാൻ

വാക്കുകളില്ല കന്നും കിടാങ്ങളെയും കൊണ്ട് മന്ദിരങ്ങൾ നിറഞ്ഞു. ധാന്യസമൃദ്ധിയും ഉണ്ടായി. എല്ലായിടത്തും ഐശ്വര്യവും സന്തോഷവും കളിയാടി. ഇങ്ങനെ എല്ലാവരും സന്തോഷത്തോടെ കഴിയുന്ന സമയത്ത് ഗോകുലവാസികളുടെ നാഥനായ നന്ദഗോപർ കംസന് കരം (നികുതി) കൊടുക്കാൻ വേണ്ടി കംസരാജധാനിയിലെത്തി. കരം നല്കി പോരുവാൻ തുടങ്ങുമ്പോൾ വാസുദേവർ നന്ദനെ കാണാൻ ചെല്ലുന്നു. വളരെ ബഹുമാനത്തോടെയും സ്നേഹം നിറഞ്ഞവാക്കുകളോടെ വസുദേവർ ഇങ്ങനെ പറയുന്നു.

കാണേണമെന്നു ഞാൻ കാമിച്ചനേരത്തു
കാണായിവന്നതും ഭാഗ്യമല്ലോ.

പണ്ടു കഴിഞ്ഞ ദിനങ്ങളെക്കുറിച്ചോർക്കുമ്പോൾ വേദന മനസ്സിലുണ്ടാകുന്നുണ്ടെങ്കിലും, വളരെ അങ്ങയുടെ പുത്രനെ ലോകരെല്ലാം കാണുമ്പോൾ അങ്ങനെ ജനിച്ച എന്റെ പുത്രന്മാരെയെല്ലാം ദുഷ്ടനായ കംസൻ പിറന്നുവീഴുന്നയുടനെ തന്നെ പാറയിൽ അടിച്ചുകൊന്നു. കുഞ്ഞുങ്ങൾ വേണമെന്ന ആശതന്നെ ഇല്ലാതായി. ജനിച്ച കുട്ടികളെയെല്ലാം കംസൻ കൊന്നുകളഞ്ഞു. ഒരു പെൺകുഞ്ഞുണ്ടായി അതുമെങ്ങനെയൊ പോയി. ഇങ്ങനെ താനനുഭവിച്ച വിഷമതകളോരോന്നും വസുദേവർ നന്ദനോട് പറഞ്ഞു.ഇതെല്ലാം ഈശ്വരന്റെ ലീലാവിലാസങ്ങളാണെന്ന് കരുതി ആശ്വസിച്ച് ജീവിക്കുകയാണ് ഞാൻ.  രോഹിണീ (വസുദേവരുടെ ഭാര്യ) നന്ദന് സുഖമല്ലേ? എന്റെ ജീവൻ നിന്റെ കൈയ്യിലാണെന്നത് ഞാൻ പറയേണ്ടതില്ലല്ലോ. പുത്രന്മാരില്ലാതെ വിഷമിച്ച് കഴിയുന്ന എനിക്ക് നിനക്ക് ഒരു പുത്രന് ഉണ്ടായി എന്ന് കേട്ടപ്പോൾ എന്റെ ദുഃഖമില്ലാതായി. എന്റെ മനസ്സിൽ വളരെയധികം സന്തോഷമുണ്ടായി. നിന്റെ വമ്പനായ പൈതൽ എന്റെയും പൈതലാണ്. എൻ പൈതലുണ്ടായ സന്തോഷമെല്ലാം നിൻ പൈതൽ മൂലമുണ്ടായി. അങ്ങനെയോർക്കുമ്പോൾ മംഗലംമാണ് ഉണ്ടാവേണ്ടത്. ഇങ്ങനെയുള്ള കാര്യങ്ങൾ പറഞ്ഞശേഷം എത്രയും പെട്ടെന്ന് ഗോകുലത്തിൽ പോകണമെന്നും വലിയൊരു അല്ലൽ അമ്പാടിയിൽ വരുന്നുണ്ടെന്നും അതിൻമുൻപ് അവിടെ എത്തണം, മകനെ സൂക്ഷിക്കണമെന്നു പറയുന്നു. ഇതുകേട്ട ചിന്താകുലനായ നന്ദഗോപർ ഗോകുലത്തിലേക്ക് പോയി.

കംസന്റെ ആജ്ഞ അനുസരിച്ച് അസുരന്മാർ പാരിലുണ്ടായ ബാലകന്മാരെയെല്ലാം വധിക്കാൻ തുടങ്ങി. പൂതന എന്ന രാക്ഷസി സുന്ദരിയായ ഗോപികയുടെ വേഷത്തിൽ നന്ദഗോപരുടെ ഗൃഹത്തിൽ പ്രവേശിച്ചു. രണ്ടു മുലകളിലും വിഷം പുരട്ടി ബാലകമന്ദിരത്തിനു സമീപത്തെത്തി. തല്പത്തിൽ ഉറങ്ങുന്ന ബാലനെ കണ്ടു. ഓമനത്തമുള്ള മുഖം നോക്കി അല്പംനേരം അവൾ നിന്നു. പിന്നെ ചീർത്തൊരു കോപം പൂണ്ട് അന്തകനെ കാത്തുനിന്നവളെപ്പോലെ പല്ലവം വെല്ലുന്ന പൂമേനിയെ പതിയെതൊട്ടുനിന്നപ്പോൾ, രത്നമെന്നിങ്ങനെ ചിന്തിച്ച് തൊട്ടപ്പോൾ അഗ്നിയെ തൊടുമ്പോലെ പൂതനയ്ക്ക് തോന്നി. വൈകാതെ ആരോമൽപ്പൂങ്കനിയെ ചെന്നെടുക്കുന്നു. ഓമൽപ്പൂമേനിമെയ്യിൽ തൊട്ടപ്പോൾ പൂതനയ്ക്ക് രോമാഞ്ചം ഉണ്ടാകുന്നു. പൂതന കുഞ്ഞിനെ പരിലാളിക്കുകയും സുന്ദരമായ മുഖത്ത് ഉമ്മ വയ്ക്കുകയും ചെയ്തു. പുതിയൊരാളെ കണ്ടപ്പോൾ പൈതലും പൂതനയെ നെറ്റിപ്പട്ടം കെട്ടിയ ആനയെ നോക്കുമ്പോലെ നോക്കി.

ആരാനും പോന്നു വരുന്നതിന്മുമ്പിലേ
കാരിയമായതു സാധിക്കേണം.

എന്നു ചിന്തിച്ച് പൂതന നന്ദകുമാരന്റെ വായിലേയ്ക്ക് വിഷം പുരട്ടിയ മുലകൊടുക്കാൻ തുടങ്ങി. അമ്മയുടെ നന്മുല കുടിക്കുമ്പോലെ ബാലൻ പാൽകുടിച്ചു തുടങ്ങി. പാൽകൊണ്ട് വിശപ്പുതീരാഞ്ഞ് പൂതനയുടെ ജീവനെയും അവൻ വലിച്ചുകുടിച്ചു. താലോലിച്ചുനിന്നിരുന്ന പൂതന വേദനകൊണ്ട് കരഞ്ഞു ഘോരമായ ശബ്ദത്തോടെ ഭൂമിയിൽ പതിച്ചു. വീഴ്ചയുടെ ആഘാതത്തിൽ ഭൂമി കുലുങ്ങുകയും, ആഴിജലം കലങ്ങുകയും, സമീപത്തുള്ള മരങ്ങൾ ഞെരിഞ്ഞ് പതിക്കുകയും ചെയ്തു. ശബ്ദം കേട്ടദിക്കിലേയ്ക്ക് ഗോപികമാരും ഗോപാലന്മാരും ഓടിയെത്തി. പരിക്കുകളൊന്നു

പറ്റാത്ത ബാലകനെ പേടിയോടെ ഓടിച്ചെന്നെടുത്തു.ഭൂതലത്തിൽ പതിച്ചുകിടക്കുന്ന പൂതനയെ കണ്ടാൽ ദേവേന്ദ്രൻ ചിറക് അരിഞ്ഞു വീഴ്ത്തി വീണ ശൈലം പോലെ തോന്നി. പൂതനയുടെ മാറിൽ കളിച്ചുകൊണ്ടിരുന്ന ബാലനെ കണ്ടാൽ വൻകുന്നിലേറിക്കളിക്കുന്ന പൈതലേപ്പോലെ തോന്നിപ്പിക്കും. ഇങ്ങനെയുള്ള കാർവർണ്ണനെ കണ്ട് ഓടിച്ചെല്ലുന്ന യശോദ, രത്നത്തെ കാമിച്ച് ചത്തുകിടക്കുന്ന സർപ്പത്തിൻ സമീപത്തുചെല്ലുമ്പോലെ ഭയന്ന്, ലീലകൾ കാണിക്കുന്ന ബാലനെ താലോലിച്ചുകൊണ്ടുപോന്നു. ഇതു കാണുമ്പോൾ ചേതനവേറിട്ട ആനയുടെ ശരീരത്തിൽ നിന്ന് എടുത്തുകൊണ്ടു വരുന്ന സിംഹക്കുട്ടിയെപ്പോലെ തോന്നിപ്പിച്ചു. കാര്യമെന്തെന്ന് മനസ്സിലാക്കാൻ കഴിയാതെ രക്ഷയെ കരുതി എല്ലാവരും വിഗ്രഹത്തിൽ ആരാധന നടത്തി. പെട്ടെന്ന് വല്ലവിമാർ ഗോമൂത്രം കൊണ്ടുവന്നു കുളിപ്പിച്ചു. ഗോധൂളിയേൽപ്പിച്ചു ശരീരത്തിൽ, പശുവിൻ വാലുകൊണ്ട് ഉഴിഞ്ഞു, ഗോമയംകൊണ്ട് ലേപനം ചെയ്തു, ഗോശൃംഗത്തിലെ മണ്ണുകൊണ്ട് രക്ഷയും ഗോപികമാർ ഗോപകുമാരനുവേണ്ടി ചെയ്തു. ഗോപസ്ത്രീകളെല്ലാം പിശാചിനിയുടെ ബാധ ഒഴിപ്പിക്കാനായി തെറ്റുകൂടാതെ വിഷ്ണുനാമങ്ങൾ ചൊല്ലി.

ഈ സമയത്ത് നന്ദനും വല്ലവന്മാരുമായി മന്ദിരത്തിൽ എത്തി. ഭൂതലത്തിൽ പതിച്ചു കിടക്കുന്ന പൂതനയുടെ ഉടൽ കണ്ടു. പിന്നെ വാസുദേവർ പറഞ്ഞ കാര്യത്തെ മാനിച്ചു. പിന്നെ എല്ലാവരുകൂടി പൂതനയുടെ വലിയ ശരീരം ശസ്ത്രം കൊണ്ട് പത്തുനൂറായിരം കഷ്ണമാക്കി ദൂരത്തുകൊണ്ടുപോയി ചുട്ടുകളഞ്ഞുടൻ. കുളി കഴിഞ്ഞ് നാരായണന്റെ നാമങ്ങൾ ചൊല്ലിക്കൊണ്ട് ഓരോ ജോലിയിലേർപ്പെട്ടു.

**ലക്ഷ്മണോപദേശം -- എഴുത്തച്ഛൻ**

**<u>പതിനാറാം നൂറ്റാണ്ടിലെ കേരളസമൂഹം – ഭക്തിപ്രസ്ഥാനവും</u>**

പതിനാറാം നൂറ്റാണ്ടോടെ ഇന്ത്യയിലുടനീളം ഭക്തിപ്രസ്ഥാനം ശക്തി പ്രാപിച്ചു. ശിവകീർത്തനങ്ങൾ ആലപിച്ചുകൊണ്ട് നായന്മാരും , വിഷ്ണുസ്തുതികൾ പാടികൊണ്ട് ആൾവാർമാരും ഗ്രാമങ്ങൾതോറും സഞ്ചരിച്ചു. ഹിന്ദിയിൽ കബീർദാസ്, തുളസീദാസ്, സൂർദാസ് എന്നിവരും തമിഴിൽ കമ്പരും ഭക്തികാവ്യങ്ങൾ എഴുതി. മലയാളം ഒരു സ്വതന്ത്രഭാഷയായി വ്യക്തിത്വം നേടിയ കാലഘട്ടത്തിലാണ് ഭക്തിപ്രസ്ഥാനം കേരളത്തിൽ വേരോടാൻ തുടങ്ങിയത്.

കേരളത്തിലെ ഭക്തിസാഹിത്യത്തിന്റെ ചരിത്രത്തിൽ ശ്രീശങ്കരനുള്ള സ്ഥാനം വളരെ വലുതാണ്. അദ്വൈതചിന്തയുടെ വക്താവായ അദ്ദേഹം ധാരാളം സ്തുതികൾ രചിച്ചിട്ടുണ്ട്. 9 –ാം ശതകത്തിൽ ജീവിച്ചിരുന്ന കേരളീയ രാജാക്കന്മാരായിരുന്ന കുലശേഖര ആഴ്വാർ, പെരുമാൾ തിരുമൊഴി, ചേരമാൻ പെരുമാൾ നായനാരുടെ സ്തോത്രങ്ങളിലുമാണ്. ഭക്തി പ്രസ്ഥാനം ഉയർച്ച പ്രാപിച്ചത്. 13–ാം ശതകത്തോടെ ഭക്തി ഒരു പ്രസ്ഥാനത്തിന്റെ ശക്തിയും ഗൗരവും ഉൾക്കൊണ്ടത്. ഇവരിൽ പ്രഥമഗണനീയൻ രാമചരിതകാരനാണ്. ധാർമ്മികമായ ഉദ്ബോധനത്തിന് ഈ കൃതി പ്രാധാന്യം നല്കിയിരിക്കുന്നു. നിരണം കവികളും ഭക്തിപ്രസ്ഥാനത്തിന്റെ വളർച്ചയുടെ ഒരു സവിശേഷഘട്ടത്തെ പ്രതിനിധാനം ചെയ്തിട്ടുണ്ട്. കണ്ണശ്ശന്മാരുടെ ഭാഷാപരമായ പ്രത്യേകതയാവാം അവരുടെ കൃതികൾക്ക് വേണ്ടത്ര പ്രചാരം ലഭിച്ചില്ല. വാൽമീകി രാമായണത്തെ ഉപജീവിച്ചുകൊണ്ട് പതിനാലാം നൂറ്റാണ്ടിലുണ്ടായ കൃതിയാണ് അയ്യപ്പിള്ള ആശാന്റെ രാമകഥാപ്പാട്ട് ഭക്തിയ്ക്കും ധർമ്മബോധത്തിനും ഉചിതമായസ്ഥാനം നല്കിയ ഈ കൃതി തെക്കൻ കേരളത്തിൽ വളരെ പ്രചാരം സിദ്ധിച്ചു. പതിനഞ്ചാം നൂറ്റാണ്ടിലുണ്ടായ ചെറുശ്ശേരിയുടെ കൃഷ്ണഗാഥയും ഭക്തിയ്ക്ക് തുടക്കം കുറിച്ചെ

ങ്കിലും ഭക്തികാവ്യമെന്ന് പരിഗണിക്കാൻ വയ്യ. കാരണം ശൃംഗാരവും ലളിതസുന്ദരഭാവങ്ങളും ചേർന്നതാണ് കൃഷ്ണഗാഥ. പതിനാറാം നൂറ്റാണ്ടായപ്പോഴേയ്ക്കും ഭാരതത്തിൽ അലയടിച്ചുയർന്ന വൈഷ്ണവഭക്തിപ്രസ്ഥാനത്തിന്റെ അമരക്കാരനായിരുന്നു അമരക്കാരനായിരുന്നു എഴുത്തച്ഛൻ സാംസ്ക്കാരികമായി ജീർണ്ണാവസ്ഥയിലുള്ള ജനതയെ ഭക്തിമാർഗ്ഗത്തിലൂടെ പുനരുദ്ധരിക്കുക എന്ന ശ്രമകരമായ ദൗത്യം നിറവേറ്റിയ മഹാനാണ് എഴുത്തച്ഛൻ.

**ഭക്തിപ്രസ്ഥാനത്തിനു കാരണമായ സാമൂഹികവും ചരിത്രപരവുമായ കാരണങ്ങൾ**

വിദേശീയരായ വർത്തകരുടെയും, ആധിപത്യം ആഗ്രഹിച്ചെത്തിയ വിദേശീയരുടെയും സാന്നിധ്യംകൊണ്ട് കലുഷിതമായ ഒരു കാലഘട്ടത്തിലാണ് എഴുത്തച്ഛൻ തന്റെ സാഹിത്യരചന ആരംഭിക്കുന്നത്. ചാതുർവർണ്യവ്യവസ്ഥയും ജാതിവ്യവസ്ഥയും ശക്തമായി. വേദങ്ങളിലും പുരാണ ങ്ങളിലുമുള്ള അറിവ് ന്യൂനപക്ഷത്തിന്റേതുമാത്രമായി. സമ്പത്തിന്റെയും പദവികളുടെയും പിന്നാലെ ജനം ഓടിത്തുടങ്ങി. സമൂഹത്തിലെ സർവ്വാധികാരികൾ നമ്പൂതിരിമാരായി. മതപരവും വിദ്യാഭ്യാസപ രവുമായ അവകാശങ്ങൾ സാമാന്യജനങ്ങൾക്ക് നിഷേധിച്ചിരുന്നു. ഇങ്ങനെ സാംസ്ക്കാരിക രംഗത്തു നിന്ന് അകറ്റി നിർത്തയ ജനങ്ങളായിരുന്നു ഭൂരിഭാഗവും. ദേവദാസി സമ്പ്രദായവും പ്രബലമായ രീതി യിൽ തുടരുന്നുണ്ടായിരുന്നു. ഇവരെ നായികമാരാക്കി സാഹിത്യരചനകളും ഉണ്ടായിരുന്നു. അസാ ന്മാഗ്ഗജീവിതത്തിന് മേലാളവിഭാഗം പ്രോത്സാഹനങ്ങൾ നല്കിയിരുന്നു.

കേരത്തിലെ രാഷ്ട്രീയസ്ഥിതിയും അവതാളത്തിലായിരുന്നു. കുലശേഖര സാമ്രാജ്യം തകർന്നു. കേരളം ഛിന്നഭിന്നമായി ചെറിയചെറിയ രാജ്യങ്ങൾ രൂപംകൊണ്ടു. ഇവിടെയെല്ലാം പ്രഭു ക്കന്മാരും ഇടപ്രഭുക്കന്മാരും ആധിപത്യം ഉറപ്പിക്കാനുള്ള കിടമത്സരങ്ങൾ നടത്തികൊണ്ടിരുന്നു. ഇങ്ങനെയുള്ള രാഷ്ട്രീയ അരക്ഷിതാവസ്ഥയിലാണ് വിദേശികൾ കേരളത്തിലെത്തുന്നത്. രാജാക്ക ന്മാർ തമ്മിലുള്ള മത്സരം ആദ്യമെത്തിയ പോർച്ചുഗീസ് ശക്തിക്ക് ആധിപത്യം ഉറപ്പിക്കാൻ അവസരം നല്കി. ക്ഷേത്രങ്ങൾ കൊള്ളയടിച്ചു. പാവപ്പെട്ടവരെ അടിമകളാക്കി. മിഷനറിമാരുടെ വരവോടെ ക്രിസ്തുമതത്തിന് പ്രചാരമുണ്ടായി. ഇത് മതമാറ്റത്തിന് അവസരമൊരുക്കി. ഹിന്ദുമതത്തിലെ സവർണ്ണാധിപത്യം താഴെത്തട്ടിലുള്ള ധാരാളം ഹിന്ദുക്കൾ മതപരിവർത്തനം നടത്താൻ കാരണമായി. രാഷ്ട്രീയരംഗത്തുണ്ടായ ശിഥിലീകരണങ്ങൾ സാമൂഹ്യരംഗത്തു പ്രതിഫലിച്ചു. മനുഷ്യനെ സാംസ്ക്കാരികമായി ഉയർത്തേണ്ട സാഹിത്യരംഗവും അരാജകത്വത്തിലായിരുന്നു. മണിപ്രവാളകൃതി കൾ സൻമാർഗ്ഗചിന്തകൾ ജനങ്ങളിലേയ്ക്ക് എത്തിച്ചതുമില്ല. എല്ലാനിലയിലും ഇരുൾനിറഞ്ഞ കേരളീ യജീവിതത്തിലേയ്ക്ക് തൂവെളിച്ചം പകർന്നുകൊണ്ടാണ് എഴുത്തച്ഛൻ തന്റെ സാഹിത്യസപര്യ ആരം ഭിച്ചത്. ജനങ്ങളെ ഭക്തിമാർഗ്ഗത്തിലൂടെ നല്ലവരാക്കി സാംസ്ക്കാരിക ഉയർച്ച നേടാനാണ് അദ്ദേഹം പരിശ്രമിച്ചത്.

## കിളിപ്പാട്ടു പ്രസ്ഥാനം

പതിനാറാം നൂറ്റാണ്ടുമുതൽ ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കം വരെ നിലനിന്ന സമ്പന്നമായൊരു കാവ്യശാഖയാണ് കിളിപ്പാട്ടുപ്രസ്ഥാനം. എഴുത്തച്ഛനോടുകൂടിയാണ് ഈ പ്രസ്ഥാനം അറിയപ്പെടു ന്നതും സമ്പുഷ്ടമാകുന്നതും. മലയാളസാഹിത്യത്തിലെ വളരെ വിസ്തൃതമായ ശാഖയാണ്

കിളിപ്പാട്ട്. വലിപ്പത്തിൽ മാത്രമല്ല ഗുണത്തിലും ഈ കൃതികൾ വേറിട്ടുനിൽക്കുന്നു. മതപരവും ധാർമ്മികവുമായ വിഷയങ്ങളാണ് കിളിപ്പാട്ടുകൾ കൈകാര്യം ചെയ്തത്. എഴുത്തച്ഛനുശേഷം ഈ ശാഖയിൽ ധാരാളം കൃതികൾ ഉണ്ടായി. കിളിയെക്കൊണ്ട് പാടിക്കുന്ന പാട്ടാണ് യഥാർത്ഥത്തിൽ കിളിപ്പാട്ട്. എഴുത്തച്ഛനാണ് കിളിപ്പാട്ടുരീതിയുടെ ഉപജ്ഞാതാവ് എന്നാണ് പൊതുവിലുള്ള വിശ്വാസം. കിളിയെക്കൊണ്ട് പാടിക്കുന്ന പതിവ് വ്യക്തമായി അദ്ദേഹത്തിന്റെ കൃതികളിലാണ് നാം കാണുന്നതെങ്കിലും കിളിപ്പാട്ടുകൾ പണ്ടേ ഭാഷയിൽ ഉണ്ടായിരുന്നു. അരയന്നം, കുയിൽ, വണ്ട് മുതലായവയെക്കൊണ്ട് പാടിച്ചിരുന്ന സമ്പ്രദായം പഴയ കൃതികളിൽ കാണാം. തമിഴിൽ കിളിവിടുത്ത് എന്നൊരു സമ്പ്രദായം ഉണ്ടായിരുന്നു. ഇവിടെ കിളി ശ്രോതാവാണെന്ന വ്യത്യാസം, കിളിപ്പാട്ടിൽ കിളി വക്താവാണ്.

എഴുത്തച്ഛൻ കിളിപ്പാട്ടുരീതി അവലംബിച്ചതിന് പല കാരണങ്ങളാണ് പണ്ഡിതന്മാർ പറയുന്നത്. അറം പറ്റാതിരിക്കാനാണ് കിളിയെകൊണ്ട് കഥപറയിച്ചത് എന്നൊരുവാദം. സരസ്വതീദേവിയുടെ കൈയ്യിലുള്ള ശുകത്തെക്കൊണ്ട് പാടിക്കുമ്പോൾ കാവ്യദോഷങ്ങൾ ആരും കണക്കിലെടുക്കുകയില്ല. കഥാകർത്താവായ ശുകമഹർഷിയെ ഓർമ്മിക്കുകയാണെന്ന് ചിലർ. ശൂദ്രനായ തനിക്ക് ആദ്ധ്യാത്മികവും ദാർശനികവുമായ കാര്യങ്ങൾ കൈകാര്യം ചെയ്യാനുള്ള അധികാരമുണ്ടോ എന്നൊരു സംശയം ഉണ്ടായതുകൊണ്ടാണ് കിളിയെ കൂട്ടുപിടിച്ചതെന്ന ് ചിലർ അഭിപ്രായപ്പെടുന്നു. തമിഴിലെ പൈങ്കിളിക്കണ്ണി പരാപരക്കണ്ണി എന്നീ വൃത്തങ്ങളെ അനുകരിച്ചാണ് കിളിപ്പാട്ടു വൃത്തങ്ങൾ രചിച്ചതെന്നും ഒരഭിപ്രായമുണ്ട്. വിവിധാഭിപ്രായങ്ങളിൽ നിന്ന് ഏതാണ് ശരിയായത് എന്ന് കണ്ടുപിടിക്കാൻ സാധ്യമല്ല. ഏതെങ്കിലും ആദ്ധ്യാത്മികാശത്തിന്റെ സൂചകമായിരിക്കാം ശുകം എന്ന് കരുതാം.

കിളിപ്പാട്ടിലുപയോഗിക്കുന്ന വൃത്തങ്ങൾ കിളിപ്പാട്ടു വൃത്തങ്ങൾ കിളിപ്പാട്ടു വൃത്തങ്ങൾ അറിയപ്പെടുന്നു. കേക, കാകളി, കളകാഞ്ചി, അന്നനട എന്നീ വൃത്തങ്ങളാണ് അവയിൽ പ്രധാനം. ഇവയ്ക്ക് തമിഴ് വൃത്തങ്ങളുമായി സാദൃശ്യമുള്ളതായി കാണാം. ഈ വൃത്തരൂപങ്ങൾ എഴുത്തച്ഛന് മുമ്പ് ഉണ്ടായിരുന്നവയാണെങ്കിലും അവയ്ക്ക് ശക്തമായ കെട്ടുറപ്പും പ്രചാരവും നൽകിയത് എഴുത്തച്ഛനാണ്. പാട്ട്, മണിപ്രവാളപ്രസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായ ഒരു കാവ്യസരണി ആവിഷ്ക്കരിക്കാൻ കിളിപ്പാട്ടിന് കഴിഞ്ഞു.

**തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ - ജീവചരിത്രം**

മലപ്പുറം ജില്ലയിൽ പൊന്നാനിത്താലൂക്കിൽപെട്ട തൃക്കണ്ടിയൂർ അംശത്തിലുള്ള തുഞ്ചൻ പറമ്പാണ് എഴുത്തച്ഛന്റെ ജന്മസ്ഥലം. എഴുത്തച്ഛന്റെ പേര്, കാലം, കൃതികൾ എന്നിവയെക്കുറിച്ച് ഏകാഭിപ്രായമല്ല പണ്ഡിതന്മാർക്കുള്ളത്. എഴുത്തച്ഛന്റെ മാതാപിതാക്കൾ ആരെന്നും വ്യക്തമായ അറിവില്ല. ഒരു നമ്പൂതിരിയ്ക്ക് ചക്കാല നായർ സ്ത്രീയിൽ ജനിച്ച പുത്രനെന്നാണ് ഒരു കഥ. എഴുത്താശാന്മാരുടെ ജാതിയിൽ പിറന്ന ആളാണ് എഴുത്തച്ഛനെന്ന് ആർ. നാരായണപ്പണിക്കർ അനുമാനിക്കുന്നു. ഉള്ളൂരിന്റെ അഭിപ്രായത്തിൽ ക്ഷേത്രപ്രവേശനമുണ്ടായിരുന്ന വട്ടയ്ക്കാട്ട് നായർ തറവാട്ടിലെ ഒരംഗമാണ് എഴുത്തച്ഛൻ. വിദ്വാനായിരുന്നെങ്കിലും ശൂദ്രജാതിയിൽ ജനിച്ചതുകൊണ്ട് വേണ്ടത്ര സാമൂഹികാംഗീകാരം ലഭിച്ചിരുന്നില്ല. അധ്യാപനമായിരുന്നു തൊഴിൽ. ക്രി. വ. 1475–1575 –നും ഇടയി

ലാണ് എഴുത്തച്ഛന്റെ ജീവിതംമെന്ന് വിശ്വസിക്കുന്നു. എഴുത്തച്ഛന്റെ യഥാർത്ഥ നാമധേയം രാമൻ എന്നാണെന്ന് ആർ നാരായണപണിക്കർ അഭിപ്രായപ്പെടുന്നു. എന്നാൽ രാമാനുജൻ എന്ന പേരാണ് സാർവത്രികമായി അംഗീകരിച്ചു പോരുന്നത്. ജ്യേഷ്ഠനും ഗുരുവുമായ രാമാനെ അനുകരുച്ചാണ് എഴുത്തച്ഛൻ എന്നപേരുണ്ടായതെന്നും അതല്ല അധ്യാത്മരാമായണ കർത്താവായ രാമാനന്ദനെ അനുസ്മരിച്ചാണ് ഈ പേര് സ്വീകരിച്ചതെന്നും രണ്ടഭിപ്രായങ്ങളുണ്ട്. എഴുത്തച്ഛന്റെ സന്യാസകാലത്തെ പേരാണ് രാമാനന്ദനെന്നും അതിനാലാണ് ചിറ്റൂരിലെ ആശ്രമത്തിന് രാമാനാന്ദാഗ്രഹാരം എന്ന പേര് വന്നതെന്നും ഈ രാമാനന്ദൻ ഉച്ചാരണത്തിൽ വ്യത്യാസം വന്ന് രാമാനുജൻ ആയതാണെന്നും ഉള്ളൂർ നിഗമിക്കുന്നു.

പാലക്കാട് ജില്ലയിലെ ചിറ്റൂരിലാണ് എഴുത്തച്ഛൻ ജീവിതത്തിന്റെ അവസാനനാളുകളിൽ കഴിഞ്ഞതെന്ന് പറയുന്നു. ശോകനാശിനി എന്നു പേരുള്ള ചിറ്റൂർ പുഴയുടെ തീരത്ത് ശിഷ്യന്മാരുടെ സഹായത്തോടെ അദ്ദേഹം ഒരു മഠം സ്ഥാപിച്ചു. ക്ഷേത്രങ്ങൾ പണിക്കഴിപ്പിച്ചു. എഴുത്തച്ഛൻ താമസിച്ചിരുന്ന രാമാനന്ദാഗ്രഹാരത്തിലെ മഠമാണ് ചിറ്റൂർ മഠം. കൊല്ലവർഷം 732 ധനു 24–ാം തീയതി എഴുത്തച്ഛൻ സമാധിയടഞ്ഞതായി വിശ്വസിക്കുന്നു.

**കൃതികൾ**

അധ്യാത്മരാമായണം, മഹാഭാരതം എന്നിവയാണ് എഴുത്തച്ഛന്റെ പ്രധാനകൃതികൾ ഭാഗവതം എഴുത്തച്ഛൻ രചിച്ചതാണോ എന്ന സംശയം ഇപ്പോഴുമുണ്ട്. ഹരിനാമകീർത്തനം എഴുത്തച്ഛന്റെ ആദ്യകാലകൃതിയാണെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ചിന്താരത്നം, ഉത്തരരാമായണം, ശിവപുരാണം, ഇരുപത്തിനാലുവൃത്തം, ദേവീമാഹാത്മ്യം തുടങ്ങിയകൃതികളും എഴുത്തച്ഛന്റേതെന്ന് സംശയിക്കുന്നു.

**പാഠഭാഗം**

**ലക്ഷ്മണോപദേശം – അയോദ്ധ്യാകാണ്ഡം**

വത്സ! സൗമിത്രേ! കുമാര! നീ കേൾക്കണം

മത്സരാദ്യം വെടിഞ്ഞെന്നുടെ വാക്കുകൾ

..........................................................................

..........................................................................

സാമോദമേവമരുൾചെയ്തിതന്നേരം.

അല്ലയോ കുഞ്ഞേ, ലക്ഷ്മണാ, മത്സരബുദ്ധി ഉപേക്ഷിച്ച് നീ എന്റെ വാക്കുകൾ കേൾക്കുക. നീ ആരാണെന്ന പരാമാർത്ഥം നേരത്തേതന്നെ എനിക്കറിയാം. നിനക്ക് എന്നോടുള്ള വാത്സല്യാധിക്യവും മറ്റാർക്കുമില്ല. നിനക്ക് അസാധ്യമായിട്ട് ഒന്നുമില്ല. അത് തീർച്ചയാണ്. എങ്കിലും ഞാൻ നിന്നോടു ചിലതു പറയാം.

ഇക്കാണുന്ന രാജ്യവും ദേഹം മുതലായവയും പ്രപഞ്ചവും ധനധാന്യാദികളുമെല്ലാം സത്യമാണെങ്കിൽ നിന്റെ പ്രയത്നം ശരിയാണ്. അല്ലെങ്കിൽ ഇതെല്ലാം കൊണ്ട് എന്താണു ഫലം. ലൗകികസുഖങ്ങളെല്ലാം മിന്നൽപ്പിണർപോലെ പെട്ടെന്നു മറയും. ആയുസ്സും വേഗം നശിക്കുമെന്ന് നീ ഓർക്കുക. തീയിൽ ചുട്ടുപഴുത്ത ലോഹത്തിൽ വെള്ളത്തുള്ളിപോലെ പെട്ടെന്നു നശിക്കുന്നതാണ് മനുഷ്യജന്മം. പാമ്പിന്റെ വായിലിരിക്കുന്ന തവള ആഹാരത്തിനാഗ്രഹിക്കുന്നതുപോലെ, കാലമാകുന്ന സർപ്പം വിഴുങ്ങിക്കൊണ്ടിരിക്കുന്ന ജീവികളും ആഗ്രഹം നിറഞ്ഞ മനസ്സോടെ ലൗകികസുഖാനുഭൂതികൾ അന്വേഷിക്കുന്നു.

പുത്രമിത്രാർത്ഥകളത്രാദിസംഗമ–

മെത്രയുമല്പകാലസ്ഥിതമോർക്ക നീ

പാന്ഥർ പെരുവഴിയമ്പലം തന്നിലേ

താന്തരായ്കൂടി വിയോഗം വരുമ്പോലെ

പുത്രന്മാർ, ബന്ധുക്കൾ, സമ്പത്ത്, ഭാര്യ എന്നിവയോടെല്ലാം ബന്ധം അല്പകാലത്തേക്കു മാത്രമാണെന്നോർക്കുക. ക്ഷീണിച്ച്, പെരുവഴിയമ്പലങ്ങളിൽ, തത്കാല വിശ്രമത്തിനുവേണ്ടി വന്നു ചേരുന്ന വഴിയാത്രക്കാർ പലവഴിക്കും പിരിഞ്ഞുപോകുന്നതുപോലെയും, നദിയിൽകൂടി ഒരുമിച്ചൊഴുകിവരുന്ന മരക്കഷണങ്ങൾ പലതായി ഒഴുകിപ്പോകുന്നതുപോലെയുമാണ് ഗാർഹികജീവിതവും ബന്ധങ്ങളും ചഞ്ചലവും അസ്ഥിരവുമാണ്. ഐശ്വര്യവും മനുഷ്യർക്കു സ്ഥിരമായിരിക്കുകയില്ല. യൗവനവും സ്ഥിരമായിട്ട് നിലനിൽക്കുകയില്ല. ഭാര്യാസുഖം മനുഷ്യർക്ക് വെറും സ്വപ്നത്തിനു തുല്യമാണ്. ആയുസ്സ് കുറച്ചുകാലത്തേക്കേ ഉള്ളൂ. രാഗാദികൾകൊണ്ടു നിറഞ്ഞ ലൗകികജീവിതവും ആലോചിച്ചു നോക്കിയാൽ സ്വപ്നംപോലെയാണ്. ഗന്ധർവനഗരംപോലെ സാങ്കല്പികമാണ്. സൂര്യൻ ഉദിച്ച് വേഗത്തിൽ സമുദ്രത്തിൽ മറയുന്നു. നാം ഒന്നുറങ്ങി ഉണരുമ്പോഴേക്കും ഉദയപർവ്വതത്തിനു മുകളിൽ വീണ്ടും സൂര്യനെത്തുന്നു. മൂഢബുദ്ധികളായ ആളുകൾ കാലത്തിനു വരുന്ന മാറ്റം അറിയുന്നില്ല. മായാസമുദ്രത്തിൽ മുഴുകിക്കിടക്കുന്നതുകൊണ്ട് ആയുസ്സു നഷ്ടമായിക്കൊണ്ടിരിക്കുന്നതും അവരറിയുന്നില്ല. വാർദ്ധക്യമായി ജരാനരകൾ ബാധിച്ചാലും ചിലർ വലിയ അജ്ഞാനത്തോടെ (ആഗ്രഹങ്ങളൊന്നും പൂർത്തിയായില്ല എന്ന വിഷാദത്തോടെ)മരിക്കുന്നു. ബാഹ്യപ്രപഞ്ചം നാം കണ്ടുകൊണ്ടിരിക്കുന്നുവെങ്കിലും മായയുടെ വൈഭവം ചിന്തിച്ചു മനസ്സിലാക്കുന്നില്ല.

ഇപ്പോൾ പകലാണ്. പിന്നീടു രാത്രി വരും. അതിനു പിന്നാലേ പകലും വരും. ഇങ്ങനെ വിചാരിച്ചുകൊണ്ടിരിക്കുന്ന മൂഢമതികൾ, ഈശ്വരന്റെ ലക്ഷ്യത്തെക്കുറിച്ചോ, കാലസ്വരൂപനായ ആ ഭഗവാന്റെ ലീലാവിലാസങ്ങളെക്കുറിച്ചോ അറിയാതെ, പച്ചമൺകുടത്തിൽ നിറച്ചുവച്ച വെള്ളം അല്പാല്പം ചോർന്നുപോകുന്നത്പോലെ ശരീരത്തിൽ നിന്നും ജീവൻ വിട്ടുപോകുന്നത് അറിയുന്നില്ല. ആരുടെ ശരീരമായാലും രോഗമാകുന്ന ശത്രുക്കൾ വന്ന് നശിപ്പിക്കും. പെൺപുലിയെപ്പോലെ ജരയും ശരീരത്തെ ആക്രമിച്ചു നശിപ്പിക്കാനെത്തും. മരണവും ഒരുനേരം പിരിയാതെ അവസരവും നോക്കി ഉള്ളിലിരിക്കുന്നു.

ദേഹം നിമിത്തമഹംബുദ്ധി കൈക്കൊണ്ടു

മോഹം കലർന്നു ജന്തുക്കൾ നിരൂപിക്കും

ബ്രാഹ്മണോഹം നരേന്ദ്രാഹമാഢ്യോഹമെ–

ന്നാമ്രേഡിതം കലർന്നീടും ദശാന്തരേ.

ദേഹബോധം നിമിത്തമുള്ള അഹംബുദ്ധികൊണ്ട് അജ്ഞാനികളായ മനുഷ്യർ ഞാൻ ബ്രാഹ്മനാണ്, ഞാൻ രാജാവാണ്, ഞാൻ ആഢ്യനാണ് എന്ന് ഉരുവിട്ടുകൊണ്ട് അഹങ്കരിച്ചിരിക്കുമ്പോൾ മരണം ആഗതമാകും നമ്മുടെ ജഡം ജന്തുക്കൾ ഭക്ഷിച്ച് കാഷ്ഠിച്ചെന്നു വരും,വെന്ത് വെണ്ണീറാവാം, മണ്ണിനടിയിൽ കൃമികളായിത്തീരാം. അതിനാൽ ശരീരത്തെക്കുറിച്ചുള്ള അതിമോഹം നന്നല്ല. പഞ്ചഭൂതനിർമ്മിതമായ ഈ ശരീരം തൊലി, മാംസം, രക്തം, മലം, മൂത്രം, ശുക്ലം എന്നിവ ചേർന്നതാണ്. മായാമയവും നാശോന്മുഖവുമായ ഈ ശരീരം മാറിക്കൊണ്ടിരിക്കുന്ന ഒന്നാണ്.

ദേഹത്തെക്കുറിച്ചുള്ള അഭിമാനംനിമിത്തമുണ്ടായ മോഹംകൊണ്ട് ഈ ലോകം ദഹിപ്പിച്ചുകളയാമെന്നു നീ കരുതിയത് നിന്റെ അജ്ഞതകൊണ്ടാണ്. ദേഹാഭിമാനികൾക്ക് ദോഷങ്ങളെല്ലാമുണ്ടാകുന്നത് കോപം നിമിത്തമത്രേ. ഞാൻ ഈ ദേഹമാണ് എന്ന വിചാരം മനുഷ്യർക്ക് മോഹത്തെ ജനിപ്പിക്കുന്ന അവിദ്യയാണ്. ഞാൻ ദേഹമല്ല ആത്മാവാണെന്ന ബോധം മോഹത്തെ നശിപ്പിക്കുന്ന വിദ്യയാണ്.

സംസാരകാരിണിയായതവിദ്യയും

സംസാരനാശിനിയായതും വിദ്യയും

സംസാരത്തിന് കാരണം അവിദ്യയാണ്. വിദ്യയാണ് സംസാരത്തെ നശിപ്പിക്കുന്നത്. അതിനാൽ മോക്ഷം നേടണമെന്നാഗ്രഹിക്കുന്നവർ ഏകാഗ്രബുദ്ധിയോടെ വിദ്യ പരിശീലിക്കണം അവിടെ പരിശീലന സമയത്ത് കാമം, ക്രോധം, ലോഭം, മോഹം തുടങ്ങിയ ശത്രുക്കളുണ്ടെന്നു മനസ്സിലാക്കണം. അച്ഛൻ, അമ്മ, സഹോദരൻ, ബന്ധുക്കൾ, സ്നേഹിതന്മാർ എന്നിവരെ ക്രോധം നിമിത്തം മനുഷ്യർ കൊല്ലുന്നു. ക്രോധം മനോദുഃഖത്തിന് ഇടയാക്കുന്നു. മനുഷ്യർക്ക് ലൗകികബന്ധനങ്ങളുണ്ടാക്കുന്നത് കോപമാണ്. തന്റെ ധർമ്മബോധത്തെ നശിപ്പിക്കുന്നതും കോപംതന്നെ. അതിനാൽ അറിവുള്ളവർ കോപത്തെ ഉപേക്ഷിക്കണം. ക്രോധംതന്നെയാണ് കാലൻ; തൃഷ്ണ വൈതരണീ നദിയാണ്; സന്തോഷം നന്ദനോദ്യാനമത്രേ; ശാന്തിയാണ് കാമധേനു. അതിനാൽ ശാന്തിയെത്തന്നെ ഭജിക്കുക. എന്നാൽ ഒരുതരത്തിലും നിനക്ക് ദുഃഖമുണ്ടാവില്ല.

ദേഹം, ഇന്ദ്രിയങ്ങൾ, പ്രാണൻ, ബുദ്ധി തുടങ്ങിയവയ്ക്കെല്ലാം മുകളിൽ നിൽക്കുന്നതാണ് ആത്മാവ്. സ്വയം പ്രകാശകനും ആനന്ദപൂർണ്ണനും തത്ത്വങ്ങളുടെ പൊരുളായിട്ടുള്ളവനും നിരാകരനും നിത്യനും ഇന്ദ്രിയാതീതമായ ജ്ഞാനസ്വരൂപനും പരമാത്മനും നിർവികാരനും ശ്രേഷ്ഠനും സകലതിനും കാരണക്കാരനും സകലലോകവും നിറഞ്ഞിരിക്കുന്നവനും സർവത്തിനും സാക്ഷിയും സർവജ്ഞനുമായ ഈശ്വരനെ നീ എപ്പോഴും മനസ്സിൽ വിചാരിച്ചുകൊള്ളുക. അറിവുള്ള നീ

കേട്ടുകൊള്ളുക. സുഖവും ദുഃഖവും നല്കുന്ന പ്രാരാബ്ധകർമ്മങ്ങളെല്ലാം നീ അനുഭവിക്കണം. കർമ്മേന്ദ്രിയങ്ങൾകൊണ്ട് കർത്തവ്യമെല്ലാം ശരിയായി അനുഷ്ഠിക്കണം. ഒരു പ്രവർത്തയിലും ആസക്തിയില്ലാതെ, കർമ്മഫലങ്ങൾ ആഗ്രഹിക്കാതെ, വിധിപ്രകാരം, പരമാത്മാവിൽ സമർപ്പിച്ചു വേണം കർമ്മങ്ങൾ ചെയ്യേണ്ടത്. എങ്കിൽ കർമ്മങ്ങളൊന്നിനും നിർമ്മലമായ ആത്മാവിനോടു ബന്ധമുണ്ടാവില്ല.

ഞാൻ പറഞ്ഞതെല്ലാം മനസ്സിലാക്കി ജ്ഞാനസ്വരൂപത്തെ ചിന്തിച്ച്, ദേഹാഭിമാനം എല്ലാം ഉപേക്ഷിച്ച്, പരമാന്ദത്തോടെ മായ നിമിത്തമുണ്ടായ മോഹങ്ങളെല്ലാം മനസ്സിൽനിന്നകറ്റുക. ഞാൻ ദേഹമാണെന്നുള്ള വിചാരമാണ് സകല ആപത്തിനും കാരണം.

ലക്ഷ്മണനോട് ഇപ്രകാരം പറഞ്ഞിട്ട് പ്രസന്നവദനനായ ശ്രീരാമൻ അമ്മയോടു പറഞ്ഞു; അമ്മേ ഞാൻ പറയുന്ന വാക്കുകൾ സന്തോഷത്തോടെ കേൾക്കണം. അതു കേട്ടു വിഷാദിക്കരുത്. ആത്മാവിനെക്കുറിച്ച് അറിയാത്തവർ ചെയ്യുന്നതുപോലെ ആത്മാവിനെ പീഢിപ്പിക്കരുത്. എല്ലാ ലോകങ്ങളിലും വസിക്കുന്ന ജനങ്ങൾ എല്ലായ്പ്പോഴും ഒരുമിച്ച് ജീവിക്കുക അസാധ്യമാണ്. എല്ലാക്കാര്യങ്ങളും അറിയാവുന്നവളാണല്ലോ അമ്മ.

"പതിനാലു വർഷം കാട്ടിൽ താമസിച്ചിട്ട് വേഗം ഞാൻ തിരിച്ചു വരും. ദുഃഖമെല്ലാം ഉപേക്ഷിച്ച് കാരുണ്യത്തോടെ എന്നെ അനുഗ്രഹിക്കണം. അച്ഛന്റെ ആഗ്രഹം എന്താണോ അതുതന്നെ അമ്മയുടെ ആഗ്രഹം എന്നു വിചാരിക്കണം. ഭർത്താവിന്റെ പ്രവൃത്തികൾ അനുകരിക്കലാണ് സ്ത്രീകളുടെ പാതിവ്രതനിഷ്ഠ. അമ്മ സസന്തോഷം അനുവദിച്ചാൽ വനവാസം നിമിത്തം എനിക്കു ദുഃഖമുണ്ടാകയില്ല. അമ്മ ദുഃഖമില്ലാതെ ഇവിടെക്കഴിയുകയാണെങ്കിൽ വനവാസം എനിക്കു സുഖകരമായിരിക്കും. എന്നു പറഞ്ഞുകൊണ്ട് അമ്മയുടെ പാദങ്ങളിൽ രാമൻ വീണ്ടും വീണ്ടും നമസ്ക്കരിക്കുന്നു.

അമ്മ വാത്സ്യലത്തോടെ മകനെ പിടിച്ചു മടിയിലിരുത്തി. ശിരസ്സിൽ കണ്ണുനീർകൊണ്ടഭിഷേകം ചെയ്തിട്ട്, ആശീർവദിച്ചിട്ട് ദേവകളോട് ഇങ്ങനെ യാചിച്ചു: സൃഷ്ടികർത്താവും വിരിഞ്ചനും പത്മാസനുമായ ബ്രഹ്മാവേ, ദയാനിധിയും പുരുഷോത്തമനുമായ വിഷ്ണോ, മൃത്യുഞ്ജനും ഗൗരീപതിയുമായ മഹാദേവാ, ഇന്ദ്രൻ തുടങ്ങിയ ദിക്പാലകന്മാരേ, ദുർഗയും ദുഃഖവിനാശിനിയും ആയ ഭഗവതീ, സൃഷ്ടീസ്ഥിതിലയകാരിണിയായ ചണ്ഢികേ, എന്റെ മകൻ നടക്കുമ്പോഴും, ശുചിയായി വിശ്രമിക്കുമ്പോഴും, ഗാഢനിദ്രയിൽ മുഴുകുമ്പോഴും നിങ്ങൾ സന്തോഷപൂർവം എന്റെ മകനെ രക്ഷിച്ചുകൊള്ളണേ എന്നു പ്രാർത്ഥിച്ചുകൊണ്ട് കണ്ണീരടക്കി രാമനെ മുറുകെപ്പുണർന്നു. പതിനാലു വർഷം വനത്തിൽ കഴിഞ്ഞിട്ട് എന്റെയടുത്തു വരിക' എന്ന് അനുവാദം നല്കി. പെട്ടെന്ന് ലക്ഷ്മണൻ രാമനെ നമസ്കരിച്ചിട്ട് ഗദ്ഗദത്തോടെ, മനോവിഷമം കൂടാതെ ഇങ്ങനെ പറഞ്ഞു:

"എന്റെ മനസ്സിലുണ്ടായിരുന്ന സംശയം തീർന്നു. അങ്ങയുടെ പാദസേവയ്ക്കായി അടിയൻകൂടി വരുന്നതിന് സന്തോഷപൂർവം അനുവദിക്കണം. അല്ലെങ്കിൽ, ദയാനിധിയും സീതാപതിയും രഘുനാഥനും ചന്ദ്രനു തുല്യമായ മുഖമുള്ളവനുമായ, ശ്രീരാമചന്ദ്രാ ഞാൻ എന്റെ ജീവനൊടുക്കും."

"എങ്കിൽ നീ എന്റെ കൂടെപ്പോരുക" എന്ന് ശ്രീരാമൻ അനുവാദം നല്കിയിട്ട് സീതയോട് യാത്രപറയുന്നതിനായി സന്തോഷപൂർവം സീതയുടെ വാസസ്ഥലത്തേക്കു പോയി. ഭർത്താവു വന്നതു കണ്ട് സീത പുഞ്ചിരിയോടെ എഴുന്നേറ്റ് സ്വർണപ്പാത്രത്തിരുന്ന വെള്ളംകൊണ്ട് ശ്രീരാമന്റെ പാദം കഴുകി. ലജ്ജയോടെ ഇങ്ങനെ ചോദിച്ചു:

"ആരുടെയും അകമ്പടിയില്ലാതെ, കാൽനടയായി ഇങ്ങോട്ടു എഴുന്നള്ളിയത് എന്താണ്? കൊമ്പനാന എവിടെ? വെൺകൊറ്റക്കുടയും താലവൃന്തവും വെഞ്ചാമരവും വാദ്യഘോഷങ്ങളും സ്വർണാഭരണാദി അലങ്കാരങ്ങളും സാമന്തരാജാക്കന്മാരും ഇല്ലാതെ സന്തോഷത്തോടുകൂടി വന്നത് എന്തിനാണ്?" സീതയുടെ വാക്കുകൾ കേട്ട് രാമൻ പറഞ്ഞു: "എനിക്ക് പുണ്യം നേടാനായി അച്ഛൻ എനിക്ക് ദണ്ഡകവനമെന്ന രാജ്യം നല്കി. ആ രാജ്യം ഭരിക്കാൻ ഞാൻ പോകുന്നു. നീ ദുഃഖമില്ലാതെ കൗസല്യാമാതാവിനെയും ശുശ്രൂഷിച്ചുകൊണ്ട് ഇവിടെ സുഖമായി വസിക്കുക."

ഭർത്താവിന്റെ വാക്കുകൾ കേട്ട് സീത ഇങ്ങനെ പറഞ്ഞു: " രാത്രിയിൽപോലും അങ്ങയെ പിരിഞ്ഞിരിക്കാൻ കഴിയാത്തവിധം അച്ഛന് അങ്ങയോട് സ്നേഹമുണ്ടായിരുന്നല്ലോ. എന്നിരിക്കേ വനരാജ്യം തരാൻ എന്താണു കാരണം. അങ്ങയെ യുവരാജാവാക്കി അഭിഷേകം നടത്താൻ സന്തോഷത്തോടുകൂടി ഇന്നലെ ഒരുക്കങ്ങൾ ആരംഭിച്ചതും രാജാവുതന്നെയല്ലേ? ഭർത്തവേ, അങ്ങു പറയുന്നതു സത്യമാണോ? ഈ വാർത്ത അത്യന്തം വിചിത്രമായിരിക്കുന്നു."

ഇതു കേട്ട ശ്രീരാമൻ പറഞ്ഞു: " സ്ത്രീരത്നമേ കേൾക്കൂ, ദേവലോകത്തു വച്ചു നടന്ന ദേവാസുരയുദ്ധത്തിൽ ഇന്ദ്രനെ സഹായിക്കാൻ വലിയ പരാക്രമിയായിരുന്ന അച്ഛനും പോയിരുന്നു. ആ അവസരത്തിൽ കൈകേയിയമ്മയ്ക്ക് അച്ഛൻ രണ്ട് വരം കൊടുത്തു. അവയിലൊന്ന് ഭരതനെ രാജാവായി വാഴിക്കണം. രണ്ട് എന്നെ വനത്തിലയയ്ക്കണം. സത്യലംഘനമുണ്ടാകുമെന്നു ഭയന്ന് അച്ഛൻ അമ്മ ചോദിച്ച രണ്ടു വരങ്ങളും നല്കി. അതിനാൽ ഇന്ന് ഞാൻ വനത്തിനു പോകയാണ്. പതിനാലു വർഷം ദണ്ഡകവനത്തിൽ വസിച്ചിട്ട് പ്രയാസം കൂടാതെ ഞാൻ മടങ്ങി വരും. ഇതിന് നീ തടസ്സം പറയരുത്. ദുഃഖം കൂടാതെ അമ്മയോടൊത്ത് നീ ഇവിടെ താമസിക്കുക."

ഇങ്ങനെ പറഞ്ഞ ശ്രീരാമനോട് ചന്ദ്രമുഖിയായ സീത പറഞ്ഞു: " വനത്തിലേക്ക് ഞാൻ മുമ്പേ നടക്കാം. അങ്ങ് എന്റെ പിന്നാലേ എഴുന്നള്ളിയാൽ മതി. ഒന്നുകൊണ്ടും എന്നെ പിരിഞ്ഞുപോകുന്നത് അങ്ങേക്കുചിതമല്ല."

പ്രിയവാദിനിയും സുന്ദരിയുമായ സീതയോട് ശ്രീരാമൻ പറഞ്ഞു എങ്ങനെയാണ് മരങ്ങൾ തിങ്ങിനിറഞ്ഞ കാട്ടിലേക്ക് നിന്നെ ഞാൻ കൂട്ടിക്കൊണ്ടു പോകുന്നത്? ഭയങ്കരങ്ങളായ സിംഹങ്ങൾ, കടുവകൾ, പന്നികൾ, പോത്തുകൾ, ആനകൾ, പാമ്പുകൾ, കരടികൾ, ചെന്നായ്ക്കൾ, നരഭോജികളായ രാക്ഷസർ, മറ്റു ദുഷ്ടജന്തുക്കൾ എന്നിവയെല്ലാം വനത്തിൽ ധാരാളമുണ്ട്. അവയെക്കണ്ടാൽ നമുക്ക് ഭയവും സങ്കടവുമുണ്ടാകും. വിശേഷിച്ചും സ്ത്രീകൾക്ക് കൂടുതൽ പേടിയുണ്ടാകുമെന്നറിയണം. അവിടെ എരിവും പുളിയും കയ്പും ഉള്ള കായ്കളും ഫലങ്ങളുമാണ് തിന്നാൻ കിട്ടുക. നല്ല

കറികൾ, അപ്പം, ചോറ് മുതലായ ഭക്ഷ്യപദാർത്ഥങ്ങളും തേൻ, പാൽ മുതലായ വിശിഷ്ടപാനീയങ്ങളും അവിടെ കിട്ടുകയില്ല. വഴികളാകട്ടെ കുന്നും കുഴിയും ഗുഹയും കല്ലും മുള്ളും നിറഞ്ഞ് സഞ്ചരിക്കാൻ പ്രയാസമുള്ളതാണ്. പെരുവഴി ഏതാണെന്നു ചോദിച്ചറിയാൻ കാട്ടിലാരെയും കിട്ടുകയില്ല. തണുത്ത കാറ്റിന്റെയും വെയിലിന്റെയും ഉപദ്രവം വളരെക്കൂടുതലാണ്. കാൽനടയായിട്ടു വേണം സഞ്ചരിക്കാൻ, ദുഷ്ടരായ രാക്ഷസരെ കണ്ടാൽ ആരും ഭയന്നുവിറയ്ക്കും. അതിനാൽ ഞാൻ പറഞ്ഞതനുസരിച്ച് അമ്മയെയും പരിചരിച്ച് ഇവിടെ കഴിയുക. പതിനാലു വർഷം കഴിഞ്ഞാലുടനേ തീർച്ചയായും ഞാൻ തിരിച്ചെത്തും.

ശ്രീരാമന്റെ വാക്കുകൾ കേട്ട് വർദ്ധിച്ച സങ്കടത്തോടെ സീത വീണ്ടും പറഞ്ഞു: "നാഥാ ഞാൻ പതിവ്രതയായ ധർമ്മപത്നിയാണ്. എനിക്ക് മറ്റൊരാശ്രയമില്ല. ഒരു തെറ്റും ഞാൻ ചെയ്തിട്ടില്ല. അങ്ങയുടെ പാദശുശ്രൂഷ എന്ന എന്റെ വ്രതം മുടക്കരുത്. എപ്പോഴും അങ്ങയുടെ സമീപം വസിക്കുന്ന എന്നെ മറ്റാർക്കെങ്കിലും ഉപദ്രവിക്കാൻ കഴിയുമോ! കിഴങ്ങോ ഫലമോ ജലമോ എന്താഹാരമായാലും വേണ്ടില്ല. ഭർത്താവ് ഭക്ഷിച്ചതിന്റെ ബാക്കി എനിക്ക് അമൃതിനു തുല്യമാണ് ഭർത്താവിനൊപ്പം നടക്കുമ്പോൾ കൂർത്തമൂർത്ത കല്ലും മുള്ളും എല്ലാം എനിക്ക് പൂക്കൾ വിതറിയിരിക്കുന്നതിന് തുല്യമാണ്. കാമദേവസമനായ അങ്ങ് എന്നെ ഉപേക്ഷിച്ചു പോകരുത്. ഞാൻ നിമിത്തം നിനക്ക് ഒരുപദ്രവവും ഉണ്ടാവുകയില്ല. എനിക്ക് ഒന്നിനെയും പേടിയില്ല. ഒരിക്കൽ ജ്യോതിശാസ്ത്രജ്ഞൻ, കണക്കുകൂട്ടി എന്നോടു പറഞ്ഞിട്ടുണ്ട്, " ഭർത്താവിനോടൊപ്പം ഭവതിയ്ക്ക് കാനനവാസത്തിനിടയാകും. സംശയമില്ല." ഇക്കാര്യം ഞാൻ മുമ്പ് തന്നെ കേട്ടിട്ടുണ്ട്. ഇത് സത്യമാണ്. ഇനി ഞാൻ ഒരു കാര്യം കൂടി പറയാം. പല കവിശ്രേഷ്ഠന്മാരും രാമായണങ്ങൾ രചിച്ചിട്ടുണ്ടെന്ന് ഞാൻ കേട്ടിട്ടുണ്ട്. അവയിലേതിലെങ്കിലും സീതയോടുകൂടിയല്ലാതെ രാമൻ വനത്തിൽ പോയതായി പറഞ്ഞിട്ടുണ്ടോ? പ്രകൃതിയിൽനിന്നും ഭിന്നനായ പുരുഷനുണ്ടോ? ചിന്തിച്ചുനോക്കിയാൽ രണ്ടും ഒന്നുംതന്നെ. വിവാഹസമയത്തു ചൊല്ലിതന്ന മന്ത്രത്തിന്റെ അർത്ഥവും നോക്കണം. മരണസമയത്തുപേപോലും ഭാര്യയും ഭർത്താവും തമ്മിൽ പിരിയുകയില്ല.

അല്ലയോ വല്ലഭേ, നീ എന്നോടൊപ്പം പോരൂ, ഇക്കാര്യം ചൊല്ലി നീ സങ്കടപ്പെടേണ്ടാ. മാല മുതലായ ആഭരണങ്ങൾ അരുന്ധതീദേവിക്കു ദാനം ചെയ്യുക. അനന്തരം ബ്രാഹ്മണന്മാരെ വരുത്താൻ രാമൻ ലക്ഷ്മണനോട് പറഞ്ഞു. അതനുസരിച്ച് അവരെ വരുത്തി. സദാചാരനിഷ്ഠരും, കുലം, ശീലം മുതലായ ഗുണങ്ങളാൽ ഉത്തമന്മാരും ഗൃഹസ്ഥരും വേദപണ്ഡിതരുമായ ബ്രാഹ്മണ ശ്രേഷ്ഠന്മാർക്ക് വസ്ത്രങ്ങൾ, പശുക്കൾ, ധനം എന്നിങ്ങനെ പലതും ദാനം ചെയ്തു. അമ്മയുടെ സേവകരായ ബ്രാഹ്മണർക്കും തുടർന്ന്, അന്തഃപുരവാസികൾ, മറ്റു സേവകർ എന്നിവർക്കും പലപല ദാനങ്ങൾ നല്കി. അവരെല്ലാം ആനന്ദപരവശരായി. താപസന്മാരും ബ്രാഹ്മണരും കണ്ണീരൊഴുക്കിക്കൊണ്ട് രാമനെ ആശീർവദിച്ചു. സീതാദേവിയും സന്തോഷപൂർവം ദാനങ്ങൾ നല്കി.

അമ്മയായ സുമിത്രയെ ലക്ഷ്മണൻ കൗസല്യയുടെ കൈയിൽ സമർപ്പിച്ചിട്ട്, വന്ദിച്ചപ്പോൾ, സുമിത്ര മകനെ സസന്തോഷം ആലിംഗനം ചെയ്ത് അനുഗ്രഹിച്ചു. തുടർന്ന് ഇങ്ങനെ ഉപദേശിച്ചു: നീ ജ്യേഷ്ഠനെ പരിചരിച്ചുകൊണ്ട് പിരിയാതെ എപ്പോഴും മുമ്പേ നടക്കണം. രാമനെ സദാ ദശരഥ

നെന്നും, എന്നെ സീതയെന്നും, വനത്തെ അയോദ്ധ്യയെന്നും നീ എപ്പോഴും കരുതണം. ഇക്കാര്യം ആത്മാർത്ഥമായി മനസ്സിലുറപ്പിച്ചുകൊണ്ട് നീ സുഖമായി പോയ് വരിക.

അഗ്രജൻതന്നെപ്പരിചരിച്ചെപ്പൊഴും–

മഗ്രേ നടന്നുകൊള്ളേണം പിരിയാതെ

രാമനെ നിത്യം ദശരഥനെന്നുള്ളി–

ലാമോദമോടു നിരൂപിച്ചുകൊള്ളണം.

എന്നെ ജനകാത്മകജയെന്നുറച്ചുകൊൾ

പിന്നെയയോദ്ധ്യയെന്നോർത്തീടടവിയെ.

അമ്മയുടെ വാക്കുകൾ ശിരസാവഹിച്ച് ആദരപൂർവം അവരെ തൊഴുതിട്ട്, അമ്പും വില്ലും കൈയിലെടുത്തുകൊണ്ട് ലക്ഷ്മണൻ ശ്രീരാമന്റെ അടുത്തെത്തി വണങ്ങി നിന്നു. ശ്രീരാമൻ സീതയോടും ലക്ഷമണനോടും കൂടി പിതാവിനെ വന്ദിക്കാൻ പോകുമ്പോൾ, പൗരജനങ്ങളെ സ്നേഹപൂർവം കടാക്ഷിച്ചു. സുന്ദരനും കുമാരനും മനോഹരനും നീലനിറംകൊണ്ട് ആകർഷകമായ ശരീരമുള്ളവനും കാമദേവനു തുല്യനും അഭീഷ്ടങ്ങളെല്ലാം നല്കുന്നവനും സകലലോകങ്ങൾക്കും ആനന്ദപ്രദനും ആത്മാരാമനും താമരക്കണ്ണനും ശിവനാൽ സേവിക്കപ്പെട്ടവനും എല്ലാ ലോകങ്ങളിലും നിറഞ്ഞിരിക്കുന്നവനും ആയ ശ്രീരാമൻ, പിതൃഗൃഹത്തിലേക്കു നടന്നുപോകുന്നതു കണ്ട് ദുഃഖത്തോടു കൂടി പൗരന്മാർ പരസ്പരം ഇങ്ങനെ പറഞ്ഞു. “കഷ്ടം! കഷ്ടം! നോക്കൂ ദൈവമേ എന്താണ് ഇങ്ങനെ സംഭവിച്ചത്? സഹോദരനും ഭാര്യയുമൊന്നിച്ച്, കല്ലും മുള്ളും കുണ്ടും കുഴിയും നിറഞ്ഞ് ദുർഘടമായ കാട്ടുവഴിയിലൂടെ, ചെന്താമരയ്ക്കു തുല്യമായ പാദങ്ങളുമൂന്നി, നിത്യവും നടക്കാൻ കല്പിച്ച രാജാവിന്റെ മനസ്സ് അതികഠിനംതന്നെ. ദശരഥനുള്ളതുപോലെ പുത്രവാത്സല്യം ഇന്നലെ വരെ മറ്റാർക്കുമില്ലായിരുന്നു. ഇന്ന് അദ്ദേഹത്തിന് ഇങ്ങനെ തോന്നാൻ കാരണമെന്ത്?’’ ഇതുകേട്ട് മറ്റൊരുത്തൻ പറഞ്ഞു: “ കൈകേയിക്ക് രണ്ടു വരങ്ങൾ കൊടുത്തുവത്രേ. അതിനാൽ ശ്രീരാമൻ വനത്തിലേക്കു പോകുന്നു. അപ്പോൾ ഭരതൻ രാജ്യം ഭരിക്കേണ്ടിവരും. അങ്ങനെയാണെങ്കിൽ നമുക്കു കൂടെ വനത്തിലേക്കു പോകാം. ശ്രീരാമനെ പിരിയുന്നത് നാമെങ്ങനെ സഹിക്കും!”

ഇപ്രകാരം പൗരന്മാരായ ബ്രാഹ്മണരും മറ്റും പറഞ്ഞ വാക്കുകൾ കേട്ട് വാമദേവൻ എന്ന മഹർഷി സന്തുഷ്ടചിത്തനായി ഇങ്ങനെ പറഞ്ഞു.

## തുള്ളൽ പ്രസ്ഥാനം

തുള്ളലിന്റെ ഉത്ഭവം – തുള്ളൽപ്രസ്ഥാനത്തിന്റെ ജനയിതാവായി കുഞ്ചൻനമ്പ്യാരെ ഒരു പരിധിവരെ മാത്രമേ ചരിത്രകാരന്മാർക്ക് സ്വീകരിക്കാൻ കഴിഞ്ഞിട്ടുള്ളൂ. കൂത്തിനു മിഴാവുകൊട്ടികൊണ്ടിരുന്ന നമ്പ്യാർ ഉറക്കം തൂങ്ങുന്നത് കണ്ട് ചാക്യാർ അദ്ദേഹത്തെ ആക്ഷേപിച്ചുവെന്നു, ആ പകപോക്കുന്നതിനായി അന്നു രാത്രിതന്നെ ഒരു തുള്ളൽക്കഥ നിർമ്മിച്ച് പിറ്റേദിവസം കൂത്തിന്റെ സമയത്ത് കളിത്തട്ടിൽക്കയറി നമ്പ്യാർ തുള്ളിയെന്നുമാണ് ഈ പ്രസ്ഥാനത്തിന്റെ ഉത്പത്തിയെക്കുറിച്ചുള്ള ഐതിഹ്യം. ഇത് എത്രത്തോളം വിശ്വാസയോഗ്യമാണെന്ന് അറിയില്ല. ഹാസ്യപ്രധാനമാണ് തുള്ളൽക്കവിതകൾ.

തുള്ളൽ ഒരു ദൃശ്യകലയാണ് ഒപ്പം ശ്രാവ്യവും. അമ്പലപ്പുഴ പ്രദേശങ്ങളിൽ നടപ്പുണ്ടായിരുന്ന പടയണി എന്ന പ്രാകൃത കലാരൂപം പരിഷ്കരിച്ചാണ് തുള്ളലെന്ന ദൃശ്യകല സൃഷ്ടിച്ചതെന്ന അഭിപ്രായമുണ്ട്. ഇന്ന് കാണുന്ന മിക്ക കലകളുടെയെല്ലാം ആവിർഭാവം അവിടുത്തെ അപരിഷ്കൃതങ്ങളായ പഴയ അഭിനയരീതികളിൽനിന്നാണെന്ന് കാണാൻ കഴിയും. കേരളത്തിലെ മിക്ക ജാതിക്കാരുടെയും ഇടയിൽ അവരവരുടേതായ ചില നൃത്തസമ്പ്രദായങ്ങളും അവയ്ക്ക് യോജിച്ച ഗാനരീതികളും ഇന്നും നിലവിലുണ്ട്. ഇത്തരം അഭിനയങ്ങളും ഗാനരീതികളും കാലക്രമത്തിൽ പരിഷ്ക്കരിക്കപ്പെടുന്നതായി കാണാൻ കഴിയും. ഇങ്ങനെ അനുക്രമമായി രൂപാന്തരം പ്രാപിച്ചുവന്ന ചില പ്രാചീനനൃത്തരീതികളാണ് ഒടുവിൽ തുള്ളൽപ്രസ്ഥാനമായി വികസിച്ചുവന്നത്.

## തുള്ളൽ മൂന്നുവിധം

പറയൻ, ശീതങ്കൻ, ഓട്ടൻ എന്നിങ്ങനെ കേരളത്തിലെ ചില ആദിമനിവാസികളുടെ ജാതിനാമം സൂചിപ്പിച്ചുകൊണ്ടാണ് നമ്പ്യാർ തുള്ളലുകൾക്ക് നാമകരണം ചെയ്തതെന്ന് ഏ. ഡി. ഹരിശർമ്മ അഭിപ്രായപ്പെടുന്നു. പേരുകളിൽ നിന്നുതന്നെ അവയുടെ ഉത്ഭവസ്ഥാനം മനസ്സിലാക്കാം വക്താവ് പറയനാണെന്ന് പല സ്ഥലങ്ങളിലും നമ്പ്യാർ തന്നെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് പറയൻ തുള്ളലിന് ജാതിനാമവുമായി ബന്ധമുണ്ടെന്ന് പറയാം എന്നാൽ ശീതങ്കൻ എന്ന പദത്തെപ്പറ്റി അഭിപ്രായ വ്യത്യാസമുണ്ട്. ശീതക ശബ്ദത്തിന് മന്ദൻ, പലതും പറയുന്നവൻ, ആലശീലമില്ലാത്തവൻ, തണുപ്പൻ എന്നിങ്ങനെ പല അർത്ഥങ്ങളുണ്ടെന്നും, നമ്പ്യാർ സ്വയം മന്ദനെന്നു നടിച്ചുകൊണ്ട് ശീതക ശബ്ദം തുള്ളലിനോടു ചേർത്തതാണെന്നും പറയുന്നു. കേരളത്തിലെ പുലയരുടെ ഇടയിൽ മാത്രം ധാരാളമായി ശീതങ്കൻ എന്ന പേര് വ്യക്തികൾക്കിടുന്നുണ്ട്. പുലയരുടെ ഇടയിലുള്ള വിവിധനൃത്തരീതികളിൽ കുരുത്തോല അലങ്കാരമായി ഉപയോഗിക്കുന്നു. ശീതങ്കൻ തുള്ളലിലും തുള്ളൽക്കാർ അണിയുന്ന വേഷം കുരുത്തോലകൊണ്ടുള്ളതാണ്. കുട്ടനാടൻപ്രദേശങ്ങളിൽ കാണുന്ന പടയണി എന്ന ആയോധനനൃത്തത്തിലെ പ്രധാനപരിപാടിയാണ് ശീതങ്കൻതുള്ളൽ അതിനെ നമ്പ്യാർ അനുകരിച്ചതാണെന്നാണ് ഡോ. എസ്. കെ നായരുടെ അഭിപ്രായം.

പറയൻ, ശീതങ്കൻ ഇവയെ അപേക്ഷിച്ച് വേഗത കൂടുതലുള്ള തുള്ളലാണ് ഓട്ടൻ തുള്ളൽ അതുകൊണ്ടാവാം ഈ പേര് ലഭിച്ചതെന്ന് പറയുന്നു. കണിയാന്മാർ എന്ന പ്രത്യേകവിഭാഗം നടത്തിയിരുന്ന കോലൻ തുള്ളലിൽ നിന്നാണ് ഓട്ടൻ തുള്ളലിന്റെ ആവിർഭാവമെന്ന് ഡോ. എസ്. കെ. നായർ പറയുന്നു. ഓട്ടൻ തുള്ളലിന് ഓടനാടുമായും (കായംകുളം) ശീതങ്കൻ തുള്ളലിന് ശീതങ്ക നാടുമായും (ദേശിങ്ങനാട്), പറയൻ തുള്ളലിന് പുറയനാടുമായും (പുറക്കാട്, അമ്പലപ്പുഴ) ബന്ധമുണ്ടെന്ന് എം. പി. ശങ്കുണ്ണി നായർ അഭിപ്രായപ്പെടുന്നു. തരംഗിണിയാണ് ഓട്ടൻ തുള്ളലിലെ പ്രാധാന വൃത്തം. കാകളി, കേക, കളകാഞ്ചി തുടങ്ങിയ വൃത്തങ്ങൾ അല്പ വ്യത്യാസത്തോടെ ശീതങ്കനിലും, വക്രവും മല്ലികയും പറയൻ തുള്ളലിലും ഉപയോഗിച്ചിട്ടുണ്ട്

### വേഷവും ചടങ്ങും

ശീതങ്കൻ തുള്ളൽ – ഉച്ചതിരിഞ്ഞാണ് ശീതങ്കൻ തുള്ളൽ നടത്തുന്നത്. മുഖത്തു തേപ്പും മിനുക്കും പാടില്ല. കണ്ണെഴുതും. വെളുത്ത പൊട്ടുതൊടും, തലയിൽ കറുത്ത ഉറുമാലാണ് കെട്ടുന്നത്. അതിനുമുമ്പായി കൊണ്ട കെട്ടും. ഉറുമാലിനു മുകളിലും മാറിലും കുരുത്തോലമാല അണിയുന്നു. ചിലമ്പും കെച്ചയും രണ്ടു കാലിലും കെട്ടുന്നു.

പറയൻ തുള്ളൽ – ഇതിന് സർപ്പപത്തിമുടി പ്രത്യേകമുണ്ട്. ചുവന്ന പട്ടു തൊങ്ങലും ചാർത്തുന്നു. ചിലമ്പ് ഒറ്റക്കാലിൽ മാത്രമേ പാടുള്ളൂ. അത് വലതുകാലിൽ ആയിരിക്കും. കെച്ചമണിയും അതേ കാലിൽ തന്നെ കെട്ടുന്നു.കഴുത്തിൽ മാല ചാർത്തും; ചന്ദനം പൂശും; മുഖത്തു തേപ്പും മിനുക്കുമില്ല;

കണ്ണെഴുതുക മാത്രമേ ചെയ്യൂ. കാലത്താണ് പറയൻ തുള്ളൽ നടത്തുന്നത്. ഒറ്റക്കാലിലേ നൃത്തമുള്ളൂ.

ഓട്ടൻ തുള്ളൽ – മനോഹരമായ വട്ടമുടിയാണ് ശിരസ്സിൽ; മുഖത്തു പച്ച തേക്കും. കണ്ണും പുരികവും വാലുനീട്ടി എഴുതും. കണ്ണു ചുമക്കുന്നതിന് ചുണ്ടപ്പൂവിടും. കടകകങ്കണങ്ങളും നെഞ്ചുപലകയും പ്രത്യേകമുണ്ട്. കച്ചയും കെച്ചയും രണ്ടു കാലിലുമണിയും 'അമ്പലപ്പുഴക്കോണകം' കൊണ്ടുള്ള ഉടയാടയാണ് ധരിക്കുന്നത്.

**കുഞ്ചൻ നമ്പ്യാർ – ജീവചരിത്രം**

സാഹിത്യത്തിൽ അനശ്വരനായ നമ്പ്യാരുടെ ജീവചരിത്രം പൂർണ്ണമോ വിശ്വാസ്യമോ ആയ നിലയിൽ ലഭിച്ചിട്ടില്ല. കലക്കത്ത് എന്ന വീട്ടുപേരൊഴിച്ച് നമ്പ്യാരെക്കുറിച്ചുള്ള മറ്റു വിവരങ്ങളിൽ ഇപ്പോഴും വാദപ്രതിവാദങ്ങൾ നിലനിൽക്കുന്നുണ്ട്. നമ്പ്യാരുടെ ജനനം കൊല്ലവർഷം 880 –ാംമാണ്ടിലാണെന്ന് പറയപ്പെടുന്നു. തിരുവില്വാമലയ്ക്കു സമീപമുള്ള കിള്ളിക്കുറിശ്ശിമംഗലമാണ് ജന്മസ്ഥലം. അവിടെ കലക്കത്തുഭവനത്തിലാണ് ജനിത്തത്. കുഞ്ചൻ, കൃഷ്ണൻ, രാമൻ തുടങ്ങിയ പേരുകൾ നമ്പ്യാരുടെതാണെന്ന് വിവിധ അഭിപ്രായം പണ്ഡിതർ നല്കുന്നു. കുഞ്ചൻ എന്നത് സ്ഥാനപേരാണെന്ന് ഒരു വിഭാഗക്കാർ; മറ്റൊരു കൂട്ടർ കുഞ്ഞ് എന്ന ഓമനപ്പേര് കുഞ്ചൻ എന്ന് മാറിയതാണെന്ന്. രാമനെന്നോ കൃഷ്ണനെന്നോ ആയിരിക്കാം യഥാർത്ഥപേര്. ചെമ്പകശ്ശേരി രാജാവിന്റെ ആശ്രിതനായി നമ്പ്യാർ അമ്പലപ്പുഴ ക്ഷേത്രത്തിനു സമീപം നമ്പ്യാർ മഠത്തിൽ താമസമാക്കി. മാർത്താണ്ഡവർമ്മ ചെമ്പകശ്ശേരി തിരുവിതാംകൂറിനോടു ചേർത്തപ്പോൾ നമ്പ്യാർ തിരുവനന്തപുരത്തേയ്ക്ക് താമസം മാറ്റി. വാർധ്യകകാലത്തിൽ അമ്പലപ്പുഴയിലേക്കു തിരിച്ചുപോന്നുവെന്നു 1770–നോടടുത്ത് അന്തരിച്ചതായും പറയപ്പെടുന്നു. നാല്പതിലധികം തുള്ളൽ കൃതികൾ, ശ്രീകൃഷ്ണചരിതം മണിപ്രവാളം, നളചരിതം കിളിപ്പാട്ട്, പതിനാലുവൃത്തം, രുഗ്മണീസ്വയംവരം പത്തുവൃത്തം, ചില ആട്ടക്കഥകൾ എന്നിവയാണ് നമ്പ്യാരുടെ കൃതികൾ.

സാമാന്യജനങ്ങളുടെ കവിയാണ് കുഞ്ചൻ നമ്പ്യാർ ഇങ്ങനെ പറയാൻ കാരണം സംസ്കൃത പാണ്ഡിത്യവും സംസ്കൃതത്തിൽ കവിത രചിക്കാനുള്ള കഴിവും ഉള്ള നമ്പ്യാർ നാട്ടുഭാഷയിലാണ് കവിത എഴുതിയത്. സാധാരണക്കാരായ ജനങ്ങളെ മുന്നിൽ കണ്ട് അവർക്കുവേണ്ടി തൂലിക ചലിപ്പിക്കാൻ തീരുമാനിക്കുകയും അത് പ്രാവർത്തികമാക്കാൻ ധൈര്യം കാണിച്ച ആദ്യ കേരളീയകവിയാണ് നമ്പ്യാർ. നാട്ടുഭാഷയിൽ കവിത എഴുതാൻ കാരണമായി സഭാപ്രവേശം തുള്ളലിൽ നമ്പ്യാർ ഇങ്ങനെ പറയുന്നു.

"ഭടജനങ്ങടെ നടുവിലുള്ളൊരു പടയണിക്കിഹചേരുവാൻ

വടിവിയന്നൊരു ചാരുകേരളഭാഷതന്നെ ചിതം വരൂ."

ജന്മസിദ്ധമായ കവിതാവാസനയോടൊപ്പം ജന്മസിദ്ധമായ ഫലിതബോധവും പരിഹാസചാതുര്യവും ഉണ്ടായിരുന്ന നമ്പ്യാർ കവിതകളിലൂടെ സാമാന്യജനങ്ങളെ രസിപ്പിക്കുകയും ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്തിരുന്നു. ധർമാധർമവിവേകമുണ്ടാക്കുന്നതിനായി ഇതിവൃത്തങ്ങളായി പുരാണകഥകളെയാണ് നമ്പ്യാർ സ്വീകരിച്ചത്. ഈ കഥകളിലും ജനങ്ങളെ രസിപ്പിക്കുന്നതിനുള്ള മാർഗങ്ങൾ സ്വീകരിച്ചിരുന്നു നമ്പ്യാർ.

"ചിരിക്കുന്ന കഥ കേട്ടാലിരിക്കും ആയതല്ലെങ്കിൽ തിരിക്കും" (കുംഭകർണവധം)

പഴഞ്ചൊല്ലുകളും ലോകോക്തികളും കവിതയിൽ ധാരാളം ഉൾക്കൊള്ളിച്ചിരിക്കുന്നു. വിവിധതരക്കാരായ സാധാരണക്കാരുടെ സംസാരഭാഷയിലുള്ള അറിവാണ് ഇതിന് അദ്ദേഹത്തെ സഹായിച്ചത്. സന്ദർഭോജിതമായി സൃഷ്ടിച്ച ധാരാളം പ്രയോഗങ്ങൾ പില്ക്കാലത്തു പഴഞ്ചൊല്ലുകളായി രൂപാന്തര

പ്പെട്ടിരിക്കുന്നു. അന്നത്തെ സമൂഹത്തിലെ ജീർണ്ണതകളും തുള്ളൽകൃതികളിൽ പ്രതിഫലിക്കുന്നു. നിശിതമായ സമൂഹ്യവിമർശനത്തിനും തന്റെ കാവ്യനിപുണതയെ നമ്പ്യാർ പ്രയോജനപ്പെടുത്തിയിരിക്കുന്നു. കേരളീയജീവിതത്തെ അതിന്റെ തനിമ നിലനിർത്തിക്കൊണ്ട് തന്റെ കൃതികളിൽ അവതരിപ്പിക്കാൻ നമ്പ്യാർക്ക് കഴിഞ്ഞിട്ടുണ്ട്.

**സ്യമന്തകം തുള്ളൽ**

(ബാലന്മാരും വൃദ്ധന്മാരും................ ഇമ്മിണിമൂലമെനിക്കുംവന്നു.)

ഭാഗവതം ദശമസ്കന്ധം അമ്പത്തിയാറാമധ്യായത്തിലാണ് സ്യമന്തകം കഥയുള്ളത്. യാദവപ്രമുഖനായ സത്രാജിത്ത് തപസ്സുചെയ്ത് സൂര്യദേവനെ പ്രസാദിപ്പിച്ചു. സത്രാജിത്തിന്റെ ആഗ്രഹം മനസ്സിലാക്കിയ സൂര്യഭഗവാൻ അദ്ദേഹത്തിന് സ്വന്തം കഴുത്തിൽ കഴുത്തിൽ ധരിച്ചിരുന്ന സ്യമന്തകമണി ദാനം ചെയ്തു. സൂര്യനെപ്പോലെ തേജസുള്ള സ്യമന്തകം നിത്യവും സേവിച്ചു പൂജിച്ചാൽ എട്ടുഭാരം സ്വർണ്ണംവീതം നല്കുമെന്നും അറിയിച്ച് സൂര്യദേവൻ മറഞ്ഞു. സ്യമന്തകം ധരിച്ചുകൊണ്ട് ശ്രീകൃഷ്ണനെ കാണാൻ സത്രാജിത്ത് എത്തി. അതിവിശിഷ്ടമായ സ്യമന്തകം സൂക്ഷിച്ചുവയ്ക്കുന്നത് പ്രയാസമേറിയതുകൊണ്ട് തന്നെ ഏല്പിക്കാൻ ശ്രീകൃഷ്ണൻ സത്രാജിത്തിനോട് ആവശ്യപ്പെട്ടു. പക്ഷേ സത്രാജിത്ത് നിരസിച്ചു. ഒരിക്കൽ സത്രാജിത്തിന്റെ സഹോദരൻ പ്രസേനൻ സ്യമന്തകമണിഞ്ഞ് നായാട്ടിന് പോയി വനത്തിൽ വച്ച് സിംഹത്തിനാൽ വധിക്കപ്പെട്ടു. സ്യമന്തകവുമായി നടന്നുപോകുന്ന സിംഹത്തെ വാനരനായ ജാംബവാൻ കാണുകയും സിംഹത്തെ വധിച്ച് ജാംബവാൻ രത്നം കൈക്കലാക്കി. കുട്ടികൾക്ക് കളിക്കാൻ കൊടുത്തു.

ഈ അവസരത്തിൽ അനുജനെ കാണാതെ സത്രാജിത്ത് വിഷമിക്കുകയും; പ്രസേനൻ മരിച്ചെന്നു തീർച്ചപ്പെടുത്തി മരണാനന്തരക്രിയകൾ ചെയ്തു. സ്യമന്തകം തട്ടിയെടുക്കാൻ ശ്രീകൃഷ്ണനാണ് പ്രസേനനെ വധിച്ചതെന്ന അപവാദം പ്രചരിക്കുകയും ചെയ്തു. ശ്രീകൃഷ്ണനെപ്പറ്റിയുള്ള മിഥ്യാപവാദം നാട്ടിലെങ്ങും പ്രചരിക്കുന്ന ഭാഗമാണ് പഠിക്കാനുള്ളത്. ശ്രീകൃഷ്ണൻ സ്യമന്തകം മോഷ്ടിച്ചു എന്ന മിഥ്യാപവാദം പ്രചരിച്ചപ്പോൾ ബഹുജനങ്ങളുടെ പ്രതികരണങ്ങളാണ്.

ബാലന്മാരും, വൃദ്ധന്മാരും, യുവാക്കളും, ഭവ്യന്മാരും, കന്യകമാരും, ശൂദ്രസ്ത്രീകളും, ബ്രാഹ്മണസ്ത്രീകളുമെല്ലാം അവരവരുടെ മനോഗതമനുസരിച്ച് തത്ത്വങ്ങൾ പറഞ്ഞുതുടങ്ങി.

"കാലത്തിന്റെ പകർച്ച നിനച്ചാൽ
മാലോകർക്ക് പൊറുപ്പാൻമേല
വേലികൾതന്നെ വിളവുമുടിച്ചാൽ
കാലികളെന്തു നടന്നീടുന്നു?"

സ്വത്തുസംരക്ഷിക്കേണ്ട ഭരണകർത്താക്കൾ തന്നെ മോഷണം ആരംഭിച്ച ഈ ലോകത്തിൽ മനുഷ്യർക്ക് ജീവിക്കാൻ കഴിയുകയില്ല. വീട്ടിലിരിക്കാൻ പറ്റാത്ത അവസ്ഥയിൽ കാട്ടിൽ കഴിയാമായിരുന്നു എന്നാൽ ഇപ്പോൾ അതിനു സാധിക്കുന്നില്ല. കാട്ടിൽചെന്നു കൊന്ന് മോഷ്ടിക്കും. കൈയ്യിലുള്ള സ്വത്തുവകകൾ എങ്ങനെ സംരക്ഷിക്കും. ദുഷ്ടന്മാരായ ജനങ്ങൾക്ക് കൈയ്യിൽ കിട്ടുന്നതെന്തും അവർ മോഷ്ടിക്കും. നമ്പൂതിരിമാരുടെ പിറകെനടന്ന് ലഭിച്ച ഈ അല്പമായ സ്വത്ത് നഷ്ടപ്പെട്ടാൽ നമ്മൾ കുത്തുപാളയെടുക്കേണ്ടി വരും. ഒളിപ്പിച്ചുവെയ്ക്കാൻ കഴിയാത്ത കാളകളെയും മൂരികളെയും കക്കാൻ കള്ളന്മാർക്ക് വിരുതേറെയാണ് നമ്മൾ എന്തു ചെയ്യും. കള്ളന്മാരുടെ വായിൽ കൃഷിചെയ്യുന്നതുപോലെയാണ് വിളകളുടെ അവസ്ഥ. ഉള്ള സ്വത്തുവകകളെല്ലാം ഇങ്ങനെ കള്ളന്മാർ മോഷ്ടിച്ചാൽ നമ്മൾ പട്ടിണിയാവും. ഇങ്ങനെ മംഗലഗുണവാനായ ശ്രീകൃഷ്ണനെക്കൊണ്ട് ആളുകൾ ദുഷ്ടത പറഞ്ഞുപരത്തി.

അസൂയാലുക്കളായ ആളുകൾ സത്രാജിത്തിന് സ്യമന്തകം നഷ്ടപ്പെട്ട കഥയും പറഞ്ഞു നടന്നു. ശ്രീകൃഷ്ണൻ കുട്ടിക്കാലത്തുതന്നെ ഈ മോഷണ സ്വഭാവം ഉണ്ട്. അതെങ്ങനെ മാറാനാണ്. നായയുടെ വാൽവളഞ്ഞെ ഇരിക്കൂ. അതുപോലെ മനുഷ്യരുടെ ചെറുപ്പകാലങ്ങളിലുള്ള ശീലങ്ങൾ അവന്റെ ജീവിതകാലം മുഴുവൻ നിലനിൽക്കും. കുട്ടികളുടെ കൈയ്യിലുള്ള വസ്തുക്കൾ തട്ടിപ്പറിച്ചു, മച്ചിലൊളിച്ചിരുന്ന് പാലുകുടിച്ചു, ഗോപസ്ത്രീകൾ കുളിക്കുമ്പോൾ അവരുടെ വസ്ത്രങ്ങൾ അപഹരിച്ചും, പച്ചപാലും മോരും കട്ടുകുടിച്ചും, പൂച്ചയ്ക്ക് കൊടുത്തു കളിച്ചു നടന്നവനാണ് കൃഷ്ണൻ. കണ്ണൻ കണ്ണൻ എന്ന് ഭക്തിയോടെ വിളിക്കുമ്പോഴും കള്ളൻ എന്ന പേര് അവനുണ്ടായിരുന്നു. കണ്ണന്റെ കുസൃതികൾ സഹിക്കാൻ വയ്യാതെ ഒരിക്കൽ ഉരലിൽ കെട്ടിയിട്ടു. പൂതനയെന്ന പെണ്ണിനെയും കൊന്നവനാണ് എന്നത് നിങ്ങൾക്ക് അറിയില്ലേ? മാതുലനായ കംസനെയും വധിച്ചിട്ടുണ്ട്. ഇതിൽ നിന്നെല്ലാം കണ്ണന്റെ സ്വഭാവം നിങ്ങൾ മനസ്സിലാക്കുന്നില്ലേ? കാടുകൾതോറും കാലികളെ മേച്ചുനടക്കുന്നവനും, സുന്ദരിമാരെയും, കൂടെനിൽക്കുന്നവരെ ചതിച്ചും കാടുകാട്ടിനടക്കുന്ന കണ്ണന്റെ നാടകങ്ങൾ നിങ്ങൾ കേട്ടിട്ടില്ലേ? എടയന്മാരുടെ ജാതിയ്ക്ക് ഇന്ന സ്ഥലമെന്ന വകതിരിവില്ല. കക്കാനുള്ള അവസരം നോക്കിനടക്കുകയാണവർ.

സ്ത്രീകൾക്ക് കണ്ണനെയോർത്താൽ ഉണ്ണണമെന്നും ഉറങ്ങണമെന്നുമില്ല. വല്ലവിമാരെ പാട്ടിലണച്ച് അവരെ കഴുത്ത് ഞെരിച്ചു കൊല്ലുകയും ചെയ്യും. മല്ലാക്ഷികളെ കൊല്ലാൻ പാടില്ലെന്ന ചിന്തയൊന്നും ശ്രീകൃഷ്ണനില്ല. ഇങ്ങനെയുള്ള ദുർവാക്കുകൾ ചിലർ ശ്രീകൃഷ്ണനെക്കുറിച്ച് പറഞ്ഞു നടന്നു. അമ്മമാർ കുട്ടികളോട് ശ്രീകൃഷ്ണനോട് കൂട്ടുകൂടരുതെന്നും, കാലിലുള്ള ചിലമ്പും മണിയും പിടിച്ചു പറിക്കുമെന്നും പറയുന്നും. അപ്പവും അടയും കാണിച്ച് നിങ്ങളെ മയക്കിയെടുത്ത് അരയിൽ കെട്ടിയ മണികൾ മോഷ്ടിക്കുമെന്നും ഉപദേശിക്കുന്നു. താലി കഴുത്തിൽ നിന്ന് അഴിക്കാൻ പറ്റാത്ത പെണ്ണുങ്ങളോട് കരുതിയിരുന്നോളാൻ പറയുന്നു. യജമാനന്മാർ കളവുതുടർന്നാൽ മറ്റു ജനങ്ങൾക്കും കക്കാൻ മടിയുണ്ടാവില്ല.

എമ്പ്രാനല്പം കട്ടുഭുജിച്ചാ–

അമ്പലവാസികളൊക്കെ കക്കും.

കലിയുഗത്തിൽ കപടത വർദ്ധിക്കും എന്ന് കേൾക്കുകയും ചെയ്യുന്നുണ്ട്. ഇതെല്ലാം കേട്ട് പെണ്ണുങ്ങളെല്ലാം കൈയിലുള്ള വിവിധാഭരണങ്ങൾ പെട്ടിയിൽ പൂട്ടിവയ്ക്കുന്നു. ഭവനങ്ങളിലും, നാട്ടിലും, നഗരങ്ങളിലും, അങ്ങാടിയിലും, നാടകശാലകളിലും, നെൽപ്പുരകളിലുമെല്ലാം ഇക്കഥകൾ കേൾക്കുന്നു. വിപ്രന്മാർ സന്ധ്യാവന്ദന സമയത്ത് കുളപ്പുരയിൽ സംസ്കൃതമായിട്ട് ഈ കഥ പറയുന്നു. ശ്രീകൃഷ്ണനെ കാണുമ്പോൾ കുട്ടികൾ ഓടിയൊളിക്കുന്നു. കുട്ടികളെ കണ്ണൻ സമീപത്തേയ്ക്ക് വിളിക്കുമ്പോൾ അരമണിയും പൊത്തിപ്പിടിച്ചു കൊണ്ട് കരഞ്ഞുകൊണ്ട് ഓടാൻ തുടങ്ങി. കഴിക്കാൻ പഴമോ വല്ലതും നല്കുമ്പോൾ വാങ്ങിയാൽ അമ്മ ചീത്ത പറയും എന്നിങ്ങനെ കുട്ടികൾ പറയാൻ തുടങ്ങി. എന്തിനാണ് തന്നെ ഇങ്ങനെ സംശയിക്കുന്നതെന്ന് കണ്ണൻ ബന്ധുക്കളോട് ചോദിച്ചപ്പോൾ പ്രസേനനെ കൊന്ന് സ്യമന്തകം മോഷ്ടിച്ചില്ലേ എന്ന് ചോദിക്കുന്നു. ഇതിനെത്തുടർന്ന് പ്രചരിച്ച ദുഷ്പ്രചരണങ്ങളും അവർ പറയുന്നു. ഇതെല്ലാം കേട്ട ശ്രീകൃഷ്ണൻ മനസ്സിൽ ഇങ്ങനെ ചിന്തിക്കുന്നു. പാപികളോട് ഹിതമായ കാര്യങ്ങൾ പറഞ്ഞാൽ ആപത്തായി തീരും. പാമ്പിന് പാലുകൊടുത്ത കൈയ്യിൽ പാമ്പ് കൊത്തുക തന്നെ ചെയ്യും. യഥാർത്ഥമെന്തന്നറിയാതെ ആരെക്കുറിച്ചും അപവാദം പറയരുത്. തന്നെക്കുറിച്ചിങ്ങനെ സർവ്വജനങ്ങളും അപവാദകഥകൾ പ്രചരിച്ചത് കർമ്മഫലങ്ങൾ കൊണ്ടാണ്. കർമ്മഫലങ്ങൾ അനുഭവിച്ചേ തീരൂ എന്ന യാഥാർത്ഥ്യം നമ്പ്യാർ ഉറപ്പിച്ചുപറയുന്നു.

# മൊഡ്യൂൾ – 3

## രാമപുരത്തുവാര്യരും വഞ്ചിപ്പാട്ടും

കുചേലവൃത്തം എന്ന ഒരൊറ്റ കാവ്യംകൊണ്ട് മലയാള സാഹിത്യത്തിൽ സ്ഥിരപ്രതിഷ്ഠ നേടിയ കവിയാണ് രാമപുരത്ത് വാര്യർ. നാട്ടുകവികളുടെ ക്ഷുദ്രവാണീവിലാസങ്ങൾക്കുമാത്രം കൂത്തരങ്ങായിരുന്ന ഒരു കവിതാപ്രസ്ഥാനത്തെലസഭ്യവും സമ്മാന്യവും ആക്കിത്തീർത്തത് രാമപുരത്ത്വാര്യരും അദ്ദേഹത്തിന്റെ കുചേലവൃത്തം വഞ്ചിപ്പാട്ടും ആണ്. (സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ) വഞ്ചിപ്പാട്ടെന്ന ജനകീയഗാനരീതിയ്ക്ക് അദ്ധ്വാനഭാരം ലഘൂകരിക്കുക എന്നതിൽ കവിഞ്ഞ് യാതൊരു സാഹിത്യലക്ഷ്യവുമുണ്ടായിരുന്നില്ല. രാമപുരത്തുവാര്യർ ഈ ജനകീയഗാനരൂപത്തെ ഭക്തിസാന്ദ്രമായ ഒരു പുരാണകഥയുടെ പുനരാഖ്യാനത്തിന് ഉപയോഗിച്ചപ്പോൾ മലയാളസാഹിത്യത്തിലെ മഹാത്ഭുതമായി നിലകൊണ്ടു.

മീനച്ചലിൽ താലൂക്കിലെ രാമപുരത്താണ് (കോട്ടയം) വാര്യരുടെ ജന്മസ്ഥലം. 1703 നും – 1763 നും ഇടയ്ക്കാണ് അദ്ദേഹം ജീവിച്ചിരുന്നതായി വിശ്വസിക്കുന്നു. പരമദരിദ്രനായിരുന്നു കവി. മാർത്താണ്ഡവർമ്മ മഹാരാജാവ് ക്ഷേത്രത്തിനായി വൈക്കത്ത് എത്തിയപ്പോൾ പണ്ഡിതനല്ലെങ്കിലും ചില ശ്ലോകങ്ങൾ എഴുതി രാജാവിനു മുന്നിൽ അടിയറവച്ചു. സംപ്രീതനായ രാജാവ് വാര്യരെ തിരുവനന്തപുരത്തേക്ക് ക്ഷണിച്ചു. രാജാവിനോടൊത്തുള്ള വഞ്ചിയാത്രയിൽ രാജകല്പന അനുസരിച്ച് എഴുതിയ കൃതിയാണ് കുചേലവൃത്തം വഞ്ചിപ്പാട്ടെന്നാണ് ഐതിഹ്യം. മാർത്താണ്ഡവർമ്മയെ കൃഷ്ണനായും തന്നെ കുചേലനായും കൽപ്പിച്ചുകൊണ്ട് രചിച്ച ഒരു ശ്ലോകം രാജാവിന് ഇഷ്ടപ്പെട്ടതായും അതിന്റെ ഫലമായാണ് വഞ്ചിപ്പാട്ട് രചിക്കാൻ രാജകല്പന ഉണ്ടായതെന്നും ഒരു വാദമുണ്ട്.(ഡോ. എം. ലീലാവതി, മലയാളകവിതാസാഹിത്യചരിത്രം)

മുന്നൂറ്റിയമ്പതോളം ഈരടികളുള്ള കുചേലവൃത്തം വഞ്ചിപ്പാട്ടിന് നാല് ഭാഗങ്ങളുണ്ട്. ഒന്നാം ഖണ്ഡം ആമുഖം, രണ്ടാംഖണ്ഡം അനന്തപുരവർണ്ണനം, മൂന്നാംഖണ്ഡം കൃഷ്ണാവതാരകഥാസംഗ്രഹം, നാലാംഖണ്ഡം കുചേലകഥ. ഭക്തിയും രാജഭക്തിയും കൂടിക്കലർന്ന ഭക്തിഭാവമാണ് കൃതിയിലുടനീളം കാണാൻ കഴിയുന്നത്. റിയലിസത്തിനും പുരോഗമനപ്രസ്ഥാനത്തിനും മുന്നോടിയായും പശ്ചാത്തലമായും വർത്തിച്ചത് കുചേലവൃത്തം വഞ്ചിപ്പാട്ടിലെ ദരിദ്ര കഥാകഥനം ആണെന്ന് പറയാവുന്നതാണ്. സംക്ഷിപ്തമായി പറഞ്ഞാൽ, മലയാള കവിത ജീവിതത്തിന്റെ പരുക്കൻ യാഥാർത്ഥ്യങ്ങളെ നേരിടാൻ വേണ്ട കരുത്തു സമ്പാദിച്ചത് കുചേലവൃത്തം വഞ്ചിപ്പാട്ടിലൂടെയാണ്. (മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ)

(എത്രനാളുണ്ടു ഞാൻ കാണാഞ്ഞിട്ടു ചിത്തേ കൊതിക്കുന്നു..................

ജ്ജന്മത്തുതന്നെവിഷ്ണുതന്നുടെ സായൂജ്യവും വന്നുകൂടിടുമേ)

എത്ര നാളായി താങ്കളെ കാണാൻ വേണ്ടി കൊതിക്കുന്നു. താങ്കൾ ഇങ്ങോട്ട് പോന്നത് ഞങ്ങളുടെ ഭാഗ്യംതന്നെയാണ്. അങ്ങോട്ട് ചെന്നാറാടേണ്ട മഹാതീർത്ഥം ഇവിടെ വന്നെത്തിയിരിക്കുന്നത് ആശ്ചര്യം തന്നെയാണ്. അന്യപത്നീ സ്വീകരണം, വീരഹത്യ, മഹാവഞ്ചന മുതലായ പാപങ്ങളെല്ലാം

ഇന്നെന്നിൽ നിന്ന് ഒഴിഞ്ഞുപോയിരിക്കുന്നു. പതിനാലുലോകത്തെയും പവിത്രീകരിക്കുന്ന സജ്ജനങ്ങളുടെ പാദ തീർത്ഥം യാദൃശ്ചികമാണെന്നു വരുമോ?

പണ്ടു നമ്മൾ സാന്ദീപനീയുടെ ഭവനത്തിൽ സാഹസപൂർവ്വം കഴിഞ്ഞതും ആദരവോടെ ശാസ്ത്രങ്ങളഭ്യസിച്ചതും നമ്മുടെ ഗാഢമായ സുഹൃദ്ബന്ധവും താങ്കൾ മറന്നിട്ടുണ്ടാവില്ലല്ലോ! ഒരു ദിവസം ഗുരുപത്നിയുടെ കല്പനപ്രകാരം വിറകൊടിക്കാൻ കൊടുംകാട്ടിൽ പോയതും വിറക് ഒടിക്കുന്നതിനിടയിൽ സൂര്യനസ്തമിച്ചതറിഞ്ഞതുമില്ല. കൂരിരുട്ടും പെട്ടെന്നുണ്ടായ മഴയും കൊടുങ്കാറ്റുമുണ്ടായപ്പോൾ നമ്മൾ ഭയന്നുവിറച്ചതും പ്രഭാതംവരെ ഒരു ഗുഹയിൽ കയറിയിരുന്ന് നാം കൈകോർത്ത് പിടിച്ചതും ഒടുവിൽ എല്ലാ ഭയങ്ങളെയും നീക്കികൊണ്ട് സൂര്യനുദിച്ചതും താങ്കൾ മറന്നിട്ടുണ്ടാവില്ലല്ലോ. സന്ധ്യാസമയം കഴിഞ്ഞിട്ടും നമ്മെ കാണാതായപ്പോൾ പത്നിയോട് കോപിച്ചതും പുലർച്ചെ നമ്മളെയും തേടി പുറപ്പെട്ടപ്പോൾ വഴിയരികിൽ നനഞ്ഞ് കുതിർന്ന് പേടിയോടെ നമ്മെ കണ്ടതും നാം അദ്ദേഹത്തെ നമസ്ക്കരിച്ചപ്പോൾ അദ്ദേഹം നമ്മെ അനുഗ്രഹിച്ചതും ഓർമ്മയുണ്ടോ? ഗുരുവിന്റെ അനുഗ്രഹം നൻമയായിട്ടാണ് നമ്മിൽ വർഷിച്ചത്. ജനിച്ചാലാർക്കും ഗുരുകടാക്ഷമില്ലാതെ ജൻമസാഫല്യമുണ്ടാകുമോ? തന്റെ കഴിവിനൊത്ത് എല്ലാവരും ഗുരുദക്ഷിണ ചെയ്യണം. അത് ആനയുമാവാം ,പൂവുമാവാം. ഇവയ്ക്കിടയിലുള്ള എന്തുമാവാം. നാം കാലനോട് കുഞ്ഞിനെ വാങ്ങിച്ചു കൊണ്ടുവന്ന് സമർപ്പിച്ചു. അതിനുശേഷവും നാമിന്നു ഭക്തി കാണിക്കുന്നു. ഗുരുദക്ഷിണ കഴിഞ്ഞ് ഇല്ലത്തെത്തിയ ശേഷം ഉടൻ സമാവർത്തനം കഴിഞ്ഞിരിക്കുമല്ലേ? എന്തിനേറെ ചോദിക്കുന്നു; താങ്കളുടെ വിവാഹവും കഴിഞ്ഞിരിക്കുമല്ലേ; പത്നി താങ്കൾക്ക് അനുരൂപതന്നെയല്ലേ എന്നിങ്ങനെ കൃഷ്ണൻ കുചേലനോട് വിശേഷങ്ങൾ അന്വേഷിക്കുന്നു.

വിശേഷങ്ങൾ ഇനിയും പറയാം. ഒരു കാരണവും കൂടാതെ എനിക്ക് വിശക്കുന്നു. അതെനിക്ക് സഹിക്കാൻ കഴിയുന്നില്ല. ഈ വിശപ്പ് ഇല്ലാതെയാവുമ്പോൾ പരിശുദ്ധനായ താങ്കളുടെ സംസാര ക്ലേശം തന്നെ തീർന്നേക്കും. താങ്കളുടെ കൈയ്യിലുള്ള പൊതിയിലെന്താണ്? അതിങ്ങോട്ട് തരൂ. നാണിക്കേണ്ട ആവിശ്യമില്ല. ഗോപികമാരെല്ലാവരും എന്നെ കൊതിയനെന്നു വിളിക്കാറുണ്ട്.

ഇത്രയും പറഞ്ഞുകൊണ്ട് കൃഷ്ണൻ ആ അവിൽപ്പൊതി വാങ്ങി അതിലെ കല്ലും നെല്ലും എല്ലാ അവിലെന്നു കരുതിയിട്ട് ഒരു പിടിവാരി വേഗം വയറ്റിലാക്കി. പിന്നെയും വാരിക്കഴിക്കാൻ കൈ നീട്ടിയപ്പോൾ രുഗ്മണി അദ്ദേഹത്തിന്റെ കൈയ്യിൽ പിടിക്കുന്നു. എന്നിട്ട് ഇങ്ങനെ പറഞ്ഞു: "മതി, മതി, ഈ അവിൽപ്പൊതിയുടെ മൂല്യം കണക്കാക്കാൻ എനിക്ക് കഴിയാതെ വന്നിരിക്കുന്നു. പിറന്നതുതൊട്ട് അങ്ങയുടെ കൂടെക്കഴിയുന്ന എന്നെ അങ്ങ് മറന്നുപോവുന്നു. ഇപ്പോൾ നമ്മുടെ ബന്ധംമില്ലാതാക്കി ഈ ബ്രാഹ്മണശ്രേഷ്ഠന്റെ പത്നിയുടെ ദാസിയാക്കാനാണോ അങ്ങ് തീരുമാനിച്ചിരിക്കുന്നത്?"

ഇതുകേട്ട് കൃഷ്ണൻ പറഞ്ഞു: "പത്നീ നീ പരിഭവിക്കേണ്ടതില്ല. പറഞ്ഞത് ഏതായാലും നന്നായി. പരമഭക്തൻമാരെ കണ്ടുകൊണ്ടിരിക്കുമ്പോൾ കൃപകൊണ്ടവശനായി ഞാനെന്നെത്തന്നെയും മറന്നുപോകും. എന്നെ ഇത്രമാത്രം പരിചയിച്ചിട്ടും നിനക്കറിയില്ലേ? ഒരു പിടികൊണ്ടുതന്നെ എനിക്ക് വയർ നിറഞ്ഞുകഴിഞ്ഞു. പിന്നെ നിന്റെ ഭാവമറിയാൻ ഒന്നു ശ്രമിച്ചതാണ്. ശേഷിച്ച അവിൽ ഇതാ, ദേവീ! ഭക്തയായ നീ പറഞ്ഞതും മറക്കരുതല്ലോ!''

ചരാചരങ്ങളുടെ മാതാപിതാക്കളായ ഇവർ വളരെ രഹസ്യമായി ഇപ്രകാരം പറഞ്ഞിട്ട് ശ്രീകൃഷ്ണൻ കഴിച്ചതുകൊണ്ട് അമൃതായിക്കഴിഞ്ഞിരിക്കുന്ന ബാക്കിയുള്ള അവിൽ അകത്തുകൊണ്ടു പോയി വെച്ചതിനുശേഷം തിരിച്ചുവന്ന് രുഗ്മണി വീണ്ടും വീശിത്തുടങ്ങി. നിത്യമായ ബ്രഹ്മാണ്ഡ കോടികളും വേദങ്ങളും കൊണ്ടു നിറയ്ക്കാൻ കഴിയാത്ത കൃഷ്ണന്റെ വയർ കുചേലൻ നൽകിയ ഒരു പിടി അവൽകൊണ്ട് നിറയ്ക്കപ്പെട്ടു.

കൃഷ്ണൻ കുചേലനോടു പറഞ്ഞു: പണ്ടൊരിക്കൽ പാണ്ഡവപത്നിയായ പാഞ്ചാലിയുടെ ചീരഭക്ഷണം കഴിച്ചു. ഇന്ന് ഭവാന്റെ അവിലും തിന്നു. ഇത് രണ്ടുകൊണ്ടുമുണ്ടായിടത്തോളം സുഖവും തൃപ്തിയും എനിക്കിതിനുമുമ്പൊരിക്കലും ഉണ്ടായിട്ടില്ല.

'കൈക്കലർത്ഥമൊന്നുമില്ലാഞ്ഞെന്റെ ഭക്തന്മാരർപ്പിച്ചാൽ

കയ്ക്കും കാഞ്ഞിരക്കുരുവുമെനിക്കമൃതം

ഭക്തിഹീനന്മാരായ ഭക്തന്മാരമൃതം തന്നാലും

തിക്തകാരസ്കരഫലമായിട്ടു തീരും'

സമ്പത്തൊന്നുമില്ലാത്ത ഭക്തൻ സമർപ്പിച്ചാൽ, കൈയ്ക്കുന്ന കാഞ്ഞിരക്കുരുവും എനിക്കമൃത തുല്യമാണ്. ഭക്തിയില്ലാത്ത വഞ്ചകൻമാർ അമൃത് തന്നാലും അത് കൈയ്ക്കുന്ന കാഞ്ഞിരക്കുരുവായിട്ടു തീരും. അല്പം പോലും അഹങ്കാരമില്ലാത്ത താങ്കളെപോലുള്ളവർ അണുവോളം മാത്രം ചവയ്ക്കാൻ തന്നാൽ അതെനിക്ക് പർവ്വതത്തെക്കാൾ വലുതായിരിക്കുമെന്ന് താങ്കൾക്കും അറിയുന്നതല്ലേ. ശരീരവ്യത്യാസമുണ്ടെങ്കിലും നാമിരുവരും ഒന്നാണ്. ജീവിച്ചിരിക്കുമ്പോഴും മരിച്ചാലും അങ്ങനെതന്നെയായിരിക്കും. മഹാലക്ഷ്മിയും അങ്ങയുടെ പത്നിയും ഒന്നാണ് എന്ന് ഞാൻ പറഞ്ഞതായി അങ്ങയുടെ പത്നിയോടു പറയണം.

ഇത്തരം സൽക്കാരവാക്യങ്ങൾ സമർപ്പിച്ച ഉത്തമപുരുഷനോട് എന്തു ഉത്തരം പറയണമെന്നറിയാതെ മനസ്സിൽ ഇങ്ങനെ ചിന്തിച്ചു.

ഭുക്തിമുക്തിദാതാവേ, ഭുവനനാഥാ! ഭഗവാനേ!

ഭക്തികൊണ്ടു ഭക്തന്മാരും, നിന്നാലൽഭുതം!

ശക്തികൊണ്ടു ശക്തന്മാരും, ജയിക്കപ്പെടുന്നതിനാൽ

യുക്തം രണ്ടജിതാഖ്യയ്ക്കുമന്തരം വേണ്ട.

ഐശ്വര്യത്തെയും മുക്തിയെയും ദാനം ചെയ്യുന്നവനേ, ലോകനാഥാ, അത്ഭുതം തന്നെ! അങ്ങ് ഭക്തികൊണ്ട് ഭക്തന്മാരെയും ശക്തികൊണ്ട് ശക്തരെയും ജയിക്കുന്നു. ആദ്യം ഭുക്തി പിന്നീട് മുക്തി. ലൗകിക സൗഭാഗ്യങ്ങളെല്ലാം അനുഭവിച്ചറിഞ്ഞതിനുശേഷം മോക്ഷം എന്ന കവിയുടെ കാഴ്ചപ്പാട്

ഇതിൽ ധ്വനിക്കുന്നു. "രണ്ടജിതാഖ്യയ്ക്കുമന്തരം വേണ്ട" – ഭക്തന്മാരെയും ശക്തന്മാരെയും ജയിക്കുന്നതിനാൽ രണ്ടു നിലയ്ക്കും അങ്ങ് അജിതൻ എന്ന പേരിന് യോഗ്യൻ തന്നെ.

കപ്പം കൊടുത്തു സാമന്തന്മാരാവാൻ രാജാക്കന്മാർ വാതിൽക്കൽ തൃക്കൺപാർത്തുകാത്തു കെട്ടിക്കിടക്കുന്നു. എന്നാൽ കുപ്പയിൽ കിടന്നവനെ അങ്ങു പൂജിക്കുന്നു. ഭഗവാന്റെ ഈ മായ ആർക്കും മുമ്പ് പരിചയമില്ലാത്തതാണ്. മനസ്സാകുന്ന കണ്ണാടിയിൽ എപ്പോഴും മംഗളകരമായ ഭക്തി എനിക്കു ഭവിക്കേണമേ. കൃഷ്ണനിൽ ലയിക്കുന്നവരെ ഭക്തി എന്നിൽ നിലനിൽക്കണമേ എന്നാണ് പ്രാർത്ഥന. ദരിദ്രനായ കുചേലൻ പട്ടിണിമാറ്റാനാണല്ലോ കൃഷ്ണനെ കാണാൻ വന്നത്. കൃഷ്ണനെ കണ്ടപ്പോൾ ദാരിദ്രത്തിന്റെ കാര്യം ആ പരമഭക്തൻ മറന്നുപോയി. കൃഷ്ണസ്മൃതികൊണ്ട് നിറഞ്ഞ കുചേലന്റെ മാനസികാവസ്ഥയെക്കുറിച്ച് കവി പറയുന്നതു കൃഷ്ണന്റെ മനസ്സ് കൂടെക്കൊണ്ടുപോയി എന്നാണ്. മുപ്പത്തി മൂന്ന് കോടി ദേവന്മാർക്കും മൂന്നു വേദത്തിനും, രതിപതിപിതാവുമായ കൃഷ്ണൻ ദുർഗന്ധം വമിക്കുന്ന വിരൂപനെ കാമദേവന്റെ പിതാവ് പുണർന്നതിലെ വൈരുദ്ധ്യം സൂചിപ്പിക്കുന്നു.

മാളികയ്ക്കു മുകളിലേയ്ക്ക് കുചേലനെ കൂട്ടികൊണ്ടുപോയി തൃപ്തി വരുംവരെ അതിഥി സത്ക്കാരങ്ങൾ ചെയ്തു. രുഗ്മണി നിദ്രാസുഖം ഉപേക്ഷിച്ച് വീശികൊടുത്തു. ശാസിക്കപ്പെടുന്നവരായ ഭൃത്യൻമാർ പോലും കഴിക്കാത്ത അവിൽ അമൃതംപോലെയിറക്കിയതുമെല്ലാം ഓർത്തോർത്ത് നടന്നുപോയ കുചേലന് വീടെത്താറായപ്പോളാണ് പത്നിയുടെ ഓർമ്മ വന്നത്.

പേർത്തങ്ങോട്ടുചെല്ലുകയും, കഷ്ടം! വഴിക്കണ്ണുംതോർത്തും

കാത്തിരിക്കും പത്നിയോടെന്തുരചെയ്യേണ്ടു?

ഞാനെന്തെങ്കിലും അർത്ഥിച്ചെങ്കിൽ ദുഃഖിതർക്ക് കൽപ്പവൃക്ഷമായ കൃഷ്ണൻ തന്റെ ദാരിദ്ര്യം തീർത്തുതന്നേനെ. പക്ഷേ അതെല്ലാം മറന്നുപോയി. വഴിക്കണ്ണുമായി നോക്കിയിരിക്കുന്ന പത്നിയോട് താനിനി എന്തുപറയും എന്നായി കുചേലന്റെ ചിന്ത. പതിവ്രതയായ പത്നിയെ പട്ടിണിക്കിട്ട പാപത്തിൽ നിന്നെങ്ങനെ മുക്തനാവും. എന്നിങ്ങനെയുള്ള ആത്മനിന്ദയോടുകൂടി ഗൃഹത്തിനു സമീപമെത്തിയ കുചേലൻ ശ്രീകൃഷ്ണന്റെ അതിഥി സൽക്കാരങ്ങൾ സ്വീകരിച്ച താൻ ശ്രീകൃഷ്ണനെപ്പോലെ സുന്ദരനായതൊന്നുമറിഞ്ഞില്ല. ഇല്ലമിരുന്ന ദിക്കും അടുത്ത പ്രദേശങ്ങളും, രണ്ടാം ദ്വാരകാപട്ടണമായിട്ടാണ് കാണപ്പെട്ടത്. ഇതെല്ലാം ലക്ഷ്മീദേവിയുടെ ഈശന്റെ കാരുണ്യംതന്നെ. മണിമന്ദിരങ്ങളും, ധനധാന്യസമൃദ്ധിയും, ചതുരംഗപ്പടയുടെ കോലാഹലങ്ങളുംമെല്ലാം കണ്ട് 'കുശസ്ഥലീപട്ടണത്തോടൊത്തിരിക്കുമില്ലം' ഈശ്വരാ വഴിപിഴച്ചല്ലോ തനിക്ക് എന്നു കരുതി കുചേലൻ വിഷമിക്കുന്നു.

മല്ലരിപുവിന്റെ മഹാരാജധാനിക്കു പിന്നെയും ചെല്ലുകയോ? എന്നുപോലും കുചേലൻ സംശയിച്ചു നിന്നു. മന്ദിരത്തിന്റെ അകത്തുനിന്ന് ലക്ഷ്മീദേവിയെപ്പോലെ സുന്ദരിയായ കുചേലപത്നി വേഗത്തിൽ അപ്സരസ്ത്രീകളോടും, സഖിമാരോടും, പുരവാസികളോടു കൂടി, നാനാവാദ്യഘോഷത്തോടെയും,അഷ്ടമംഗല്യത്താലത്തോടെയും പകച്ചുനിൽക്കുന്ന പതിയെ എതിരേറ്റ് കോടിപ്രഭപൂണ്ട

പുരിയും, ആനക്കൊട്ടിലുകളും, കുതിരപ്പന്തിയും കാട്ടി പ്രസാദിപ്പിച്ചു കയറ്റിക്കൊണ്ടുപോയി ചന്ദനം കൊണ്ടുണ്ടാക്കിയ ഉയർന്ന മഞ്ചത്തിലിരുത്തുന്നു. വെൺകൊറ്റകുടയും , വെഞ്ചാമരതാലവൃന്തവും, തങ്കക്കോളാമ്പിയും, താംബൂലചവർണക്കോപ്പും മങ്കമാരെയും കൂട്ടി ഇതൊന്നും വേണ്ടെങ്കിലും ചുറ്റും കൂടിയിരിക്കുന്നു.

പരമാത്മാവിനെ ധ്യാനിച്ച് ഏകാന്തതയിൽ കഴിഞ്ഞുകൂടിയ പ്രപഞ്ചവിരക്തനായ കുചേലന് ഈ ആളും ബഹളവും എല്ലാം അസഹ്യമായി തോന്നി. സംഭ്രമമകന്ന ശേഷം കുചേലൻ പത്നിയോടു ചോദിച്ചു.

"എന്തീവണ്ണമിപ്രദേശേ മന്ദിരങ്ങൾ വിളങ്ങുവാൻ

ബന്ധമെന്തെന്നുരചെയ്ക മംഗലശീലേ"

ഭർത്താവിന്റെ ചോദ്യകേട്ട് പത്നി ഇങ്ങനെ അരുൾ ചെയ്തു. വിചിത്രമായ പ്രകാശത്തോടു കൂടി ലക്ഷ്മീദേവിയെപ്പോലെ സുന്ദരിയായ ഒരു സ്ത്രീ ഇവിടെ വന്നിരുന്നു. അവൾ ഇങ്ങനെ പറഞ്ഞു.

"ദ്വാരകയിൽനിന്നഹമിങ്ങാഗമിച്ചുനിൻകണവ–

നാരയണൻ നൽകിയ പ്രാഭൃതമെന്തെന്നോർപ്പൂ!

ശ്രീപതി അവൽ ഭുജിച്ചകാരണം ഞാൻ വന്നിവിടെ

ശ്രീസമ്പദംനിങ്ങൾക്കെന്നുമനുഭവിക്ക

നാൾക്കുനാൾ നിങ്ങൾ സുഖത്തോടെയും ആമോദത്തോടെയും വസിക്കുക. അവളുടെ വാക്കുകൾ കേട്ട് അകത്തേയ്ക്കു ചെന്നുകയറിയപ്പോൾ കണ്ടകാഴ്ചകൾ  അനന്തനുപോലും വർണ്ണിക്കാൻ കഴിയില്ല. പത്നിയുടെ ഇങ്ങനെയുള്ള വാക്കുകൾ കേട്ട് കുചേലൻ ശ്രീകൃഷ്ണന്റെ മാഹാത്മ്യങ്ങൾ വർണ്ണിക്കാൻ തുടങ്ങി. കാമക്രോധാദികളുടെ ദുഷ്ടതയെക്കുറിച്ചറിയാത്ത പാവങ്ങളെ പരിപാലിച്ച് ദുഃഖം കളയുന്നവനാണ് ശ്രീകൃഷ്ണൻ. യഥാർത്ഥജ്ഞാനം രൂപപ്പെടുത്തീട്ടുള്ളവൻ, കൃഷ്ണൻ. ഗമചിത്തന്മാർ കൃഷ്ണഭക്തികൊണ്ട് ദുഃഖസാഗരത്തെ തരണം ചെയ്യുന്നു. ശിവൻ, ബ്രഹ്മാവ് തുടങ്ങിയ ദേവന്മാർ ആഗ്രഹിച്ചത് നല്കുന്ന ശ്രീകൃഷ്ണപാദത്തെ ഭജിച്ചിരിക്കുന്നു. ദേവദേവനും ജഗനാഥനുമായ ജ്യോതിസ്വരൂപനാണ്. ദേവകിയുടെയും വാസുദേവരുടെയും പുത്രനാണ്. പാൽക്കടലിൽ ശയിക്കുന്നവനും ശിവന് പ്രിയപ്പെട്ടവനുമാണ്. കൈഭടൻ എന്ന അസുരനെ വധിച്ചവനുമാണ്. ക്ലേശമാകുന്ന കയറിനെ അറുക്കുന്നവനും, സകലലോകർക്കും നാഥനുമാണ്. നിഷ്കളങ്കനും, സമ്പൂർണ്ണനും ഭേദബുദ്ധി ഇല്ലാത്തവനും, തന്നെത്തന്നെ വരമായികൊടുക്കുന്നവനുമാണ്. വേദങ്ങളാൽ അറിയപ്പെടുന്നവനും, ജനനമരണങ്ങളില്ലാത്തവനുമാണ്. വിദ്വാൻമാരുടെ മനസ്സുകൾക്ക് ആദിത്യനായിരിക്കുന്നവനും, ബ്രഹ്മാവിന്റെ പിതാവുമാണ് വിഷ്ണു. ദശാവതാരങ്ങളെ കവി വർണ്ണിക്കുന്നു. നാരദനും, ബുദ്ധനും വിഷ്ണുവിന്റെ അവതാരമായി ഗണിക്കുന്നു.

മുഷ്ക്കരന്മാരായ മ്ലേഛന്മാരെ നിഗ്രഹിക്കാൻ കൽക്കിവേഷം ധരിക്കുന്നു ജഗന്നിവാസൻ. ദശരൂപങ്ങളിൽ ഉത്തമം കൃഷ്ണാവതാരം തന്നെ. അതുകൊണ്ട്

നാരായണൻതന്റെ തിരുനാമം ജപിച്ചിഹലോകേ

പാരംഭക്തിപൂണ്ടു നമ്മൾ വസിക്കാംദൈതേ

കുചേലന്റെ ഇങ്ങനെയുള്ള വാക്കുകൾ കേട്ട് പതിവ്രതയായ പത്നിയും ശ്രീകൃഷ്ണനെ ഭജിച്ചു ചിത്രമണിഗേഹത്തിൽ പുത്രന്മാരോടും, മിത്രങ്ങളോടും, ഭൃത്യന്മാരോടും സന്തോഷത്തോടെ കഴിഞ്ഞു. അമ്പതിനായിരം ജനങ്ങൾ വിപ്രദമ്പതിമാരെ ശുശ്രൂഷ ചെയ്യുവാനെപ്പോഴും ഉണ്ടായിരുന്നു. അന്നത്തിനുമാത്രം നഗരസ്ത്രീകളും പുരുഷന്മാരും വന്നു. ഇതെല്ലാം ശ്രീകൃഷ്ണന്റെ കടാക്ഷം കൊണ്ട് ഉണ്ടായതാണ്. ഇരന്ന് അവിലുണ്ടാക്കിയ വിപ്രകുടുംബിനി വരുന്നവർക്കെല്ലാം വസ്ത്രാഭരണങ്ങളും, ഭക്ഷണവും നല്കി. ദിനന്തോറും നിർമ്മലമായ കുശസ്ഥലീപുരവും, കൃഷ്ണകൃപകൊണ്ട് നിർമ്മിതമായ കുചേലപട്ടണവും, ധർമ്മപുത്രരുടെ ഹസ്തിനപുരിയിലും ധർമ്മം ഒരു പോലെയായി. വിപ്രപുരിയിലെപ്പോഴും വാദ്യഘോഷങ്ങളുടെയും, സ്ത്രീപുരുഷന്മാരുടെ ശബ്ദകോലാഹലങ്ങളും, കുതിരകളുടെ ശബ്ദങ്ങളും ഗജാവരഗർജനങ്ങളും ഉയർന്നുകേൾക്കുന്നതിനൊപ്പം കൃഷ്ണസ്തുതികളെകൊണ്ടു അവിടം മുഖരിതമായി. കുചേലനും പ്രേയസിക്കും സമ്പത്തുണ്ടായതിനു ശേഷം കൃഷ്ണഭക്തി ഇരട്ടിയായി വർദ്ധിച്ചു. കൃഷ്ണൻ കുചേലന് മോക്ഷം കൊടുത്തെങ്കിലും കൃഷ്ണന്റെ കടം കടമായി ശേഷിച്ചു. കാരണം, കുചേലന്റെ ഭക്തി ഒന്നിനും പകരംനിൽക്കുന്നതല്ല.

കാവ്യത്തിന്റെ ഫലശ്രുതിയായി കവി പറയുന്നത് ഇതു ചൊല്ലുന്നവർക്കും ഭക്തിയോടെ കേൾക്കുന്നവർക്കും ധനവും ധാന്യവും, സന്തതിയും ഉണ്ടാകും. അതിനുശേഷം ഈ ജന്മത്തിൽ തന്നെ വിഷ്ണുപദം ഗമിക്കുകയും ചെയ്യും. കൃഷ്ണനുമായുള്ള കൂടിക്കാഴ്ചയ്ക്കുശേഷം കുചേലന് ജീവിതസൗഭാഗ്യങ്ങൾ ലഭിച്ചതുപോലെ രാമപുരത്തുവാരിയർക്കും രാജാവ് ജീവിതസൗകര്യങ്ങൾ നല്കി എന്നാണ് പറയപ്പെടുന്നത് കുചേലന് കൃഷ്ണഭക്തി വർദ്ധിച്ചതുപോലെ കവിയ്ക്ക് രാജഭക്തിയും വർദ്ധിച്ചിരിക്കാം.

## മലയാളത്തിലെ കീർത്തനസാഹിത്യം

ഭക്തിപ്രസ്ഥാനത്തിലെ ഒരു മുഖ്യശാഖയാണ് കീർത്തനം. മലയാളത്തിൽ ഈശ്വരസ്തുതിപരമായ ഒരു കീർത്തന സാഹിത്യ പ്രസ്ഥാനം പണ്ടുമുതലേ നിലനിന്നിരുന്നു. ഇഷ്ടദേവതയുടെ പ്രകീർത്തനങ്ങളാണ് കീർത്തനങ്ങൾ. ഭക്തിയാണ് കീർത്തനങ്ങളുടെ അടിസ്ഥാനഭാവം. ഭക്തിയുടെ പാരമ്യത്തിൽ ആവിഷ്കരണ മാധ്യമത്തെപ്പറ്റി കീർത്തന രചയിതാവ് അശ്രദ്ധനായിരിക്കും. വാക്കുകളും ചിന്തയുമെല്ലാം ഈശ്വരാർപ്പിതങ്ങളായിരിക്കും. ഭഗവൽനാമങ്ങളും ഗുണങ്ങളും ആവർത്തിച്ച് വർണ്ണിച്ചിരിക്കും.

ആദ്യകാല കീർത്തനങ്ങൾ അധികവും വാമൊഴിയായി പകർന്നുവന്നവയാണ്. ഈ കീർത്തനങ്ങളുടെ കർത്താക്കളാരെന്ന് അറിയാൻ കഴിഞ്ഞിട്ടില്ല. ആദ്യകാല കീർത്തനങ്ങളെല്ലാം തത്വചിന്തയ്ക്ക് കൂടുതൽ പ്രാധാന്യം നൽകിയിരിക്കുന്നതായി കാണാം. പിൽക്കാലത്ത് രചിക്കപ്പെട്ട കീർത്തനങ്ങൾ

നാമോച്ചാരണത്തിനാണ് കൂടുതൽ പ്രാധാന്യം നൽകിയത്. നാമങ്ങളുടെ ആവർത്തനം മാത്രമായ സ്തോത്രങ്ങളെ കീർത്തനങ്ങളെന്നും കഥാകഥനമോ വേദാന്തചിന്തകളോ ഉള്ളവയെ സങ്കീർത്തനങ്ങ ളെന്നും ഉള്ളൂർ സാഹിത്യ ചരിത്രത്തിൽ വ്യവഹരിക്കുന്നു. കീർത്തന സാഹിത്യത്തെ ഉള്ളൂർ നാലായി വിഭജിക്കുന്നുണ്ട്.

1. കേവലം ഭഗവൽന്നാമങ്ങൾ മാത്രമടങ്ങിയ സ്തോത്രങ്ങൾ.
2. ഭഗവത്കഥ സംഗ്രഹിച്ച് രചിക്കുന്ന സ്തോത്രങ്ങൾ.
3. ഭക്തിസംവർദ്ധകങ്ങളായ സ്തോത്രങ്ങൾ.
4. വേദാന്ത പ്രതിപാദകമായവ.

കീർത്തനങ്ങൾക്ക് ചില പൊതു സ്വഭാവങ്ങൾ ഉള്ളതായി കാണാം. പലകീർത്തനങ്ങളിലും രണ്ടാം പാദാവസാനത്തിലോ നാലാം പാദാവസാനത്തിലോ ഭഗവൽനാമം നിബന്ധിച്ചിരിക്കും. ഹരി സ്തോത്രം ഇരുപത്തിനാലുവൃത്തം എന്നിവ ക്രമത്തിൽ ഉദാഹരണം. വെറും സ്തുതികൾ എന്നതിൽ കവിഞ്ഞ് ഏതെങ്കിലും സംഭവത്തെ പ്രകീർത്തിക്കുന്നവയാണ് മിക്ക കീർത്തനങ്ങളും. നാമസ്മരണ യ്ക്കുകൂടി ഉപകരിക്കുന്ന മട്ടിലാണ് കീർത്തനങ്ങളുടെ ഘടന. പുണ്യദിനങ്ങളുടെ പ്രകീർത്തനം പല കീർത്തനങ്ങളിലും കാണാം. ഓർമ്മിക്കുന്നതിനുള്ള സൗകര്യത്തിനുവേണ്ടി അകാരാദി ക്രമത്തിൽ സംവിധാനം ചെയ്യപ്പെട്ടിരിക്കുന്നു. ഭാഷയിലെ കീർത്തനങ്ങൾ മിക്ക കീർത്തനങ്ങളും ദ്രാവിഡവൃത്ത ങ്ങളിൽ രചിക്കപ്പെട്ടവയും ഏതെങ്കിലും ഈശ്വരനാമത്തോടുകൂടി അവസാനിക്കുന്നവയും ആണ്.

**പൂന്താനം നമ്പൂതിരി**

പഴയ വള്ളുവനാട് താലൂക്കിലെ നെന്മേനി അംശത്തിൽ (ഇന്ന് മലപ്പുറം ജില്ലയിൽ പെരിന്തൽമ ണ്ണയ്ക്ക് അടുത്തുള്ള കീഴാറ്റൂർ വിലേജിൽ) പൂന്താനം ഇല്ലത്തിലാണ് ജനനം. ജീവിതകാലഘട്ടം 1547 –നും 1640–നും ഇടയ്ക്കാണെന്ന് കരുതുന്നു. പൂന്താനം നമ്പൂതിരി ഗുരുവായൂരപ്പന്റെ ഭക്തനായിരു ന്നു. ഗുരുവായൂരപ്പന്റെ ആത്മചൈതന്യം കിട്ടിയ കവിയാണ് പൂന്താനം. മേൽപ്പത്തൂർ നാരായണ ഭട്ട തിരിയുടെ സമകാലീനകനായിരുന്നു പൂന്താനം. മേൽപ്പത്തൂർ പാണ്ഡിത്യംകൊണ്ട് പ്രസിദ്ധനായി രുന്നു. പൂന്താനമാകട്ടെ ശുദ്ധഭക്തികൊണ്ടും. ഗുരുവായൂരപ്പന് മേൽപ്പത്തൂരിന്റെ വിഭക്തിയേക്കാൾ പൂന്താനത്തിന്റെ ഭക്തിയാണ് ഇഷ്ടം എന്നൊരു ഐതിഹ്യവുമുണ്ട്. (വള്ളത്തോളിന്റെ ഭക്തിയും വിഭക്തിയും എന്ന കവിതയിൽ).

പൂന്താനത്തിന് പാനയാണ് പ്രിയം. ദേവീക്ഷത്രങ്ങളിലെ പ്രത്യേകതരം വഴിപാപാടാണ് പാന. ഒരു ചെറിയ വടി – പാനക്കോൽ– അറ്റം തുളച്ച് പൂക്കല തൂക്കി പൂജയ്ക്ക് വെയ്ക്കുന്നു. അത് കൈയിൽ ഉയർത്തിപ്പിടിച്ച് ഭഗവതിയുടെ മുന്നിൽ താളക്രമത്തോടെ തുള്ളുന്നു. തുള്ളലിന്റെ താള ത്തിനിണങ്ങുന്നതാണ് പാനപ്പാട്ട്. ദ്രുതകാകളിയാണ് പാനപ്പാട്ടുകളിൽ കണ്ടുവരുന്ന വൃത്തങ്ങൾ. ഭക്തിയിൽ മുഴുകിയ ഗാനരീതിയാണ് പാന. ജ്ഞാനപ്പാന, സന്താനഗോപാലം പാന എന്നിവയാണ് പൂന്താനത്തിന്റെ പ്രസിദ്ധകൃതികൾ. ശ്രീകൃഷ്ണകർണ്ണാമൃതം, ഹരിസ്തോത്രം, ഘനസംഘം എന്നി ങ്ങനെ സ്തോത്രങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. അഞ്ജനശ്രീധര ചാരുമൂർത്തേ, 'നരനായിങ്ങനെ

ജനിച്ചു ഭൂമിയിൽ, അമ്പാടിതന്നിലൊരുണ്ണി, എന്നിങ്ങനെയുള്ള കീർത്തനങ്ങളും പൂന്താനത്തിന്റേതാണ്.

വളരെക്കാലത്തെ കാത്തിരിപ്പിനുശേഷം ഉണ്ടായ പുത്രൻ പെട്ടെന്നു മരിച്ചുപോയി എന്നും അതിന്റെ തീവ്രദുഃഖത്തിൽ ജീവിതവിരക്തിയോടെ രചിച്ചതാണ് 'ജ്ഞാനപ്പാന' എന്നു പറയപ്പെടുന്നു.

'ഉണ്ണിക്കൃഷ്ണൻ മനസ്സിൽ കളിക്കുമ്പോൾ

ഉണ്ണികൾ മറ്റു വേണമോ മക്കളായ്' – എന്നതായിരുന്നു അദ്ദേഹത്തിന്റെ ചിന്താഗതി. ഇവിടെ ഭക്തിയും ദുഃഖവും ഇഴചേർന്നൊഴുകുന്നായി ഈ കൃതിയിൽ കാണാൻ കഴിയും. ഗഹനമായ വേദാന്തചിന്തകളെ വളരെ ലളിതമായും , ഹൃദയസ്പർശിയായും അവതരിപ്പിച്ചിട്ടുണ്ട്. ഈ കൃതിയിൽ 349 വരികളാണ് ഉള്ളത്. ധർമ്മാധർമ്മചിന്ത വെടിഞ്ഞ് ദുർവൃത്തികളിലേർപ്പെട്ട് ജീവിതം പാഴാക്കുന്ന മനുഷ്യർക്ക് മോക്ഷം പ്രാപിക്കാനുള്ള മാർഗം ഉപദേശിച്ചുകൊടുക്കുകയാണ് കവി. സമൂഹത്തിലെ എല്ലാ കൊള്ളരുതായ്മകളെയും കവി വിമർശിക്കുന്നുണ്ട്. സമകാലിക സാമൂഹികാവസ്ഥയിലും ജ്ഞാനപ്പാനയുടെ പ്രാധാന്യം വർദ്ധിവരുന്നു.

എൻ. കൃഷ്ണപിള്ള രേഖപ്പെടുത്തുന്നതുപോലെ 'കുഞ്ചൻ നമ്പ്യാരുടെ കയ്യിൽ കിട്ടുമ്പോൾ പൊതിരെ തല്ലുമേടിക്കുന്ന ആളുകളുടെ വിക്രിയങ്ങൾ പൂന്താനം പറയുന്നത്, അലിവോടും സങ്കടത്തോടുമാണ്. പൂന്താനം ഓത്തില്ലാത്ത കുടുംബത്തിൽ പിറന്ന ബ്രാഹ്മനായിരുന്നു എന്നും വിഭക്തിയല്ല ഭക്തിയായിരുന്നു പൂന്താനത്തിന്റെ സിദ്ധിയെന്നും പുത്രദുഃഖത്താൽ വിരക്തനായ ശേഷമാണ് കൃതി രചിച്ചതെന്നും മറ്റുമുള്ള ഐതിഹ്യങ്ങൾ കൃതിയുടെ ആത്മാവിലേക്കുള്ള പ്രവേശനകവാടങ്ങളാണ്. തനി മലയാളിത്തം തുളുമ്പുന്ന സംഭാഷണഭാഷയും നാടോടിശൈലിയും സംക്ഷിപ്തതയും ഭക്തിയുടെ പാരമ്യവും ജ്ഞാനത്തിന്റെ അഗാധതയും ആവിഷ്കാരത്തിലെ ആത്മാർത്ഥതയും ഒക്കെക്കൂടിച്ചേർന്ന് ജ്ഞാനപ്പാനയെ മലയാളത്തിന്റെ മഹോപനിഷത്ത് ആക്കിയിരിക്കുന്നു.'

**ജ്ഞാനപ്പാന**

ഗുരുനാഥൻ തുണചെയ്ക സന്തതം

തിരുനാമങ്ങൾ നാവിന്മേലെപ്പൊഴും

പിരിയാതെയിരിക്കണം നമ്മുടെ

നരജന്മം സഫലമാക്കീടുവാൻ.

ഗുരുവന്ദനത്തോടെ കവി ഗ്രന്ഥമാരംഭിക്കുന്നു. ഗുരുപ്രീതിയും ഈശ്വരപ്രീതി ലഭിക്കും. ഗുരുനാഥൻ എന്നെ എല്ലായ്പ്പോഴും തുണയ്ക്കണം. നിന്റെ നാമങ്ങൾ എപ്പോഴും നാവിലുണ്ടായിരിക്കണം. നമ്മുടെ മനുഷ്യജന്മം സഫലമാക്കുവാൻ ഗുരുപ്രീതിതന്നെയാണ് വേണ്ടതെന്ന് കവി അർത്ഥമാക്കുന്നു.

2. ഇന്നലെയോളമെന്തന്നറിഞ്ഞീല ..........തോളിൽ മാറാപ്പങ്ങാക്കുന്നതും ഭവാൻ.

മനുഷ്യൻ ജീവിതത്തെക്കുറിച്ച് തികച്ചും അജ്ഞനായിട്ടാണ് ഇവിടെ വന്നുപിറക്കുന്നത്. ജനിക്കുന്നതിനു മുമ്പ് താനാരായിരുന്നു എന്ന് അവന് ഒരു നിശ്ചയവുമില്ല. മരിച്ചാൽ ആരാകുമെന്നും അവന് അറിഞ്ഞുകൂട ഭൗതികസുഖഭോഗങ്ങളിൽ അഭിരമിച്ച് അവൻ സ്വയം മറന്നു ജീവിക്കുന്നു. ഈശ്വരന്റെ ലീലാവിലാസങ്ങളെക്കുറിച്ച് മനുഷ്യന് ഒരു ധാരണയുമില്ല. കഴിഞ്ഞകാലത്തെക്കുറിച്ചും മനുഷ്യന് ഒട്ടും അറിവില്ല. ചുരുക്കത്തിൽ ജീവിതം അജ്ഞതയുടെ അനിശ്ചിതത്തിൽ ആണ്ടിരിക്കുകയാണ്. എല്ലാ സുഖങ്ങൾക്കും ആധാരമെന്ന് കരുതുന്ന ശരീരത്തിന്റെ സ്ഥിതിയും ചഞ്ചലമാണ്. ഏതു നിമിഷത്തിലാണ് അത് മണ്ണടിയുക എന്ന് ആർക്കുമറിയില്ല. സത്യസ്വരൂപനായ ആ ജഗദീശ്വരന്റെ ഒരു ലീലയാണ് ഈ ലോകം. ദരിദ്രജനത്തെ ഏതാനും ദിവസങ്ങൾകൊണ്ട് സമ്പന്നരാക്കുന്നതും മണിമാളികമുകളിൽ രാജാവായിരുന്ന ഒരാളെ ഭിക്ഷക്കാരനാക്കുന്നതും ഒരേ ദൈവംതന്നെയാണ്. ഇതൊക്കെ ഈശ്വരന്റെ ലീലാവിലാസങ്ങളല്ലെങ്കിൽ പിന്നെന്താണ്. ലോകം പുരോഗതിയുടെ ഉന്നതിയിൽ എത്തിയിരിക്കുന്ന ഇക്കാലത്തും ഈ ജീവിതപരിവർത്തനങ്ങൾക്ക് ഒരു മാറ്റവുമില്ല. ലോകത്തിന്റെ പോക്ക് അനിശ്ചിതത്വവും നിറഞ്ഞവഴിയിലൂടെയാണെങ്കിൽ പിന്നെ ഒന്നേ ചെയ്യുവാനുള്ളൂ. നിത്യനായ ഈശ്വരനെ ഭജിക്കുക. അനിത്യമസുഖം ലോകമിമം പ്രാപ്യ ഭജസ്വമാം – അനിത്യവും അസുഖവുമായ ലോകത്തെത്തിയാൽപ്പിന്നെ എന്നെ ഭജിക്കുകയാണ് വേണ്ടത് എന്നത്രേ ഭഗവാൻ ഗീതയിൽ പ്രഖ്യാപിക്കുന്നത്.

3. കണ്ടാലൊട്ടറിയുന്നു ചിലരിതു ..............ചെവിതന്നിതു കേൾപ്പിനെല്ലാവരും.

എല്ലാ മനുഷ്യർക്കും ഈ വൈരാഗ്യത്തിനും സത്യാന്വേഷണബുദ്ധിയും ഉണ്ടാകാത്തതെന്ത്? ഇതിനുത്തരമാണ് അടുത്ത വരികളിൽ ജഗദീശമായയിൽ കഴിയുന്നവരാണ് മനുഷ്യർ. ചിലർ സത്യാന്വേഷണത്തിന്റെ വഴിയേ സഞ്ചരിച്ച് ഈശ്വരനെ തിരിച്ചറിയുന്നു. എന്നാൽ അജ്ഞാനത്തിന്റെ അടിത്തട്ടിൽ വീണുപോയവർക്ക് എത്രതന്നെ നേരിട്ടനുഭവിച്ചാലും പ്രപഞ്ചജീവിതത്തിന്റെ നിസ്സാരത തെളിഞ്ഞുകിട്ടില്ല. പുറമേ കാണുന്നതൊന്നും സത്യമല്ലെന്ന് ചിലർ സൂക്ഷ്മചിന്തയും ഈശ്വരവിശ്വാസവും നേടി മായാമോഹത്തെ തിരിച്ചറിയുന്നു. ഈ ജീവിതം ക്ഷണികവും ദുഃഖപ്രദവുമാണെന്നു കണ്ടു മനസ്സിലാക്കുന്നു. എന്താണിങ്ങനെ സംഭവിക്കുന്നത്? കാരണം മറ്റൊന്നുമല്ല, മനുഷ്യരുടെ മനസ്സ് പലവിധമാണ്. ഓരോരുത്തർക്കും അവരവരുടെ മനസ്സിനും സ്വഭാവത്തിനുമനുസരിച്ചേ അവർക്കു കാര്യങ്ങൾ ഗ്രഹിക്കാൻ കഴിയൂ. ഓരോ മനുഷ്യന്റെയും മനസ്സിന്റെയും പക്വതയ്ക്കനുസരിച്ചുവേണം സത്യമുപദേശിക്കാൻ. അതുകൊണ്ടാണ് ശാസ്ത്രങ്ങൾ പലരീതിയിലും സത്യസ്വരൂപത്തെ വിവരിക്കുന്നത്. ചിലർ എപ്പോഴും കർമ്മമനുഷ്ഠിക്കാൻ താല്പര്യപ്പെടുന്നു. ഇത്തരത്തിലുള്ള ആളുകൾക്കായി കർമ്മശാസ്ത്രങ്ങൾ പലവിധമുണ്ട്. അവയെല്ലാം വിവിധകർമ്മങ്ങളെ വിധിക്കുന്നു. വേദങ്ങളിലെ കർമകാണ്ഡവും സ്മൃതികളും കർമശാസ്ത്രങ്ങളാണ്. കർമശാസ്ത്രത്തെ വിസ്തരിച്ചു പ്രതിപാദിക്കുന്ന ശാസ്ത്രമാണ് 'മീമാംസ'. കർമ്മമാർഗത്തിൽ നിന്ന് വേറിട്ട് ജ്ഞാനമാർഗത്തിൽ സഞ്ചരിക്കുന്നവർക്കായി ജ്ഞാനശാസ്ത്രങ്ങളുമുണ്ട്. ഉപനിഷത്തുകളെന്നറിയപ്പെടുന്ന വേദത്തിലെ ജ്ഞാനകാണ്ഡമാണവ. ജ്ഞാനശാസ്ത്രത്തെ വിവരിക്കുന്നതാണ് 'വേദാന്തം'. ഇവ കൂടാതെ സംഖ്യാശാസ്ത്രം, യോഗശാസ്ത്രം എന്നിങ്ങനെ സത്യവിവരണങ്ങളായ ഒട്ടനവധി ശാസ്ത്രങ്ങളുണ്ട്. ഇവയുടെ

യെല്ലാം സാരാംശമാണ് നാമറിയേണ്ടത്. ജനനമരണരൂപത്തിൽ കറങ്ങികൊണ്ടിരിക്കുന്നതാണ് സംസാരചക്രം. മനുഷ്യർ ഇതിൽ മുങ്ങിയും പൊങ്ങിയും ഉഴലുന്നു. ഇങ്ങനെ ക്ലേശിക്കുന്ന മനുഷ്യന് സത്യസാക്ഷാത്ക്കാരത്തിനായി മഹത്തുക്കൾ ഒരു പരമാർത്ഥം പറഞ്ഞുവച്ചിട്ടുണ്ട്. അതു ഞാൻ ചുരുക്കിപ്പറയാം. എളുപ്പത്തിൽ മുക്തിനേടണമെന്നുള്ളവർ ഇതു ശ്രദ്ധയോടെ ചെവികൊള്ളുക.

4. നമ്മെയൊക്കെയും ബന്ധിച്ച സാധനം .............നിന്നവൻ തന്നെ വിശ്വം ചമച്ചുപോൽ.

കർമ്മമാണ് നമ്മെ ജീവിതവുമായി ബന്ധിപ്പിച്ചിരിക്കുന്നത്. കർമ്മത്തിൽ നിന്നും വിമുക്തി നേടുന്നതാണ് മോക്ഷം. കർമ്മത്തിന്റെയാകെ ഉറവിടം കർമ്മരഹിതമായ പരമാത്മാവാണ്. രണ്ടെന്ന തോന്നലില്ലാതെ സ്വയം പ്രകാശിച്ചുനിൽക്കുന്ന അദ്വയബോധമാണ് പരാത്മാവ്. കർമ്മഗതിയ്ക്കു മുമ്പും കർമ്മഗതിനടന്നു കൊണ്ടിരിക്കുമ്പോഴും കർമ്മഗതി അവസാനിച്ചാലും ഒരു മാറ്റവും കൂടാതെ നിലനിന്നുപോരുന്ന സത്യവസ്തുവാണ് പരമാത്മാവ്. അതിനോട് ചേരുവാൻ ഒരു വസ്തുവിനും സാധ്യമല്ല. അത് മറ്റൊന്നിനോടും ചേരുന്നുമില്ല. അതിനെ അറിയാനാഗ്രഹിക്കുന്നവരുടെ മുമ്പിൽ ബ്രഹ്മമായി തെളിയുകയും, അറിയാനാഗ്രഹിക്കാത്തവർക്ക് ഒരിക്കലും ഉൾക്കൊള്ളാനാവാത്ത വസ്തുവായി നിലകൊള്ളുകയും ചെയ്യുന്നു. ഈ പ്രപഞ്ചത്തിൽ ഒന്നുപോലെ മറ്റൊന്നില്ലാത്ത വിധത്തിൽ സൃഷ്ടിച്ച് എല്ലാറ്റിന്റെയും ജീവസ്വരൂപമായി നിലകൊള്ളുന്ന ശക്തിയാണ് പരമാത്മാവ്. സ്വയം നിലനിൽക്കുന്ന പരാത്മാവാണ് ഈ വിശ്വത്തെ സൃഷ്ടിച്ചിരിക്കുന്നത്. ഈ സത്യത്തെ അറിയുന്നവർ പരാമാത്മാവിനെ അറിയാൻ ശ്രമിക്കുകയും 'സർവ്വംബ്രഹ്മമയം' എന്ന സാക്ഷാത്ക്കാരത്തിൽ എത്തിച്ചേരുകയും ചെയ്യുന്നു. എന്നാൽ ഭൗതീകസുഖഭോഗങ്ങളിൽ അഭിരമിച്ച് ഒന്നിലും മനസ്സുറയ്ക്കാത്തവർക്ക് പരമാത്മാവെന്ന സത്യത്തെ അറിയാൻ കഴിയുന്നുമില്ല.

5. മൂന്നുമൊന്നിലടങ്ങുന്നു പിന്നെയും .............കർമ്മബദ്ധന്മാരെന്നതറിഞ്ഞാലും.

പ്രപഞ്ച സൃഷ്ടാവ് അതിന്റെ സൃഷ്ടിക്കും സംരക്ഷണത്തിനും സംഹാരത്തിനുമായി മൂന്ന് ഗുണങ്ങളെയും സൃഷ്ടിച്ചിരിക്കുന്നു. രജസ്സ്, സത്വം, തമസ്സ്, എന്നീ ഗുണങ്ങളെ ആശ്രയിച്ചാണ് ഇത് നിലനിൽക്കുന്നത്. പരമാത്മാവ് രജോഗുണം പൂണ്ടു പ്രപഞ്ചം സൃഷ്ടിക്കുമ്പോൾ ബ്രഹ്മാവെന്നറിയപ്പെടുന്നു. സത്വഗുണമെടുത്തു രക്ഷചെയ്യുമ്പോൾ വിഷ്ണുരൂപം കൈക്കൊള്ളുന്നു. തമോഗുണമെടുത്തു സംഹരിക്കുമ്പോൾ ശിവനായി മാറുന്നു. സൃഷ്ടി, സ്ഥിതി, സംഹാരം ഇവ മൂന്നു ഒരേ ശക്തിയുടെ മൂന്നു ഭാവങ്ങളാണ്, ഒരുമിച്ചുനിൽക്കുന്നതുമാണ്. ഇതുപോലെ ഗുണാശ്രയങ്ങളായ കർമ്മങ്ങളും മൂന്നായി വേർതിരിയുന്നു. യഥാക്രമം പുണ്യകർമ്മം, പാപകർമ്മം, മിശ്രകർമ്മം എന്നിങ്ങനെ. കർമ്മം ഏതുവിധത്തിലായാലും അതൊക്കെ ജീവാത്മാവിന് ബന്ധനകാരണം തന്നെ. മൂന്നുതരം കർമ്മവും മനുഷ്യനെ സംസാരദുഃഖത്തിൽ അകപ്പെടുത്തുന്നു. സത്വഗുണപ്രധാനമായ പുണ്യകർമ്മം സ്വർണ്ണചങ്ങലയാണെങ്കിൽ തമോഗുണപ്രധാനമായ പാപം ഇരുമ്പുചങ്ങലയാണെന്ന വ്യത്യാസമേയുള്ളൂ. സ്വർണ്ണവും ഇരുമ്പും കൂട്ടിക്കലർത്തി നിർമ്മിച്ച ചങ്ങല മിശ്രവും. ഇപ്രകാരം ചിന്തിക്കുകയാണെങ്കിൽ ഈ ലോകത്ത് ബ്രഹ്മാവ് മുതൽ ഈച്ചയുറുമ്പുവരെയുള്ള ജീവജാലങ്ങളെല്ലാം കർമ്മബദ്ധരാണ്.

6. ഭുവനങ്ങളെ സൃഷ്ടിക്കയെന്നതു ..................കർമ്മം കൊണ്ടുകളിക്കുന്നതിങ്ങനെ.

സൃഷ്ടിയും പ്രളയവും പകലും രാവുമെന്നപോലെ ആവർത്തിച്ചുകൊണ്ടിരിക്കുന്നു. സംസാരത്തിൽപ്പെട്ടു നിൽക്കുന്നിടത്തോളം കർമ്മപാശം അറുത്തൊഴിക്കാൻ ബ്രഹ്മാവിനുപോലും സാദ്ധ്യമല്ല. സംസാരത്തെ ഉപേക്ഷിക്കാൻ കഴിയുന്നവർക്കുമാത്രമേ കർമ്മവിമുക്തി സാദ്ധ്യമാവൂ. സംസാരത്തിൽപെട്ടതുകൊണ്ട് ഇന്ദ്രൻ, അഗ്നി, യമൻ, തുടങ്ങിയ അഷ്ടദിക്ക്പാലകരും അതാത് ദിക്കുകളെ കാത്തുകൊള്ളുക എന്ന കർമ്മത്തിൽ കുടുങ്ങിക്കിടക്കുന്നു. ദിക്പാലകരും, പ്രപഞ്ചഘടങ്ങളും ലോകരക്ഷയെന്ന കർമ്മമാണ് ഏറ്റെടുത്തിരിക്കുന്നത്. അൽപബുദ്ധികളായ മനുഷ്യർ സ്വാർത്ഥത നിമിത്തം അല്പകർമ്മങ്ങലിൽ ഏർപ്പെടുന്നു. ഇവർ കൂടെക്കൂടെ ജനിച്ചും മരിച്ചും പല പല ജന്തുക്കളുടെ ജീവിതങ്ങൾ കൈകൊണ്ട് ജനനമരണപ്രവാഹത്തിൽ മുങ്ങിയും പൊങ്ങിയും ഉഴലേണ്ടിവരും. വീണ്ടും ജനനം വീണ്ടും മരണം, വീണ്ടും ഗർഭവാസം എന്നിങ്ങനെ കർമ്മത്തിന്റെ കളിയിൽപ്പെട്ട് നട്ടം തിരിയുകയാണവർ.

7. നരകത്തിൽ കിടക്കുന്ന ജീവൻ പോയ് ................ ഈശ്വരന്റെ വിലാസങ്ങളിങ്ങനെ.

കഠിനങ്ങളായ പാപങ്ങൾ ചെയ്തവർ നീചയോനിയിൽ പിറന്ന് നരകയാതന അനുഭവിക്കുന്നു. ദുരിതം അനുഭവിച്ച് മനസ്സ് പരിപക്വമാകുമ്പോഴാണ് മനുഷ്യജന്മം ലഭിക്കുന്നത്. മനുഷ്യജീവിതത്തിൽ നന്മ ചെയ്തിട്ടുള്ളവർ മരണശേഷം സത്യലോകത്തിലെത്തി സുഖിക്കുന്നു. അവർ സ്വർഗ്ഗലോകത്തിലെത്തി മോക്ഷം നേടുന്നു. സ്വർഗത്തിലെ സുഖജീവിതത്തിൽ കാലം പോകുന്നതറിയില്ല. സുഖജീവിതം നയിക്കുന്നതിനിടയിൽ പുണ്യങ്ങളെല്ലാം അവസാനിക്കും. പുണ്യങ്ങളെല്ലാം നിശ്ശേഷം ഒടുങ്ങിയാൽ വീണ്ടും അവർ ഭൂമിയിൽ പതിക്കുന്നു. മനുഷ്യജന്മം ലഭിച്ച് പാപകർമ്മങ്ങളിലാണ് താൽപര്യമെങ്കിൽ ദുരിതം ചെയ്തു വീണ്ടും നരകങ്ങളിൽ ചെന്നുവീഴും. കർമ്മങ്ങളുടെ ഗുണമനുസരിച്ച് സ്വർഗനരകങ്ങൾ ലഭിക്കുന്നു. ഒരു ജീവൻ സ്വർഗത്തിൽ നിന്നു ബ്രാഹ്മണനായി ഭൂമിയിൽ ജനിക്കുന്നു. ഭൂമിയിൽ അയാൾ പാപകർമ്മങ്ങളാണ് ചെയ്യുന്നതെങ്കിൽ പിന്നീട് അയാൾ ചണ്ഡാലനായി നരകജന്മം സ്വീകരിക്കുന്നു. ഇങ്ങനെ സംഭവിക്കുമ്പോൾ കർമ്മഫലമായി അസുരന്മാർ ദേവന്മാരായും, ദേവന്മാർ മരങ്ങളായും, ആട് ചത്ത് ആനയായും, ബ്രാഹ്മണൻ ചത്തു പക്ഷിയായും, നരി ചത്ത് നരനായും, നാരി ചത്ത് നരിയായും പിറക്കുന്നു, കുറുക്കൻ മനുഷ്യനായും പിറക്കുന്നു. പ്രജകളെ പീഢിപ്പിക്കുന്ന രാജാവ് കൃമിയായ് ജനിക്കുന്നു. ഈച്ച ചത്ത് പൂച്ചയായിത്തീരുന്നു. ഇങ്ങനെയുള്ള ഈശ്വരന്റെ ലീലാവിലാസങ്ങൾ വിചിത്രം തന്നെ.

8. കീഴ്മേലിങ്ങനെ മണ്ടുന്ന ജീവന്മാർ..................വേദവും ബഹുമാനിച്ചു ചൊല്ലുന്നു.

ജനനമരണത്തിന്റെ കയങ്ങളിൽ ഉയർന്നു താഴ്ന്നു ഉഴലുന്ന ജീവജാലങ്ങൾ. ജന്മത്തിനും മോക്ഷത്തിനും കാരണമായ കർമ്മങ്ങൾ ഉണ്ടാക്കുന്നത് ഭൂമിയിൽ നിന്നാണ്. ഇങ്ങനെ കർമ്മഫലങ്ങൾ നേടി മരണാനന്തരം അതിനനുസരിച്ചുള്ള ലോകത്തിൽ എത്തിചേരുന്നു. അവിടെ അതാതിന്റെ ഫലവും അനുഭവിക്കാനിടവരുന്നു. കർമ്മഫലം അവസാനിക്കുമ്പോൾ വീണ്ടും ഭൂമിയിലേയ്ക്ക് മടങ്ങുന്നു. വീട്ടിൽ നിന്നു വിദേശത്തേക്കു പോകുന്ന ആൾ അതുവരെ താൻ നേടിയ ധനം കൂടെക്കൊണ്ടുപോകുന്നതുപോലെയാണിത്. വീട്ടിൽ വച്ചു നേടിയ പണം മുഴുവൻ വിദേശത്തെ താമസ

ത്താലത്തു ചെലവാക്കി സുഖിക്കുന്നു. പണം തീരുന്നതോടെ വീണ്ടും വീട്ടിലേക്കു മടങ്ങുകയും ചെയ്യുന്നു. മറ്റൊരിടത്തു ചെന്നു പാർത്തു സ്വന്തം മുതൽ വിറ്റു തിന്നുന്നതിനു തുല്യമാണ് സ്വർഗനരകാനുഭവങ്ങൾ. ധാരാളം കർമ്മസമ്പക്കുന്ന വിളനിലമാണ് ഭൂമി. കർമ്മത്തെ പാടേ നശിപ്പിക്കാനും ഭൂമിയിൽ വച്ചേ സാധിക്കൂ. ഭക്തന്മാർക്കും മുമുക്ഷുകൾക്കും എല്ലാ കർമ്മങ്ങളും അവസാനിപ്പിച്ച് മോക്ഷം നേടാനും കഴിയുന്നു. വിഷയാക്സതരായവർക്ക് ലൗകികജീവിതത്തിന് ആവശ്യമുള്ളതെല്ലാം നല്കുന്നു. ചുരുക്കത്തിൽ ഓരോരുത്തർക്കും അവരവരുടെ ആഗ്രഹത്തിനനുസരിച്ച് എന്തും നല്കാൻ കഴിവുള്ള ലോകമാതാവാണ് ഭൂമി. വിശ്വനാഥന്റെ മൂലപ്രകൃതിയായ മായ തന്നെയാണ് പ്രത്യക്ഷരൂപം ധരിച്ചു ഭൂമിദേവിയായി വിളങ്ങിനില്ക്കുന്നത്. ഈ ഭൂമിയെ പാലിക്കുന്നതിനുവേണ്ടിയാണ് ഭഗവാൻ പല അവതാരങ്ങളും എടുത്തിട്ടുള്ളതും. വേദവിത്തുകളായ മുനിമാരും വേദങ്ങളും ഒരുപോലെ പതിനാലുലോകങ്ങളിൽ വച്ച് ഉത്തമം ഭൂമിയാണെന്ന് പുകഴ്ത്തിയിരിക്കുന്നത്.

9. ലവണാംബുധിമധ്യേ വിളങ്ങുന്ന.............മിപ്രദേശമെന്നല്ലാരുമോർക്കണം.

(സത്യദർശികളായ ഋഷിമാർ ജ്ഞാനദൃഷ്ടിയിലൂടെ നിരീക്ഷിച്ച ഭൂമിയെക്കുറിച്ചുള്ള വിവരണമാണിനി)

താമരയുടെ ഉള്ളിലുള്ള ഏഴുകോശങ്ങൾ എന്നപോലെ ഏഴുസമുദ്രങ്ങളാൽ ചുറ്റപ്പെട്ടുകിടക്കുന്ന ഭൂമണ്ഡലമാണ് ജംബുദ്വീപ്. ഏഴു ദ്വീപുകളിലും വച്ച് ഉത്തമം ജംബൂദ്വീപാണെന്ന് പുരാണങ്ങൾ പുകഴ്ത്തുന്നു. ഭൂപത്മത്തിന്റെ അല്ലിപോലെ വിളങ്ങുന്ന മേരുപർവ്വതം ഇതിലാണ്. ജംബൂദ്വീപിനെ ഒമ്പത് ഖണ്ഡങ്ങളായി വേർതിരിച്ചിട്ടുണ്ട്. അവയിൽ ഏറ്റവും ഉത്തമം ഭാരതഖണ്ഡമാണ്. മാമുനിശ്രേഷ്ഠന്മാർ ഭാരതഖണ്ഡത്തിന് കർമ്മക്ഷേത്രമെന്നാണ് പേരിട്ടിരിക്കുന്നത്. ബ്രഹ്മലോകത്തിരിക്കുന്നവർവരെ കർമബീജം പാടേ നശിപ്പിച്ച് ജനനമരണരഹിതമായ മോക്ഷസ്ഥിതി കൈവരിക്കണമെങ്കിൽ ഇവിടെ വരണം. മറ്റു ലോകങ്ങളിലൊന്നു ഇത് സാധ്യമല്ല. അത്രയും വിശിഷ്ടമാണ് ഭാരതപ്രദേശമെന്ന കാര്യം ആരും മറക്കരുത്.

10. യുഗം നാലിലും നല്ലൂ കലിയുഗം......എന്നതെന്തിനു നാം പറഞ്ഞീടുന്നു?

നാലു യുഗങ്ങളിലുള്ളതിൽ കലിയുഗമാണ് മോക്ഷം നേടാൻ യോജിച്ചത്. മറ്റു യുഗങ്ങളിൽ കഠിനമായ തപസ്സുകൾ കൊണ്ടേ മോക്ഷം കിട്ടൂ. എന്നാൽ കലിയുഗത്തിൽ ഈശ്വരനാമസങ്കീർത്തനം കൊണ്ട് മുക്തി നേടാം. അതുകൊണ്ട് കലിയുഗത്തിൽ ഭാരതഖണ്ഡത്തിൽ ജന്മം കിട്ടാൻ എല്ലാവരും കൊതിക്കുന്നു. മറ്റു ദ്വീപുകളാറിലുള്ളവരും, ഖണ്ഡങ്ങളെട്ടിലുള്ളവരും, പതിമൂന്ന് ലോകത്തിലുള്ളവരും, മൂന്ന് യുഗങ്ങളിലുള്ളവരും കലികാലത്തെ ഭാരതത്തെ കൈവണങ്ങി കഴിയുന്നവരാണ്. ഭാരതഖണ്ഡത്തിൽ ഒരു പുല്ലായിട്ടെങ്കിലും ജനിക്കുവാൻ ഭാഗ്യം കിട്ടണേ എന്നാണവരുടെ പ്രാർത്ഥന. കലിയുഗത്തിൽ പിറന്നവരെയും കലിയുഗത്തിനെയും അവർ നമസ്ക്കരിക്കുന്നു. മറ്റുള്ളവർ ഇങ്ങനെ ഭാരതത്തെ പാടിപ്പുകഴ്ത്തുമ്പോൾ ഭാരതത്തിൽ കലികാലത്തിൽ ജന്മം ലഭിച്ചവർ ഒരു കാര്യം മനസ്സിലാക്കണം.

11. കാലമിന്നു കലിയുഗമല്ലയോ?.....................കീർത്തിച്ചീടുന്നതില്ല തിരുനാമം

കാലം കലിയുഗമാണ്. ഭാരതീയരായി പിറക്കുവാനും ഭാഗ്യം സിദ്ധിച്ചു. ഉത്തമമായ മനുഷ്യജന്മവും കിട്ടിയിരിക്കുന്നു. ഈ ഭാഗ്യത്തെ ഭാരതീയർ ശ്രദ്ധാപൂർവം തിരിച്ചറിയേണ്ടതാണ്. ഈ പുണ്യം ലഭിച്ചിട്ടും എത്ര ഭാരതീയരാണ് ജന്മം വെറുതേ പാഴാക്കുന്നത്. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത് ഈശ്വരനാമങ്ങൾ ഇല്ലാതായിട്ടോണോ? അതോ നരകാനുഭവങ്ങളിൽ ഭയമില്ലാഞ്ഞിട്ടാണോ? പലരും ഈശ്വരനാമം ഉച്ചരിക്കാത്തത്. അതോ നാക്കില്ലാതെ ജനിച്ചതുകൊണ്ടോ, ഈ കൂട്ടർ മരണമില്ലെന്നാണോ കരുതുന്നത്. കലികാലത്ത് ഭാരതീയരായി ജനിച്ചിട്ട് ഈശ്വരനാമം ഉച്ചരിക്കാതെ ജീവിക്കുന്നവർ പുണ്യമായ മനുഷ്യജന്മത്തെ പുഴുങ്ങിതിന്നുകയാണ്. പ്രയാസപ്പെട്ട എത്രയോ ജന്മങ്ങൾ കഴിഞ്ഞാണ് ഈ പുണ്യഭൂമിയിൽ മനുഷ്യജന്മം ലഭിച്ചത്. ജലത്തിലും മലത്തിലും മണ്ണിലും എത്രയോ നാൾ കഴിഞ്ഞിട്ടുണ്ടാവും. മരങ്ങളായും പക്ഷികളായും മൃഗങ്ങളായും പല തവണ ജനിച്ചിരിക്കാം. ഇങ്ങനെയുള്ള ദുഃഖങ്ങൾ അനുഭവിച്ചതിനുശേഷമാണ് അമ്മയുടെ ഗർഭപാത്രത്തിൽ ജനിക്കാൻ കഴിഞ്ഞത്. പത്തുമാസം മാതാവിന്റെ ഗർഭപാത്രത്തിലും പത്തുപന്ത്രണ്ടു കൊല്ലം ഉണ്ണിയായിട്ടും കഴിയുന്നു. അതു കഴിഞ്ഞാൽ പിന്നെ തന്നെതാനഭിമാനിച്ചു താനെന്താണ് ചെയ്യുന്നതറിയാതെ നീചന്മാരായി ജീവിച്ചുതീർക്കുന്നു. ഇങ്ങനെ എത്രകാലം കഴിയുമെന്ന് ആർക്കും അറിയില്ല. ശരീരം ഒരു നീർകുമിളപോലെ നിസ്സാരമാണ്. പ്രാണന്റെ സഹായത്തോടെയാണ് ഇതു നിലനിൽക്കുന്നത്. പാടുപെട്ട് പല സമ്പത്തുക്കളും നേടിവരുമ്പോഴേയ്ക്കും ശരീരം വാർദ്ധക്യത്തിലെത്തി അവസാനിക്കാറായിക്കഴിഞ്ഞിട്ടുണ്ടാവും. ജീവിതം ഇത്ര നിസ്സാരമാണെന്നറിഞ്ഞിട്ടും പലരും ഈശ്വരനാമം ജപിക്കാതെയാണ് കഴിഞ്ഞുകൂടുന്നത്.

12. സ്ഥാനമാനങ്ങൾചൊല്ലിക്കലഹിച്ചു...സത്യമെന്നു കരുതുന്നു സത്തുക്കൾ

ചിലർ നാണംകെട്ട് സ്ഥാനമാനങ്ങൾക്ക് വേണ്ടി കലഹിച്ചു നടക്കുന്നു. മദമാത്സര്യങ്ങളിൽപെട്ട് ചിലർക്ക് ബുദ്ധിതന്നെ നശിക്കുന്നു. ചിലർ കാമഭ്രാന്തൻമാരും ദാസ്യജോലിചെയ്യുന്നവരുമായി കഴിയുന്നു. ചിലർ ജീവിതവൃത്തിക്കായി ക്ഷേത്രജോലികൾ ചെയ്യുന്നു. ചില അച്ഛനമ്മമാർ കുട്ടികളെ വിറ്റ് തിന്നുന്നു. ചില മക്കളാവട്ടെ മാതാപിതാക്കളെ പട്ടിണിക്കിട്ട് കൊല്ലുന്നു. അഗ്നിസാക്ഷിണിയായൊരു ഭാര്യയെ ചിലർ എന്നന്നേയ്ക്കുമായി ഉപേക്ഷിക്കുന്നു. സജ്ജനങ്ങൾ നല്ലതുപറഞ്ഞുകൊടുക്കുമ്പോൾ അവരെ അധിക്ഷേപിക്കുന്നു. ബ്രാഹ്മണനായി ജനിച്ചതിൽ അഹങ്കരിച്ച് ചിലർ താൻ ബ്രഹ്മാവിനെക്കാൾ വലിയവനാണെന്ന് കരുതി ഞെളിഞ്ഞു നടക്കുന്നു. അങ്ങേയറ്റം പണത്തിനോടുള്ള മോഹമാണ് മനുഷ്യനെ അധഃപതിപ്പിക്കുന്നത്. അഗ്നിഹോത്രാദിയാഗങ്ങൾ പോലും പണത്തിനുവേണ്ടിയാണ് നടത്തുന്നത്. സ്വർണം, രത്നം, ആന, കുതിര കപ്പൽ എന്നിവയുടെ വ്യാപരത്തിലൂടെ ധാരാളം ധനം സമ്പാദിക്കുന്നു. ധൂർത്തജീവിതം നയിച്ച് ആളുകൾ നശിച്ചുകൊണ്ടിരിക്കുന്നു. പണം എത്ര ലഭിച്ചാലും അതിനോടുള്ള ആർത്തി അവസാനിക്കുന്നില്ല. പത്തു കിട്ടിയാൽ നൂറുമതിയെന്നു, നൂറുകിട്ടുകിൽ ആയിരം മതിയെന്നു, ആയിരം കിട്ടുമ്പോൾ അത് പതിനായിരത്തിലെത്തണമെന്നും ചിന്തിക്കുന്നു. നല്ലവരായ ആളുകൾ എന്തെങ്കിലും വന്നു ചോദിച്ചാൽ ഒന്നു കൊടുക്കുകയുമില്ല. ചത്തുപോകുമ്പോൾ ഉടുതുണിപോലും കൊണ്ടുപോകാൻ ആർക്കും കഴിയില്ല. എന്നിരുന്നാലും ധനവാന്മാർ വിശ്വാസവഞ്ചന ചെയ്തുകൊണ്ടിരിക്കും അതിലവർക്ക് ഒരു മനസ്താപവുമില്ല. സത്യമെന്നത് ബ്രഹ്മം തന്നെയാണെന്ന് സജ്ജനങ്ങൾ തിരിച്ചറിയുന്നു.

13. വിദ്യകൊണ്ടറിയേണ്ടതറിയാതെ.........ചത്തുപോകുന്നു പാവം ശിവ!ശിവ!

വിദ്യകളെല്ലാം ഈ സത്യത്തെ സാക്ഷാത്ക്കരിക്കാൻ ഉള്ളതാണ്. പക്ഷേ അവനവന്റെ ആത്മാവു തന്നെയാണ് ഈ സത്യമെന്നറിയാതെ വിദ്വാനെന്നും നടിക്കുന്നു ചിലർ. കുങ്കുമത്തിന്റെ സൗരഭ്യമറിയാതെ കുങ്കുമഭാണ്ഡവും പേറി നടക്കുന്ന കഴുതയെപ്പോലെയാണിവർ. അർപ്പണബോധത്തോടെയുള്ള ഭക്തികൊണ്ടേ ആത്മസാക്ഷാത്ക്കാരം ലഭിക്കുകയുള്ളൂ. മനസ്സിൽ അമിതമായ വിഷയസുഖവുമായി ഉഴലുന്നവർക്ക് ഈശ്വരനെ അറിയാൻ കഴിയില്ല. ദിനംതോറും ആയുസ്സു കുറയുകയാണ്. എന്നാൽ ആയുസ്സു കുറയുന്തോറും മോഹങ്ങൾ വർദ്ധിക്കുകയും ചെയ്യുന്നു. ഓണം, വിഷു, തിരുവാതിര, ശ്രാദ്ധം, സദ്യ, പുത്രജന്മം, ജന്മദിനം, വസ്തുസമ്പാദനം എന്നിങ്ങനെ മോഹങ്ങൾ നീണ്ടുപോകുന്നു. ഇങ്ങനെ ഒടുങ്ങാത്ത മോഹങ്ങളിൽപ്പെട്ടുഴന്നുകൊണ്ടിരിക്കുമ്പോൾ പാവം! മരിച്ചുപോവുകയും ചെയ്യുന്നു.

14. എന്തിനിത്ര പറഞ്ഞു വിശേഷിച്ചും......വൈകുണ്ഠത്തിനു പൊയ്ക്കൊൾവിനെല്ലാരും

ലൗകികജീവിതത്തിന്റെ വിവിധ വശങ്ങൾ വിസ്തരിച്ചു പ്രതിപാദിച്ചിരിക്കുന്നത് എന്തിനാണെന്ന് ഓരോരുത്തരും ചിന്തിച്ചറിയണം. കർമ്മമാർഗത്തിന്റെ വലുപ്പം വളരെ വലുതാണ്. അതിൽത്തന്നെ കഴിഞ്ഞുകൂടുകയാണെങ്കിൽ ഒരറ്റവുമുണ്ടാവില്ല. കർമഫലങ്ങളായ ജന്മങ്ങളും നിരവധിയാണ്. കാലമാണെങ്കിൽ കലിയുഗവും. ഇവിടെ വന്ന് ജനിച്ചിട്ടും ഇത്ര നാളും വെറുതേ പാഴാക്കി. ആയുസ്സൊടുങ്ങുന്നത് എപ്പോഴാണ് അവസാനിക്കുകയെന്നറിയില്ല. ഇന്ന് ആരോഗ്യമുണ്ട് നാമസങ്കീർത്തനങ്ങൾ കൊണ്ട് മോക്ഷം നേടാൻ പറ്റിയ അവസരം ഇതാണ്. ഈ അവസരം നഷ്ടമായാൽ പിന്നെ ലഭിച്ചെന്നു വരില്ല. അങ്ങനെ സംഭവിക്കുകയാണെങ്കിൽ അനുഭവിക്കേണ്ടി വരുന്ന നരകയാതനയെക്കുറിച്ചു ചിന്തിച്ചു നോക്കുക. ഈശ്വരസ്മരണ നിലനിർത്തി വൈകുണ്ഠലോകം നേടുകയാണ് നമ്മളുടെ കർത്തവ്യം.

15. കൂടിയല്ലാ പിറക്കുന്ന നേരത്തും .................. ഭക്ഷിച്ചീടുക തന്നെ പണിയുള്ളൂ.

ഈ ജീവിതം ഇടയ്ക്കുള്ള ഒരു അൽപ്പകാലാനുഭവമാണ്. ജനിക്കുമ്പോഴും മരിക്കുമ്പോഴും നാമൊരുമിച്ചല്ല. ജനനമരണങ്ങൾക്കിടയിലുള്ള ഈ അല്പകാലത്തിൽ നാമെന്തിനാണ് വെറുതേ മത്സരിക്കുന്നത്. മോക്ഷമാകുന്ന പുരുഷാർത്ഥം നേടാനിരിക്കെ ആപത്തുകൾക്കിരിപ്പിടമാകുന്ന ധനത്തെ എന്തിനാണ് മോഹിക്കുന്നത്. ഉച്ചയ്ക്ക് സൂര്യൻ ഉജ്ജ്വലിച്ചുനിൽക്കുമ്പോൾ ആരെങ്കിലും മിന്നാമിനുങ്ങിനെ തേടി നടക്കുമോ? മോക്ഷത്തെവിട്ട് ഭൗതികസുഖം കൊതിക്കുന്നത് സൂര്യനെ വിട്ടിട്ട് മിന്നാമിനുങ്ങിനെ തേടുന്നതിന് തുല്യമാണ്. ജഗദീശനെ ആശ്രയിക്കുന്ന ഒരാൾക്ക് എല്ലാ ബന്ധുമിത്രാദികളും ആ ജഗദീശൻ തന്നെയാണ്. ഉണ്ണിക്കണ്ണൻ കളിയാടുന്ന മനസ്സിൽ മറ്റ് ഉണ്ണികൾ വേണമെന്നില്ല. വിഷ്ണുഭക്തന്മാരെല്ലാം അവരുടെ കൂട്ടുകാരാണ്. മായാദേവിയുടെ ലീലാവിലാസങ്ങൾ കാണാൻ കണ്ണുള്ളവർക്ക് ഭാര്യയുടെ ഹാസഭാവങ്ങൾ വെറും ഗോഷ്ടികളായിട്ടേ തോന്നൂ. ഭക്തന്മാർക്ക് വീട് ഈ ലോകം തന്നെയാണ്. വിശ്വനാഥൻ പിതാവും ജഗദീശ്വരശക്തിയായ മായാദേവി മാതാവും. അവർ നമ്മെ അവസാനം വരെ നോക്കിക്കൊള്ളും. ആഹാരത്തിന് സജ്ജനങ്ങൾ നൽകുന്ന ഭിക്ഷ ധാരാളമാണുതാനും.

16. സക്തികൂടാതെ നാമങ്ങളെപ്പൊഴും ..........കുതിച്ചീടുന്നു ജീവനുമപ്പൊഴേ.

ഫലാസക്തി കൂടാതെ എപ്പോഴും മനസ്സ് ഈശ്വരനിൽ ഉറപ്പിക്കണം. മനസ്സിന് വിഷയാസക്തി വരുമ്പോൾ ഈശ്വരനാമം ജപിച്ച് അതിനെ അകറ്റണം. സർവചരാചരങ്ങളിലും ഈശ്വരചൈതന്യമുണ്ടെന്നു കരുതി മനസാ കുമ്പിടണം. എല്ലാം ഈശ്വരസ്വരൂപമായി കാണുകയാണ് ഏറ്റവും വലിയ സാധന. സജ്ജനങ്ങളെ കാണുമ്പോൾ ലജ്ജ കൂടാതെ നമിക്കണം. ഭക്തിസുധയിൽ മുഴുകി മദമത്തനായി നൃത്തം ചെയ്യണം. ലോഭമോഹങ്ങളകന്ന് ഭക്തിയിൽ ലയിക്കുമ്പോൾ സ്നേഹമെന്ന ഈശ്വരനും താനും ഒന്നാണെന്നും തോന്നും. ഈ സാക്ഷാത്ക്കരം നേടി ജീവിതം നയിച്ചാൽ ശേഷിക്കുന്ന പ്രാരാബ്ധങ്ങൾ അശേഷം ഒഴിവാകും. ഇങ്ങനെ ആത്മസാക്ഷാത്ക്കാരം നേടിന്നുവർ ജീവമുക്തനാകുന്നു. പ്രാരാബ്ധത്തിൽ നിന്ന് മുക്തിനേടുന്നവൻ ശരീരത്തിൽ നിന്നും വേർപ്പെട്ട് മോക്ഷപ്രാപ്തിയിലെത്തും. അതോടെ ബ്രഹ്മദർശനം പൂർത്തിയായി ജീവൻ കുതിച്ചുപൊങ്ങി ഈശ്വരശക്തിയുമായി ചേരുന്നു.

17. സക്തിവേറിട്ടു സഞ്ചരിച്ചീടുവാൻ ............. തിരുവുള്ളമാകെന്റെ ഭഗവാനേ!

പ്രപഞ്ചകാര്യങ്ങളിൽ വിരക്തി വരിക എളുപ്പമുള്ള കാര്യമല്ല. ഈശ്വരനാമജപം വിഷയാസക്തനെപ്പോലും മുക്തനാക്കും. അതിന്റെ മാഹാത്മ്യം വളരെ വർണ്ണനീയമാണ്. ജാതിയിൽ ശൂദ്രനാകട്ടെ അഥവാ ബ്രാഹ്മണനാകട്ടെ നാക്കുള്ളവൻ ഈശ്വരനാമം ജപിച്ചാൽ മതി മുക്തി നേടാൻ. നാക്കില്ലാതെ ഊമയായി പിറന്നവന് ഇത് ചൊല്ലികേട്ടാലും ജന്മസാഫല്യം കിട്ടും. എണ്ണമറ്റ തിരുനാമങ്ങൾ ഉണ്ട്. സ്വസ്ഥനായിരിക്കുമ്പോഴോ സ്വപ്നത്തിലോ അറിയാതെ പരിഹാസമായോ അവയിലൊരെണ്ണമെങ്കിലും ഒരു ദിവസം ഒരിക്കലുച്ചരിച്ചാൽ മതി. എവിടെയിരുന്നാലും മറ്റാർക്കെങ്കിലും വേണ്ടിയായാലും ഈശ്വരനാമം ചൊല്ലുകയോ കേൾക്കുകയോ ചെയ്താൽ ജന്മസാഫല്യം തീർച്ചയായും ലഭിക്കും. അത് ബ്രഹ്മസായൂജ്യത്തിന് കാരണമാകും. ശ്രീവേദവ്യാസനും ഭാഗവത വ്യാഖ്യാതനായ ശ്രീധരാചാര്യനും ഇക്കാര്യം നേരത്തേ പ്രസ്ഥാവിച്ചിട്ടിണ്ട്. ഭഗവാൻ ഗീതയിലും ഇക്കാര്യം പറഞ്ഞിട്ടുണ്ട്. കഴിയുമെങ്കിൽ നിരന്തരം ഈശ്വരനാമം ജപിക്കുവിൻ ബ്രഹ്മസത്യത്തിൽ ചേർന്ന് സായൂജ്യം നേടുവിൻ. ഇതിലധികം പറയാൻ ഒന്നുമില്ല. ബുദ്ധിയും ശ്രദ്ധയുമുണ്ടെങ്കിൽ ഇതു ധാരാളം മതി. തിരുനാമമാഹാത്മ്യം ഇങ്ങനെ പ്രകീർത്തിച്ചതിൽ എല്ലാ തെറ്റുകളും പൊറുത്ത് ജഗദീശ്വരൻ അനുഗ്രഹിക്കുമാറാകട്ടെ.

# മൊഡ്യൂൾ – 4

**ആട്ടക്കഥയും കഥകളിയും – ആവിർഭാവവും വികാസവും**

കേരളത്തിന്റെ തനത് അഭിനയകലയായ കഥകളിയ്ക്കുവേണ്ടി ഉണ്ടായ സാഹിത്യരൂപമാണ് ആട്ടക്കഥാപ്രസ്ഥാനം. കൊട്ടാരക്കര തമ്പുരാന്റെ രാമനാട്ടത്തോടെയാണ് കഥകളി ഒരു പ്രസ്ഥാനമായി രൂപപ്പെട്ടത്. കഥകളി ഒരു നൃത്തകലയാണ്. നൃത്തവും നാട്യവും അതിലുണ്ട്. പദാർത്ഥാഭിനയമാണ് നൃത്യമെന്ന് പറയുന്നത്. ഓരോ പദത്തിന്റെയും അർത്ഥം മുദ്രകൈക്കൊണ്ട് കാണിച്ച് അഭിനയിക്കുന്നതതാണ് പദാർത്ഥാഭിനയം. വാക്യാർത്ഥാഭിനയമാണ് നാട്യം. വാക്യാർത്ഥം അഭിനയിക്കുമ്പോൾ ഭാവം മാത്രമല്ല രസംകൂടി വരുത്തണം. കഥകളിയിൽ വാചികാഭിനയം വർജ്ജിച്ചിരിക്കുന്നത്കൊണ് ഭാവാഭിനയത്തിനാണ് പ്രാധാന്യം.

ആട്ടക്കഥാ എന്ന ദൃശ്യകലാസാഹിത്യത്തിന് പ്രതിപദം, പ്രതിരംഗം, ഭിന്നങ്ങളായ ഭാവങ്ങൾക്കല്ലാതെ ഒരു സ്ഥായീഭാവത്തിന് ഇടം കിട്ടുന്നില്ല. ഇതിന്റെ ഫലമായി അഭിനയപ്രധാനമായ ആട്ടക്കഥകൾ സാഹിത്യകലയുടെ മാനദണ്ഡം വച്ചു നോക്കുമ്പോൾ പലപ്പോഴും പരാജയപ്പെട്ടുപോകുന്നു. ആട്ടക്കഥയിലെ ഓരോ രംഗവും ഭാവാവിഷ്കരണ വിഷയത്തിൽ ഓരോ സ്വതന്ത്ര ഘടകമാണ്. ആട്ടക്കഥയ്ക്ക് പല ചിട്ടകളും ഉണ്ട്. ഓരോ കഥയ്ക്ക് ചിട്ടപ്പെടുത്തിവച്ചിട്ടുള്ള കഥാപാത്രങ്ങളെ പാടുള്ളു എന്ന് വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുണ്ട്. ആ കഥാപാത്രങ്ങളുടെ സ്വഭാവത്തിന് സ്വതേ ഉള്ളതേലേറെ നിറപകിട്ട് വേഷത്തിലും ഭാഷയിലും വരുത്തിയാലേ ഹസ്തമുദ്രകൊണ്ട് മറഞ്ഞു നിൽക്കുന്ന ഭാവത്തിന് മിഴിവ് വരൂ. ഭാവങ്ങൾക്കനുസരിച്ച് പദങ്ങൾ മാത്രമേ ആടാവൂ. ഉദാഹരണത്തിന് ശൃംഗാര പദമാണെങ്കിൽ 'കുവലയവിലോചന'വും 'കമലദളലോചന'വും എന്നാൽ ചെറിയ ചെറിയ ഭേദഗതികൾ ചില കഥകളിൽ കാണാം.

**ആട്ടക്കഥയുടെ വികാസപരിണാമങ്ങൾ**

കൊട്ടാരക്കര തമ്പുരാന്റെ രാമനാട്ടമാണ് ആദ്യത്തെ ആട്ടക്കഥയെന്നാണ് പൊതുവിൽ വിശ്വസിക്കപ്പെടുന്നത്. സംസ്കൃതഭാഷയിൽ രചിച്ച കൃഷണനാട്ടത്തിന്റെ ജനകീയ രൂപമാണ് രാമനാട്ടം. വഞ്ചീക്ഷ്മാവരനായ വീരകേരളവർമ്മയുടെ അനന്തരവനായ ഒരു ബാല വീരകേരളവർമ്മയാണ് രാമനാട്ടത്തിന്റെ കർത്താവായ കൊട്ടാരക്കര തമ്പുരാൻ. കൊല്ലവർഷം ഏഴാം ശതകമാണ് അദ്ദേഹത്തിന്റെ കാലഘട്ടമായി ശിരോമണി പി. കൃഷ്ണൻ നായർ അഭിപ്രായപ്പെട്ടിട്ടുള്ളത്. എന്നാൽ ഡോ. എസ്. കെ. നായരുടെ അഭിപ്രായത്തിൽ രാമനാട്ടത്തിന്റെ കാലം കൊല്ലവർഷം ഒൻപതാം നൂറ്റാണ്ടാണ്. രാമായണം എട്ടുദിവസത്തെ കഥകളാക്കിയതാണ് രാമനാട്ടം കഥകൾ. ആടാൻ കൊള്ളാവുന്ന കഥയാണ് രാമനാട്ടം എന്ന് അനുഭജ്ഞർ സമ്മതിക്കുന്നു. ഖരവധവും, തോരണയുദ്ധവുമാണ് കൂടുതൽ അരങ്ങേറിയിട്ടുള്ളത്. വ്യാകരണശുദ്ധിഇല്ലാത്തവയും ആധുനികർക്ക് അരോചകവുമായി തോന്നാവുന്നവയുമായ പ്രയോഗങ്ങൾ പലതും രാമനാട്ടത്തിൽ കണ്ടേക്കാം പക്ഷേ കഥകളി എന്ന നിലയിലോ ആട്ടക്കഥ എന്ന നിലയിലോഉള്ള രാമനാട്ടത്തിന്റെ മാഹാത്മ്യം അത് കുറയ്ക്കുന്നില്ല.

വാത്മീകി രാമായണ കർത്താവായ കോട്ടയം കേരളവർമ്മയുടെ അനുജനാണ് ആട്ടക്കഥകളെഴുതിയ കോട്ടയത്തുതമ്പുരാനെന്നാണ് വിശ്വസിക്കപ്പെടുന്നത്. കേരളവർമ്മയുടെ കാലം, കൊല്ലവർഷം 859 ആയതിനാൽ രാമനാട്ടം ഉണ്ടായി അധികം വൈകാതെത്തന്നെ കോട്ടയം കഥകളും രചിക്കപ്പെട്ടു എന്ന് വിശ്വസിക്കാം. നാലാണ് കോട്ടയം കൃതികൾ., രചനാ ക്രമമനുസരിച്ച് ബകവധം, കല്ല്യാണസൗഗന്ധികം, കിർമ്മീരവധം, നിവാതകവചകാലകേയവധം എന്നിവയാണവ. കോട്ടയം കൃതികൾ ആട്ടക്കാരെ കൂടുതൽ ആകർഷിക്കുകയും അവർ അതിനെ യഥാവിധി ചിട്ടപ്പെടുത്തുകയും ചെയ്തു. തുടർന്ന എഴുതപ്പെട്ട ആട്ടക്കഥകൾക്കെല്ലാം ലംഘിക്കാനാവാത്ത ഒരു ചട്ടകൂടായി

കോട്ടയം കഥകളുടെ ഘടനയെ കരുതുവാൻ അത് ഇടയാക്കി. കോട്ടയം കൃതികളിൽ സാഹിത്യ ഗുണം കൂടിയത് കാലകേയ വധമാണ്. ഈ കൃതികളെ അനുകരിച്ച് ആട്ടക്കഥാസാഹിത്യത്തിൽ സ്ഥിരപ്രതിഷ്ഠനേടിയ ആട്ടക്കഥാ കർത്താവാണ് കാർത്തിക തിരുനാൾ മഹാരാജാവ്. അദ്ദേഹ ത്തിന്റെ കൃതികളിൽ പ്രസിദ്ധം നരകാസുരവധമാണ്. സുഭദ്രാഹരണം, രാജസൂയം എന്നീ കഥകളും കാർത്തിക തിരുനാളിന്റേതായിട്ടുണ്ട്. കാർത്തികതിരുനാളിന്റെ ഭാഗിനേയനായ അശ്വതി തിരുനാൾ മഹാരാജാവിന്റെ ആട്ടക്കഥകളാണ് പൗണ്ഡ്രകവധം, അംബരീക്ഷചരിതം, രുഗ്മിണിസ്വയംവരം, പൂത നാമോക്ഷം എന്നീ നാല് പൂർണ്ണകഥകളും നരകാസുരവധത്തിന്റെ അന്ത്യഭാഗവും. ആട്ടത്തിന്റെ ചിട്ട കൾ, കോട്ടയം കൃതികളിൽ സർവത്ര പാലിച്ചിട്ടുണ്ടെങ്കിലും, സംഗീതം സാഹിത്യം, രംഗപ്രയോ ഗാർഹത തുടങ്ങിയവയിൽ അശ്വതിതിരുനാളിന്റെ എല്ലാ കൃതികളും കോട്ടയം കൃതികളെ അതിശയി ക്കുന്നുവെന്ന് മഹാകവി ഉള്ളൂർ അഭിപ്രായപ്പെടുന്നു. പൗണ്ഡ്രകവധം ഒഴിച്ച് മറ്റുള്ള കൃതികളെല്ലാം ഇന്നും അവതരിപ്പിച്ച് വരുന്നുണ്ട്. രുഗ്മിണീസ്വയംവരത്തിന് കഥകളിക്കാരുടെ ഇടയിൽ ഉന്നതസ്ഥാ നമാണുള്ളത്. ആദ്യം ചൊല്ലിയാടാനെടുക്കുന്ന കൃതിയാണത്. കഥകളി സംബന്ധിച്ച ചിട്ടകളെല്ലാം അത്യന്തം ലളിതമായും സമഗ്രമായും പ്രസ്തുത കഥയിലുണ്ടെന്നുള്ളതാണ് അതിനു കാരണം. സാഹിത്യപരമായും രുഗ്മിണി സ്വയംവരത്തിന്റെ സ്ഥാനം മികച്ചതാണ്.

**ഉണ്ണായിവാര്യരും നളചരിതവും**

ആട്ടക്കഥാസാഹിത്യത്തിലെ കൃതിരത്നമായി എണ്ണപ്പെടുന്നത് ഉണ്ണായിവാര്യരുടെ നളചരിതമാണ്. ഇരിങ്ങാലക്കുടക്കാരനായ ഉണ്ണായിവാര്യർ പതിനേഴും പതിനെട്ടും നൂറ്റാണ്ടിനിടയിലാണ് ജീവിച്ചിരു ന്നതെന്ന് വിശ്വസിക്കപ്പെടുന്നു. കഥകളിയുടെ ലോകത്തിൽ ഒറ്റപ്പെട്ടുനിൽക്കുന്ന കൃതിയാണ് നളചരിതം. നാടകത്തോട് മറ്റ് ആട്ടക്കഥകൾക്കുള്ളതിനേക്കാൾ അടുപ്പം അതിനുണ്ട്. രസസന്നിവേ ശം, പാത്രാവിഷ്കരണം തുടങ്ങിയവയിൽ നളചരിതം ഒരു ഉത്തമ നാടകത്തിന്റെ സർവ്വ ലക്ഷണ ങ്ങളും പുലർത്തുന്നുവെന്നതാണ് അതിന്റെ കാരണം. മലയാള ഭാഷയിലുണ്ടായിട്ടുള്ള സ്വതന്ത്രകൃ തികളിൽ ഉത്കൃഷ്ടപദവിയാണ് നളചരിതം അലങ്കരിക്കുന്നത്. നാലുദിവസംകൊണ്ട് ആടാവുന്ന കഥയായാണ് കൃതി സംവിധാനം ചെയ്യപ്പെട്ടിരിക്കുന്നത്.

ഉണ്ണായിവാരിയരുടെ കാലത്തെ സുപ്രധാന സാഹിത്യരൂപമായിരുന്നു ആട്ടക്കഥ. മഹാഭാരതത്തിലെ നളചരിതം എന്ന കഥ സ്വീകരിച്ച, അദ്ദേഹം നാലുദിവസം അഭിനയിക്കാനുള്ള ആട്ടക്കഥ രൂപപ്പെ ടുത്തി. സാധാരണ കഥകളിൽനിന്ന് വ്യത്യസ്തമായി ശൃംഗാരം, വീരം, എന്നീ രസങ്ങൾക്കപ്പുറം എല്ലാ രസങ്ങളും ഉൾക്കൊള്ളിക്കാൻ അദ്ദേഹം ധൈര്യം കാണിച്ചു. കഥാപാത്രങ്ങൾക്ക് വൈവിധ്യ മുള്ള വ്യക്തിത്വം നൽകി. ശ്ലോകങ്ങൾ ചിലത് മലയാളത്തിലാക്കി. മണിപ്രവാളശ്ലോകങ്ങളിലും മല യാളത്തിന് പ്രാധാന്യം നല്കി. അഭിനയത്തിന് പ്രാധാന്യമുള്ള രംഗങ്ങൾ ആവിഷ്ക്കരിച്ചു. നളചരിത ത്തിലൂടെ വ്യക്തമായ ഒരു ജീവിത ദർശനം അവതരിപ്പിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു.

നളചരിതഭാഷയ്ക്ക് ഏറെ വിമർശനങ്ങളുണ്ടായിട്ടുണ്ട്. വെങ്കല ഭാഷയാണ് നളചരിതത്തിലേതെന്ന് ഏ. ആർ. തമ്പുരാൻ പ്രസ്ഥാവിക്കുന്നു. മലയാളമോ സംസ്കൃതമോ മണിപ്രവാളമോ അല്ലാത്ത ഒരു 'ഉണ്ണായി ഭാഷ' വാര്യർ സൃഷ്ടിച്ചിട്ടുണ്ട്. ഭാഷയിലെ ഈ സ്വാതന്ത്ര്യം, സംഗീതം ചിട്ടപ്പെടുത്തുന്ന തിലും പുലർത്തുന്നുണ്ട്. കഥാപാത്ര സൃഷ്ടിയുടെ പേരിലാണ് ഉണ്ണായിവാര്യർ കൂടുതൽ പ്രശംസി ക്കപ്പെട്ടിരിക്കുന്നത്. ഒന്നോ രണ്ടോ തവണ മാത്രം രംഗത്തുവരുന്ന അപ്രധാനകഥാപാത്രങ്ങളെ പോലും അനശ്വരമാക്കിമാറ്റാൻ കവിയ്ക്കു കഴിഞ്ഞിട്ടുണ്ട്. ഭാവാവിഷ്കരണം, രസസന്നിവേശം,

**സന്ദർഭസജ്ജീകരണം,** സംഭാഷണം തുടങ്ങി എല്ലാ അംഗങ്ങളിലും വാര്യർ തികച്ച ഔചിത്യം കാട്ടുന്നു. കേരളശാകുന്തളമെന്നാണ് **ജോസഫ് മുണ്ടശ്ശേരി നളചരിതത്തെ വിശേഷിപ്പിച്ചിരിക്കുന്നത്.**
ഉണ്ണായിവാര്യരുടെ കാലത്ത്, മാർത്താണ്ഡവർമ്മയുടെ സന്നിധിയിൽ നളചരിതം രണ്ടാംദിവസം കഥകളിയായി അരങ്ങേറി. പിൽക്കാലത്ത്, നളചരിതം വളരെയേറെ പ്രസിദ്ധി നേടി.

**നളചരിതം ആട്ടക്കഥ – നാലാം ദിവസം**

നളന്റെ കലിബാധയൊഴിഞ്ഞതും നളൻ കലിയെ കൊല്ലാതെ തന്റെ ആജ്ഞാനുവർത്തിയാക്കിയതും ഋതുപർണ്ണനോ വാർഷ്ണേയനോ അറിയാതെ അവർ രഥയാത്ര തുടർന്ന് കുണ്ഡിനപൂരിയിലെത്തിയ തായി പ്രസ്ഥാവിച്ചുകൊണ്ട് നാലാം ദിവസം ആരംഭിക്കുന്നു.
ശ്ലോകം 1 ഖലനായ കലി വിട്ടൊഴിഞ്ഞപ്പോൾ തന്റെ കാമിനിയെ മനസ്സിൽ ധ്യാനിച്ചുകൊണ്ട് നളൻ മുൻപത്തെക്കാൾ വേഗത്തിൽ തേരുതെളിച്ചു. ഇതുകണ്ട് ദേവൻമാർപോലും ആശ്ചര്യപ്പെടുന്നു. അസ്തമിക്കാനായ സൂര്യൻ പോലും മന്ദഗതിയിലാണെന്നു തോന്നും.
ഋതുപർണ്ണരാജാവ് ഏറ്റവും വേഗത്തിൽ ചെന്നെത്തി.

ദമയന്തിയുടെ വിവാഹത്തിൽ പങ്കെടുക്കാനുള്ള ആവേശത്തിൽ രോമാഞ്ചമണിഞ്ഞവനായ രാജാവ് രത്നാഭരണങ്ങളണിഞ്ഞും മനോഹരമായ അമ്പും വില്ലും കൈയിലേന്തിയും, കാമാഗ്നിയിൽ നീറിയും മനോപീഢയ്ക്കിടയിലും നാരീരത്നവുമായുള്ള വിവാഹത്തെക്കുറിച്ചുള്ള മനോരാജ്യങ്ങൾ കണ്ടാനന്ദിച്ചു. അഹങ്കാരികളായ ശത്രുക്കൾക്ക് കാലനും, കാമൻ ഇല്ലായ്മ വരുത്തിയ ശീലത്തോടു കൂടിയവനും, കണ്ണാടി നോക്കുന്നതിൽ അതിതല്പരനും, കാമകോമളനും, മൂവുലകിലും കീർത്തി പ്പെട്ട സുന്ദരിയുടെ വേർപാടിലെ ചെറിയ സമയം പോലും യുഗങ്ങളായിതോന്നുന്നു. വാർഷ്ണേയൻ പറഞ്ഞതു കേട്ടാണ് യാത്ര അവസാനിച്ചു എന്ന കാര്യം അറിഞ്ഞത്. സൂര്യാസ്തമയത്തിനു മുമ്പ് എത്താൻ പറ്റിയതിൽ സന്തോഷിക്കുന്നു. നേരത്തെ എത്താൻ കഴിഞ്ഞതിൽ ബാഹുകനെ അഭിനന്ദി ച്ചുകൊണ്ട് ഋതുപർണ്ണരാജാവ് കുണ്ഡിനപുരിയിൽ എത്തി.

രംഗം ഒന്ന്: കുണ്ഡിനപുരം

ശ്ലോകം –2
കുണ്ഡിനപുരിയിൽ എത്തിയ ഋതുപർണ്ണൻ സ്വയവരഒരുക്കങ്ങളൊന്നു കാണാത്തതുകൊണ്ട് സ്വയം വിമർശനം നടത്തുന്നു.
ഋതുപർണ്ണൻ :– സുദേവന്റെ വാക്കുകൾ കേട്ടതുപാതി കേൾക്കാത്തതുപാതി ഇറങ്ങി പുറപ്പെട്ട താൻ ഒരു വിഡ്ഢിയാണല്ലോ. കേട്ടത് ശരിയാണോ എന്ന് ചിന്തിക്കാതെ പുറപ്പെട്ട ഞാൻ ഇതിഹാസകഥക ളിലെ ചില കഥാപാത്രങ്ങളെക്കാൾ പരിഹാസത്തിനു പാത്രമായി. അവിടെ വന്നു ചേർന്ന ബ്രാഹ്മ ണൻ അബദ്ധം വിളിച്ചുപറഞ്ഞു. ഉടൻതന്നെ കാമദേവനും എന്നോട് നേരിടാനായി വന്നു. ഏറ്റവും കഠിനമായ രീതിയിൽ അമ്പുകൾ തൊടുത്തു വിട്ടു. മറ്റുള്ളവരുടെ മനസ്സിനെ ഇളക്കിമറിക്കാനുള്ള സാമർത്ഥ്യവും ശൂരതയും കാമദേവനുമാത്രമേയുള്ളൂ. ഇനി എന്താണ് ചെയ്യേണ്ടത്. അല്പമൊന്നു ആശ്വസിക്കാനും മാനം കാക്കാനുമുള്ള മാർഗം കണ്ടെത്തുന്നു.
രംഗം രണ്ട്: ഭൈമീഗൃഹം
ദമയന്തിയും തോഴിയും
ശ്ലോകം – 3 ഈ സമയത്ത് ദമയന്തി സുദേവന്റെ അടുത്തുനിന്ന് ഋതുപർണ്ണൻ വരുമെന്നറിഞ്ഞിട്ട് സന്തോഷത്തൊടെ മറ്റുചിന്തകളൊന്നു കൂടാതെ മണിമാളികയിൽ ഇരിക്കുന്നു. കുതിരക്കുളമ്പടിയുടെ

ശബ്ദം കേട്ട് സന്തോഷത്തോടെ സഖിയോട് ഋതുപർണ്ണൻവരും എന്നതിൽ നിന്ന് മനസ്സിലാക്കേണ്ടത് തേരോടിക്കുന്ന ബാഹുകൻ വരുംമെന്നാണ്.

ഭൈമി :– സംശയമെല്ലാം തീർന്നു തോഴിമാരേ എന്റെ മനസ്സിലെ വിഷമവും തീർന്നു. ഇന്ദ്രാണീ ദേവി എന്നിൽ പ്രസാദിച്ചിരിക്കുന്നു. പർണ്ണാദനെന്ന ക്ഷോണീദേവന്റെ വാക്കു ഫലിച്ചിരിക്കുന്നു.ഞാൻ നേർന്ന നേർച്ചകളും സഫലമായി. ഭൂതലത്തിനു മുഴുവൻ നാഥനായ എന്റെ ഭർത്താവ് കോസലനാഥന്റെ സൂതനായി വന്നിരിക്കുന്നു. മാതലിപോലും തോറ്റിരിക്കുന്നു. തേരിന്റെ ചെറിയ ശബ്ദം കേൾക്കുന്നു. തേരിന്റെ കൊടിമരം കാണുന്നു. അടുത്തെത്തിയ തേരിൽ ആരൊക്കെയാണ് വീരപുത്രനെ കാണാനില്ലല്ലോ? എനിക്കു നീരസം തോന്നുന്നു. മാരുതമാനസവേഗത്തിൽ എത്തിചേർന്ന തേരിൽ നളൻ ഉണ്ടാവുമെന്ന അനുമാനം കൊണ്ട് തൃപ്തിയാകാതെ ഭൈമി യഥാർത്ഥമറിയാൻ കേശിനിയെ വിടുന്നു.

രംഗം മൂന്ന്: ഭീമന്റെ ആസ്ഥാനം

ശ്ലോകം 4 വൈകുന്നേരം അനലംങ്കൃതമായ കുണ്ഡിനപുരത്തെ സമീപിച്ച ഋതുപർണ്ണൻ ഭൈമീ വിവാഹം വ്യാജമാണെന്ന് വിഷമത്തോടെ മനസ്സിലാക്കി. തന്റെ വരവറിഞ്ഞ ഭീമനെ സമീപിച്ച് അദ്ദേഹത്തിന്റെ സത്ക്കാരമെല്ലാം സ്വീകരിച്ച് സന്തുഷ്ടമായ മനസ്സോടെ അദ്ദേഹത്തോയ് സൗഹൃദസംഭാഷണം ആരംഭിക്കുന്നു.

ഭീമൻ :– അല്ലയോ മനുവംശനായകാ, അങ്ങേക്കു ക്ഷേമം തന്നെയല്ലേ? കൂടെ അകമ്പടിക്കാരാരുമില്ലേ? കുടയും വെൺചാമരങ്ങളൊന്നു കാണുന്നില്ലല്ലോ, അല്ലയോ രാജാവേ പറഞ്ഞാലും ഈ വരവിന് കാരണമൊന്നുമില്ലല്ലോ നല്ല ഒരു സ്നേഹം അങ്ങയുടെ മനസ്സിലുണ്ട്. അതിന്റെ പ്രേരണകൊണ്ടാണ് വന്നതെന്നു തോന്നുന്നു. പരിജനങ്ങളൊന്നുമില്ലാതെ വന്നതിൽ എനിക്ക് സന്തോഷം തോന്നുന്നു. എന്തുകൊണ്ടാണെന്നോ ഈ നഗരവും അകമ്പടിക്കാരും നിന്റേതുകൂടിയാണെന്ന സത്യം മനസ്സിലാക്കിയാണല്ലോ അങ്ങയുടെ ഈ വരവ്. ഞാൻ സുകൃതിയാണ്. എന്റെ മനസ്സ് സന്തുഷ്ടമായി. പുണ്യമില്ലാത്തവർക്ക് നീണ്ടനാളത്തെ അദ്ധ്വാനം കൊണ്ട് മാത്രമേ സജ്ജന സമ്മേളനം ലഭിക്കുകയുള്ളൂ.

ഋതുപർണ്ണൻ :– അല്ലയോ ഭിമനരേന്ദ്രാ എനിക്ക് സുഖം തന്നെ എന്റെ വാക്ക് പ്രീതിയോടെ കേട്ടാലും കുറച്ചുകാലമായി ഇവിടേയ്ക്ക് വരണമെന്ന് കരുതുന്നു. അതിന് ഇപ്പോഴാണ് അവസരമുണ്ടായത്. അങ്ങയുടെ ഗുണങ്ങളെപ്പറ്റി ചിന്തിച്ചാൽ പറഞ്ഞുതീർക്കാനാവില്ല. അങ്ങയെപ്പോലുള്ളവരെ കാണുന്നത് പുണ്യമാണ്. പരിചയവും സ്നേഹബന്ധവും നാം തമ്മിൽ വളരെ ഇല്ലേ അതുകൊണ്ട് അങ്ങയുമായി സമ്മേളിക്കുകയെന്നത് ഭാഗ്യമാണ്.

രംഗം നാല് : ഭൈമിയുടെ അന്തപുരം

ഭൈമി – തോഴി

ശ്ലോകം 5 :– സൂര്യവംശജനായ രാജശ്രേഷ്ഠൻ ഋതുപർണ്ണൻ ഒരു ഭാഗത്ത് ഭീമരാജാവിനോടു സുഖിച്ചു വാണും ദമയന്തിയാകട്ടെ മനസ്സുലഞ്ഞ് ഭർത്താവിനെ തിരിച്ചറിയാനാകാത്ത ദുഃഖത്താൽ പുകമങ്ങിയ തോഴിയെ നിയോഗിക്കുന്നു.

ഭൈമി അല്ലയോ തോഴീ ഞാൻ പറയുന്നത് കുറച്ച് പുണ്യമുള്ളവനാണെങ്കിൽ കേൾക്കൂ കോടി കാമദേവന്മാരുടെ സൗന്ദര്യമുള്ളവനും പ്രസന്നവദനനുമായ ഭർത്താവിനെ എന്നാണോ ഞാൻ ഇനി കാണുക. വിരഹമാകുന്ന ഈ കടലിന് അടിയറ്റവും മറുകരയും ഇല്ലാത്തതുമാണ്. ഇതിൽപെട്ട് കഴിഞ്ഞാൽ അതിൽ നിന്ന് രക്ഷനേടാനാവില്ലെന്നറിയുമ്പോൾ അതിന്റെ വേദന കഠിനമായിരിക്കും. അതുകൊണ്ട് വീരപുരുഷനെ കണ്ടുപിടിക്കാൻ വേലകൾ എന്തെങ്കിലും ഒന്ന് ചെയ്യണം. വികൃതരൂപനായ ഋതുപർണ്ണസാരഥിയെ പ്രസിദ്ധനായ നൈഷധരാജാവ് തിരിച്ചറിഞ്ഞു. വേഗം ചെന്ന് അവനെ

കൂട്ടികൊണ്ടുവരൂ. ധീരനായ അവന്റെ വാക്കുകൾ കേട്ട് വരികയും വേണം. അവന്റെ ഊണും ഉറക്കവും കൂടി എങ്ങനെയെന്ന് മനസ്സിലാക്കണം. സമയം കളയാതെ വേഗം വരൂ.

**രംഗം അഞ്ച്** : ബാഹുകസന്നിധി

ബാഹുകൻ – കേശിനി

ശ്ലോകം – 6

പ്രിയദമനെ കാണാൻ ആഗ്രഹമുള്ളവളും ബാഹുകനെപ്പറ്റി നളൻ എന്നു മനസ്സിൽ സംശയം ജനിച്ച വളുമായ ഭൈമി പറഞ്ഞയച്ചവളും സമർത്ഥയുമായ കേശിനി വേഗത്തിൽ തേരിലിരിന്ന നളനെസ്സമീ പിച്ച് അദ്ദേഹത്തോട് കുശലം ചോദിച്ചു.

കേശിനി :– നീ ആരാണ്? പേര് പറഞ്ഞാലും, ആരുടെ തേരാണിത്? ദൂരദേശത്തുനിന്ന് വന്നവരാ ണെന്ന് തോന്നി. സത്യം പറയണം. അതുകൊണ്ട് ഒരു കാര്യംമുണ്ട്. എന്നെ സുന്ദരിയായ ദമയന്തി യാണ് ഇങ്ങോട്ട് അയച്ചിരിക്കുന്നത്. അതുകൊണ്ട് ഈ സായാഹ്നത്തിൽ ഈ കൊട്ടാരത്തിൽ വന്നെ ത്തിയ നിങ്ങൾ ആരാണെന്ന് മുഴുവനായും പറയണം

ബാഹുകൻ ചിന്താകുലനായി തേരിൽ വിശ്രമിക്കുന്ന സമയത്താണ് സമർത്ഥനായ തോഴിയുടെ ചോദ്യം കേൾക്കുന്നത്. തോഴിയുടെ ചോദ്യങ്ങൾ നളന് രസകരമായി തോന്നി.

ബാഹുകൻ : – ഭംഗിയുള്ള വാക്കുകൾ പറയുന്നവളെ, എല്ലാം ഞാൻ നേരായി പറയുന്നുണ്ട്. ഞങ്ങ ളുടെ വിവരങ്ങൾ അറിയാൻ ഭൈമി എന്തിനാണു താല്പര്യപ്പെടുന്നത്. ഞങ്ങൾ വളരെ ദൂരത്തുനിന്നു വരുന്നവരായതുകൊണ്ട് ഇവിടുത്തെ വിവരങ്ങളൊന്നും അറിയില്ല. എന്നാൽ നീ കാര്യങ്ങൾ വ്യക്ത മായി അറിയാൻ ശ്രമിക്കുന്നു. അതുകൊണ്ട് കാര്യമുണ്ടെന്നു പറയുന്നു. അതുകൊണ്ട് ചോദിച്ചതാണ്.

കേശിനി :– സാകേതത്തിൽ ചെന്നാൽ പോലും മുഖം കാണിക്കാൻ കിട്ടാത്ത രാജാവാണ് ഋതു പർണ്ണൻ. ഭൂമിയിലെ ദേവേന്ദ്രനാണദ്ദേഹം. അങ്ങനെയുള്ള രാജാവ് ഇത്ര ദൂരം വരാൻ കാരണമെന്ത്. ഞങ്ങൾക്കൊന്നറിയാൻ വേണ്ടിയാണ്. കൂടെ വന്ന മറ്റേ ആൾ എവിടെയാണ്.

ബാഹുകൻ :– നാട്ടിലുള്ള എല്ലാ രാജാക്കന്മാരും വരുന്നുണ്ടത്രേ. നളനെ ദമയന്തി ഉപേക്ഷിച്ച് മറ്റൊരു രാജാവിനെ വേൾക്കാൻ പോകുന്നു എന്നൊക്കെ കേൾക്കുന്നു.

കേശിനി :– ആ കെട്ടുകഥ കേട്ടാണോ സൂര്യകുലമന്നൻ എഴുന്നള്ളിയിരിക്കുന്നത്. അതവിടെ നിൽക്കട്ടെ എനിക്ക് നിങ്ങളോട് വേറൊന്ന് ചോദിക്കാനുണ്ട്. നളൻ ജീവിച്ചിരിക്കുന്നതായിട്ട് എതെ ങ്കിലും നാട്ടിൽ സംസാരമുണ്ടോ? ഭൈമിയാണെങ്കിൽ ജീവിച്ചിരിക്കുന്നത് ഇന്നുവരെ ജീവിച്ചത് ഏറെ കഷ്ടപ്പെട്ടാണ്.

ബാഹുകൻ:– (നളൻ ഒളിവിലുണ്ടോ ഇല്ലയോ എന്ന ചോദ്യത്തിനെ പരിഹസിച്ചുകൊണ്ട്.) ഏതെ ങ്കിലും കാണാമറയത്ത് ജീവിച്ചിരിപ്പുണ്ടോ ഇല്ലയോ എന്നു വിചാരിച്ച് വേറൊരു നളനെ വിവാഹം കഴിക്കുക എന്ന തീരുമാനം ഉചിതം തന്നെ. ഇനി എന്തിനാണ് നളനെ ഓർത്തുകൊണ്ടിരിക്കുന്നത്.

കേശിനി :– പർണ്ണാദൻ സാകേതത്തിൽ വന്ന് ഒരു കാര്യം പറഞ്ഞതിന് താങ്കൾ ഉത്തരം പറ ഞ്ഞെന്നും കേട്ടു. അതേ വാക്കുകൾ ഒന്നു കൂടി താങ്കൾ നേരിട്ട് പറയുകയാണെങ്കിൽ ദമയന്തിക്ക് കാതിനമൃതായിരിക്കും.

ബാഹുകൻ :– കുലവധുക്കൾക്ക് ഭർത്താവിൽ നിന്ന് അഹിതമുണ്ടായാലും കോപമുണ്ടാവാൻ പാടില്ല. നളൻ അറിഞ്ഞു കൊണ്ട് ഒരു തെറ്റു ചെയ്തിട്ടില്ലെന്ന് ലോകത്തിലുള്ള എല്ലാഒക്കത ക്കുമറിയാം.

രംഗം – ആറ്: ഭൈമിയുടെ അന്തഃപുരം

ദമയന്തി, കേശിനി

ശ്ലോകം – 7 ബാഹുകനോട് ഓരോ ചോദ്യങ്ങൾ ചോദിച്ചറിഞ്ഞ കേശിനി ചിലതെല്ലാം മറഞ്ഞ് നിന്ന് മനസ്സിലാക്കുകയും എന്നാൽ ചില കാര്യങ്ങളിൽ സംശയം തോന്നുകയും ചെയ്തു. ഭൈമിയെ മറ്റൊരു സ്ഥലത്തേയ്ക്ക് വിളിച്ചുകൊണ്ടുപോയിട്ട് പറഞ്ഞു.

കേശിനി:– ലക്ഷമീദേവിക്കു തുല്യമായ സൗന്ദര്യമുള്ളവളായ ഭൈമീ, നീ കേട്ടാലും ബാഹുകൻ ഒരു പുരുഷരത്നം തന്നെയാണ്. ബുദ്ധിമാനായ അവൻ പേരും പല വിവരങ്ങളും പറഞ്ഞു. നളൻ ഒരു തെറ്റു ചെയ്തിട്ടില്ല. അവൻ ദുഷ്ടനാണെന്നു തോന്നുന്നില്ല. ഭീമരാജാവിന്റെ കല്പന അനുസരിച്ച് ഭക്ഷണം പാകം ചെയ്യുന്ന അവന്റെ കഴിവ് ഞാനും കണ്ടും. കുടത്തിൽ വെള്ളം നിറഞ്ഞു, കപടം കൂടാതെ അഗ്നി ജ്വലിച്ചു. ഇതിൽപരം തെളിവു വേണ്ടല്ലോ. പെട്ടെന്ന പാചകം കഴിഞ്ഞ് രാജാവിനെ ചെന്ന് വണങ്ങി. തിരികെ തേരിൽ ഇരുന്നു. തേരിലേ പൂക്കൾ വാടിയനിലയിലായിരുന്നു. ബാഹുകൻ അവ കൈയ്യിലെടുത്ത് തിരുമിയപ്പോൾ പൂക്കൾക്ക് ശോഭ ലഭിച്ചു.

ശ്ലോകം :– 8 കേശിനി പറഞ്ഞ കാര്യങ്ങൾ കേട്ടപ്പോൾ ദമയന്തി വളരെ അത്ഭുതത്തോടെയും സന്തോഷത്തോടെയും തന്റെ പ്രിയൻ രൂപം മാറി വന്നിരിക്കുകയാണെന്ന് വിചാരിച്ചു.

ഭൈമി : –(ആത്മഗതം) ഇവൻ നളൻ തന്നെ എനിക്ക് ഒരു സംശയവുമില്ല. എന്നാലും രൂപം ഇങ്ങനെ ആയി. എന്ന സംശയം ബാക്കിയായി. അത് കാര്യമായി എടുക്കേണ്ട. പറഞ്ഞ കാര്യങ്ങൾ കേട്ട് മനസ്സിൽ സന്തോഷം തോന്നുന്നു. പക്ഷേ രൂപം കാണുമ്പോൾ സന്തോഷം തോന്നുന്നില്ല. എന്റെ തോന്നലുകൾ എല്ലാം ശരിയാണോ, ആരാണ് എനിക്ക് പരമാർത്ഥം പറഞ്ഞുതരിക. എന്നെ പലപ്പോഴും സഹായിക്കുന്ന അമ്മയ്ക്കു കഴിയുമോ? ബാഹുകനോട് ബന്ധം പുലർത്തുന്നത് ശരിയാണോ? എന്റെ പാതിവ്രത്യത്തിന് ചേരുമോ? നളനാണെന്ന് ആരും പറയില്ല. അങ്ങനെയുള്ള ഒരു വിരൂപനെ സ്വീകരിച്ചാൽ ജനങ്ങൾ അപവാദം പറയില്ലേ? അതുമൂലം ദുഷ്കീർത്തിയും ഉണ്ടാവില്ലേ ഒന്നും തീർച്ചപ്പെടുത്തുവാൻ കഴിയുന്നില്ല. ഇന്നു ഞാൻ അമ്മയെ ചെന്നുകാണും. മുപ്പാരളന്നവനായ വിഷ്ണുവിനെ ധ്യാനിച്ച് അനുഗ്രഹം വാങ്ങിക്കും. എല്ലാ നന്മകളും ലഭിക്കാൻ ഈ അനുഗ്രഹം മതി. നളൻ കൂടെയുണ്ടെങ്കിൽ ഏതു വിഷമങ്ങളെയും തരണം ചെയ്യാൻ കഴിയും. മനോഹരചിന്തകളും പ്രവൃത്തികളും ഉള്ളവനാണ്; എന്നാൽ ഇപ്പോൾ ഭാഗ്യദോഷം അനുഭവിക്കുന്നവനുമാണ്. ദുഷ്ടവിനാശത്തിനായി വ്രതമനുഷ്ഠിക്കുന്നവനുമാണ്. ഇങ്ങനെയെല്ലാമുള്ള മഹാപുരുഷൻ എങ്ങനെ വേഷപ്രച്ഛന്നനായി. എങ്കിലും ഉപേക്ഷിക്കാൻ പറ്റില്ല. എന്റെ ഭർത്താവിന് എന്നോട് ശത്രുത തോന്നുമോ! ഇല്ലെങ്കിൽ എന്നോട് ഇങ്ങനെ പെരുമാറിയത് എന്തുകൊണ്ട് (കാട്ടിൽ ഉപേക്ഷിച്ചത് ഓർമ്മിക്കുന്നു.) എന്നോട് എങ്ങനെയൊക്കെ പെരുമാറിയാലും ഞാൻ വന്ദിക്കുകയാണ് ചെയ്യേണ്ടത്. ഈ ദുഃഖങ്ങൾ എല്ലാം എന്റെ പാപങ്ങൾ കൊണ്ടാണ്. അതെല്ലാം ഇന്ന് തീരണം. വിരഹവേദന സഹിക്കുന്നതിലും ഭേദം അതിദാരുണമായ ആത്മഹത്യതന്നെയാണ്.

രംഗം ഏഴ്: ഭൈമിയുടെ അന്തഃപുരം

ബാഹുകൻ, ദമയന്തി

ശ്ലോകം – 9 സന്തുഷ്ടയായ ഭൈമി നളനെക്കാണാനുള്ള തിടുക്കത്തിൽ അസ്വാസ്ഥ്യം കാണിക്കാതെ വേഗത്തിൽ ചെന്ന് അമ്മയെ കാണുന്നു. അമ്മയോട് കാര്യങ്ങളെല്ലാം പറഞ്ഞ് അനുവാദം വാങ്ങി. കേശിനിയുടെ വാക്കുകൾ കേട്ടുവന്ന നേരിട്ടുവന്ന നളനോട് നൂറുകണക്കിന് മനോഗതങ്ങളും, പാശ്ചാത്തപവും പറഞ്ഞ് കരഞ്ഞുകൊണ്ട് ഇങ്ങനെ പറഞ്ഞു. അങ്ങയെപ്പോലെ ഗുണവാനായ കൂട്ടുകാരനെ എവിടെയെങ്കിലും കണ്ടുവോ? ഞാൻ അദ്ദേഹത്തെക്കുറിച്ചൊന്നുമറിയാതെ വിരഹമാകുന്ന തിരമാലയിൽ മുങ്ങിത്തളർന്നുപോയി.

ബാഹുകൻ :– ആപത്തിൽപ്പെട്ടവനാണെങ്കിലും ഞാനിപ്പോൾ ആനന്ദമുള്ളവനായി. ഞാൻ ശിവഭക്തനായതുകൊണ്ട് ആപത്തൊന്നു വരില്ല. എന്നാലും എന്നെ കലി ബാധിച്ചു. സ്വന്തം രാജ്യം നഷ്ടപ്പെട്ടു കാട്ടിൽ താമസമാക്കി. യാഗാദികളിലുള്ള പ്രീതികൊണ്ട് ഉത്തരകോസലത്തിലും കഴിഞ്ഞു. നിന്റെ ശാപം നിമിത്തം വശം കെട്ട് കലി ഒഴിഞ്ഞുപോയി. അല്ലയോ സുന്ദരീ ഞാൻ നിന്റെ സമീപത്തുവന്നിരിക്കുന്നു. ഇനി നമ്മൾ മരണത്തിൽ മാത്രമേ പിരിയുകയുള്ളൂ.

ഭൈമി :– ചന്ദ്രനെപ്പോലെ മുഖകാന്തിയുള്ളവനും,സുന്ദരിമാരെ ആനന്ദിപ്പിക്കുന്നവനുമായവനേ പ്രേമവികാരത്താൽ കറുത്ത വാവിൽ പെട്ടുപോയ ചന്ദ്രനെ സമീപിക്കാൻ കൊതിക്കുന്നവളും യാമങ്ങൾ കഴിഞ്ഞവളുമായ കറുത്ത രാത്രിയെപ്പോലെ നിന്നെ ഹൃദയത്തിൽ സങ്കൽപിച്ചുകൊണ്ടിക്കുകയാണ്. സൗന്ദര്യത്തിനും കളിവീടായവനേ ഞാൻ ഒരു നിമിഷം പോലും നിന്നെ പിരിഞ്ഞിട്ടുണ്ടോ? ഗ്രാമനഗരകാനനങ്ങളിൽ എല്ലാ ആളെ വിട്ടു തിരഞ്ഞു.

ശ്ലോകം 10 പ്രവൃത്തികൾ, വാക്ക്, വയസ്സ് എന്നിവ ചിന്തിച്ചാൽ ഇദ്ദേഹം നളൻ തന്നെ. നളന്റെ കോമളശരീരം എങ്ങനെ നഷ്ടപ്പെട്ടു എന്നു ചിന്തിച്ചു നിന്ന ദമയന്തിയോട് കാർക്കോടകൻ നല്കിയ വസ്ത്രം ധരിച്ച് സ്വരൂപം കൈകൊണ്ട രാജാവ് കോപത്താൽ ഇങ്ങനെ പറഞ്ഞു. (കാർക്കോടകൻ കൊടുത്ത വസ്ത്രം ധരിച്ചപ്പോൾ ബാഹുകന് പൂർവരൂപം ലഭിക്കുന്നു.)

നളൻ :– സ്ഥിരബോധം നഷ്ടപ്പെട്ട് ഞാൻ നിന്നോട് ഏറെ അപരാധങ്ങൾ ചെയ്തു. എന്നാൽ അന്തഃപുരസ്ത്രീകൾക്ക് വൈരവും കപടവും പാടില്ല. നിന്റെ ഇപ്പോഴത്തെ തൊഴിൽ വളരെ നല്ലത് തന്നെ. ഉചിതവുമാണ്. എന്തെന്നാൽ ദയ ഒട്ടും ഇല്ലാത്തവളേ, മറ്റൊരു രാജാവിനെ വരിക്കാനായിട്ട്, ലോകത്തിലെ ധാരാളം രാജാക്കന്മാരെ വരുത്തുന്നതിന് നീ പ്രയത്നിച്ചല്ലോ! നിന്റെ വാക്കനുസരിച്ച് മനുവംശനായകൻ വന്നിട്ടുണ്ട്.

ഭൈമി :– ആദ്യകാലത്തിലേ അങ്ങയുടെ ഗുണഗണങ്ങൾ പലരിൽനിന്നു കേട്ടറിഞ്ഞ് എന്റെ മനസ്സിൽ ഈ രൂപം പതിഞ്ഞുപോയിരുന്നു.അതിനു ശേഷം അരയന്നം വന്ന് അങ്ങയെ പ്രശംസിച്ച് കേൾപ്പിച്ചു. അന്നു തന്നെ ഞാൻ അങ്ങയെ മനസാ വരിച്ചിരുന്നു. പിന്നീട് ഇന്ദ്രൻ, വരുണൻ, അഗ്നി, യമൻ,വരുണൻ എന്നിവർ വന്നു അവരിൽ ഒരാളെ വരിക്കണം. എന്നുപറഞ്ഞപ്പോഴും സ്വയവരസദസ്സിൽ വച്ചു ഞാൻ അങ്ങയെ മാലയിട്ട് വരിച്ചു.(തന്റെ നളാനുരാഗം ദൃഢമല്ലാത്തതിനാലാണ് രണ്ടാം വിവാഹത്തിന് ശ്രമിക്കുന്നത് എന്ന് കേട്ടപ്പോഴാണ് ദമയന്തി ഇങ്ങനെ പറയുന്നത്)

നളൻ :– വളരെക്കാലം ആഗ്രഹം ഉള്ള ഒരാളായതുകൊണ്ട് ആ വ്യക്തിയുടെ ഗുണങ്ങളും പോരായ്മകളും അിറഞ്ഞിരിക്കണം. അന്യരുടെ ദോഷങ്ങൾ തിരിച്ചറിയാനുള്ള കഴിവ് ആർക്കാണ് ഇല്ലാത്തത്. യുവതികളുടെ മനസ്സിലെ കുടിലചിന്തകൾ ശരിയായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ? നിന്റെ മനസ്സിലിരിപ്പ് എനിക്കറിയാം നിനക്ക് നല്ലത് പറഞ്ഞുതരുന്നു. നിനക്ക് ഇഷ്ടപ്പെട്ടവനും നിന്നിൽ കൊതിയുള്ളവനുമായവനോട് നീ ചേരുക. രതിസുഖം നല്കാൻ ഏറ്റവും കഴിവുള്ളവനുമാണ്.

ഭൈമി :– അങ്ങയെ കാണാഞ്ഞ് പരിഭ്രാന്തയായ ഞാൻ സ്വീകരിച്ച മാർഗമേതുമാകട്ടേ എന്താണ് അതിനു ദോഷം. എന്റെ അമ്മ സാക്ഷിയാണ്. ഞാൻ തെറ്റുകാരിയാണെന്നു തന്നെയെന്ന് അങ്ങ് വിശ്വസിക്കുന്നതെങ്കിൽ അതിൽ ഞാൻ സന്തോഷിക്കുന്നു. അങ്ങയോടുള്ള സ്നേഹം കൊണ്ടാണ് അങ്ങനെ ചെയ്തത് അതിൽ ഒരു പിഴയും ഞാൻ കാണുന്നില്ല. അച്ഛനെ അറിയിച്ചില്ല എന്നതാണെങ്കിൽ അച്ഛൻ അറിഞ്ഞാൽ നടക്കുകയില്ല. അതിനാൽ ബോധമില്ലാതെ കാട്ടിൽ ഉപേക്ഷിച്ച എന്നെ അങ്ങ് സ്വീകരിക്കുകയാണ് വേണ്ടത്.

(ഭൈമി നളനെ നമസ്ക്കരിക്കുന്നു. നളൻ ചിന്താധീനൻ.)

ശ്ലോകാം 11 വളരെ നാളായികൊതിച്ചുകൊണ്ടിരുന്ന പ്രിയദർശനം ലഭിച്ചതിൽ കാൽ വണങ്ങികൊണ്ട് ദമയന്തി പറഞ്ഞവാക്കുകൾ കേട്ടപ്പോൾ നളൻ വ്യഭിചാരിണിയോടുള്ള ചേർച്ചകൊണ്ടുണ്ടാകുന്ന

പാപം ഒഴിവാക്കുന്നവനായി പ്രവർത്തിച്ചു. ഒട്ടും താല്പര്യം ഇല്ലാതെ നിന്ന നളൻ ഒരശരീതി കേൾക്കുന്നു.

ശ്ലോകം 12 അല്ലയോ നളാ, കേട്ടാലും; ഞാൻ ജീവസാക്ഷിയാകുന്നു. നിന്റെ പത്നി നിർദോഷയാണ്. സംശയം ഉപേക്ഷിച്ച് അവളെ സ്വീകരിക്കുക. പുനർവിവാഹവാർത്ത നിന്നെ കാണാൻ വേണ്ടിയുള്ള ഉപായമായാണ് ഭൈമി കണ്ടത്.

രംഗം എട്ട്: ഭീമന്റെ കൊട്ടാരം

ബാഹുകൻ, ഭീമൻ

ശ്ലോകം 13 –മൂന്നുലോകങ്ങളിലുമുള്ള വായുവിനെ നീ അനുസരിച്ചാലും. വിജയശ്രീലാളിതനായി വളരെ നാൾ ജീവിച്ചിരിക്കുക. എന്നിങ്ങനെ ആകാശഭാഷിതത്തിനു ശേഷം വിദ്യാധരന്മാർ പൂമഴ ചൊരിയുന്നു. വാദ്യഘോഷങ്ങൾ മുഴങ്ങി ആകാശത്തുനിന്നുള്ള വിസ്മയങ്ങൾ കണ്ട് നളദമയന്തി മാർ വിസ്മയഭരിതരായി കുട്ടികളെ ആലിംഗനം ചെയ്ത് സസുഖം വാണു.

ഭീമൻ :– ജന്മം സഫലമായി. ഇനി മരിച്ചാലും വേണ്ടില്ല. നിന്റെ മുഖകമലം കണ്ടല്ലോ. എന്റെ ജീവിതം എന്നു പറയുന്നത് ഇവളാണ് (ദമയന്തി) ദൈവകൃപകൊണ്ടാണ് ഇവളെ കണ്ടുകൊണ്ടിരിക്കുന്നത്. ഇവൾക്കും വല്ല ആപത്തുവരുമോ എന്ന് സ്വപ്നത്തിൽ പോലും എനിക്ക് ഭയമാണ്. മൂന്നുലോകങ്ങ ളിൽ വച്ച് ശ്രേഷ്ഠയായവളാണ് നീയും അങ്ങനെ തന്നെയാണ്. പുരുഷശ്രേഷ്ഠനായി, പരിശുദ്ധ നായി വളരെകാലം ജീവിക്കുക. ഇനി നിങ്ങൾ ഒരിക്കൽ പോലും പിരിയരുത്. രണ്ടു പേർക്കും മനസ്സിലൊരു മങ്ങൽ ഉണ്ടാവരുത്. വിധി എനിക്കു തന്ന നിധിയാണ് നിങ്ങൾ രണ്ടുപേരും.

നളൻ :– ദ്വാപരന്റെ സഹായത്താൽ കലി എന്നെ ബാധിച്ചു. അതുകാരണം എനിക്ക് ചൂതുകളിയിൽ മോഹം ഉണ്ടാവുകയും പിന്നത്തെ കാര്യം പറയേണ്ടതില്ലല്ലോ സർവസ്വത്തും നഷ്ടപ്പെട്ടു. വാസ സ്ഥാനം കാടും ഗുഹയുമായി. രാജാക്കന്മാരിൽ പ്രകാശം പരത്തുന്നവനായ അങ്ങയുടെ അപ്രീ തിയ്ക്ക് പാത്രമായി. ഞാൻ എന്നെ അങ്ങയ്ക്കു മുമ്പിൽ എന്നെ സമർപ്പിക്കുന്നു. ദൈവകോപം എങ്ങനെയൊക്കെയാണ് വരിക എന്ന് പറയാൻ കഴിയില്ലല്ലോ.

ഭീമൻ :– വീരന്മാർക്ക് ആപത്തുകളും വീര്യത്തിന് ചേരുവിധമേ ചേരുകയുള്ളൂ. സൂര്യചന്ദ്രന്മാർക്ക് രാഹുകാരണം ദുഃഖമുണ്ടായില്ലേ, കാണാൻ സുന്ദരാനായ നിന്നെ കലി ബാധിച്ചതുകൊണ്ടംഷ്ട ദുഃഖ മുണ്ടായത്. ഇനി അതിനെക്കുറിച്ച് ഓർത്ത് വിഷമിക്കരുത്. ഭൂമിയിൽ ദീർഘകാലം രാജാവായി വാഴുക. മോക്ഷം ലഭിക്കും വരെ മായയ്ക്ക് ശക്തിയുണ്ട്. മായ അസ്തമിക്കുകയും ചെയ്യാം അതു കൊണ്ടാണ് ചൂതുകളിക്കണമെന്ന് തോന്നിയത്. കീർത്തിമാനായ രാജാവേ വാർദ്ധക്യം ബാധിച്ച എന്നെ സംരക്ഷിക്കേണ്ട ചുമതല കൂടി ഇനി അങ്ങേയ്ക്കാണ്.

രംഗം ഒൻപത് : കുണ്ഡിനരാജധാനി

നളൻ, ഋതുപർണ്ണൻ

ശ്ലോകം 14 ഭീമൻ മകളുടെ ഭർത്താവിനെ കണ്ട് സന്തുഷ്ടനായിരിക്കേ, അദ്ദേഹത്തിന്റെ ആഗ്രഹമനു സരിച്ച് നഗരം വിശിഷ്ടമായ രത്നങ്ങൾ കൊണ്ട് അലങ്കരിച്ച കൊടിക്കൂറകളാൽ സൂര്യചന്ദ്രന്മാരും നക്ഷത്രങ്ങളും മറയ്ക്കപ്പെട്ടിരിക്കെ രാവിലേ പ്രീതന്മാരായ പൗരന്മാരാൽ ഭാഗ്യംകൊണ്ട് നളൻ വന്നെത്തി എന്ന് പാട്ടായ വാർത്തകേട്ട് ഋതുപർണ്ണൻ വിസ്മയത്തോടും സന്തോഷത്തോടെയും നള നോട് പറഞ്ഞു.

ഋതുപർണ്ണൻ :– അല്ലയോ നിഷധേശ്വരാ, ഈശ്വരകാരുണ്യം കൊണ്ടാണ് എനിക്ക് അങ്ങയെ കാണാൻ കഴിഞ്ഞത്. എല്ലാവർക്കും ആശ്രയമായവനാണ് നീ. ശരീരശോഭകൊണ്ട് നീ കാമദേവനെ ജയിച്ചവനാണ്. ഭൂമിയിലെ ചന്ദ്രനാണെന്ന് പണ്ടു മുതലേ ഖ്യാതിയുള്ളവനാണ്. എന്തൊക്കെ അപരാ ധങ്ങളാണ് ഞാൻ അങ്ങയോട് ചെയ്തതെന്നറിയില്ല. എനിക്ക് മനസ്സിൽ വളരെയധികം ദുഃഖമുണ്ട്.

അത് മാറാൻ അങ്ങ് എന്റെ തലയിൽ അങ്ങ് കാൽ വയ്ക്കണം. അതുകൊണ്ടൊന്നും എനിക്ക് ആശ്വാസം ലഭിക്കുകയില്ലെങ്കിലും അതിൽ എനിക്ക് ഒരു പോരായ്മയും വരാനില്ല. ആകൃതി കണ്ടാൽ സുന്ദരനാണ്, വിദ്യയിൽ അങ്ങ് ഭയങ്കരനുമാണ് അതുകൊണ്ട് അങ്ങ് എനിക്ക് മിത്രമായിരിക്കണം. പുണ്യനായ അങ്ങേയ്ക്ക് സംശയം വേണ്ട, കാരണം ഭാവിഫലം വിലമതിയ്ക്കാനാവാത്തതാണ്. എന്റെ സ്നേഹത്തിന് ഒരു കുറവുമില്ല.

നളൻ :– ഋതുപർണ്ണരാജാവേ അങ്ങയുടെ സ്നേഹം ഞാൻ സ്വീകരിക്കുന്നു. കാമന്റെ ശരീരത്തോടു കൂടിയവനേ സൂര്യശ്രേഷ്ഠാ ഞാൻ അങ്ങയോട് അപരാധം ചെയ്തത് അറിഞ്ഞുകൊണ്ടുതന്നെയാണ്. ദയാനിധിയായ അങ്ങയുടെ മുമ്പിൽ ഞാൻ ധൈര്യപൂർവ്വം കള്ളം പറഞ്ഞില്ലേ? അതേ സാരവത്തായ ബുദ്ധിയുള്ളവനേ, അറിയാതേപോലും എന്നിൽ നിന്ന് വേറൊരു പിഴവും ഉണ്ടായിട്ടില്ല. രസസാരത്തിൽ ഏറെ താൽപര്യമുള്ളവനേ അങ്ങയ്ക്ക് അിറഞ്ഞുകൊണ്ട് ഒരു രസമില്ലായ്മയും ഉണ്ടാവരുത്. ഭൂമിയിൽ സുഖവാസം സുലഭമായുള്ളത് അയോദ്ധ്യയില്ലാണ് ഉള്ളതെന്ന് എനിക്കറിയാൻ കഴിഞ്ഞു. അങ്ങയുടെ ഇഷ്ടങ്ങൾ അനുസരിച്ച് അങ്ങയെ സേവിച്ചു കൊണ്ട് കഴിഞ്ഞു. മൂന്നുവർഷംപോയതറിഞ്ഞില്ല. സദ്ഗുണങ്ങൾ വളരെയുള്ളവനാണ് അങ്ങ്. അതനുഭവിക്കാൻ എനിക്ക് ഭാഗ്യം ലഭിച്ചു. വളരെക്കാലം സന്തോഷത്തോടെ കഴിഞ്ഞു.

അക്ഷഹൃദയവിദ്യ അറിഞ്ഞപ്പോൾ എന്റെ ദുഃഖങ്ങളെല്ലാം നീങ്ങി. അക്ഷഹൃദയം ഞാൻ തിരിച്ചു നല്കുന്നു. അതുകൊണ്ട് സഞ്ചാരവേഗം ലഭിക്കും.

(നളൻ ഋതുപർണ്ണന് അശ്വഹൃദയമന്ത്രം ഉപദേശിക്കുന്നു.)

രംഗം പത്ത് : ഭൈമിയുടെ അന്തഃപുരം

ശ്ലോകം 15 ഇങ്ങനെയുള്ള സംഭാഷണത്തിനു ശേഷം ശുഭമുഹൂർത്തത്തിൽ നളൻ അശ്വഹൃദയമന്ത്രം ഋതുപർണ്ണന് ഉപദേശിച്ചു കൊടുക്കുന്നു. ദുഃഖത്തോടെ ഋതുപർണ്ണരാജാവ് വാസസ്ഥലത്ത് എത്തിചേരുന്നു. ദുഃഖങ്ങളെല്ലാം ഒഴിഞ്ഞ് നളൻ ദമയന്തിയോടൊപ്പം ഒരു മാസത്തോളം കുണ്ഡിനത്തിൽ കഴിഞ്ഞു. അങ്ങനെയിരിക്കെ പ്രണയത്തോടെ ഏകാന്തതയിൽ വച്ച് പത്നിയോട് ഇങ്ങനെ പറഞ്ഞു. അല്ലയോ വല്ലഭേ സ്ത്രീരതന്മേ, നീ എന്റെ വാക്കുകൾ കേട്ടാലും.

താമരപ്പൂവിതൾപോലുള്ള കണ്ണോടുകൂടിയവളേ, സുന്ദരിമാരുടെ കീരീടമായവളേ, മംഗളശീലേ, മൂന്നുവർഷമായി നമ്മുടെ രാജ്യം ആ ദുഷ്ടൻ അനുഭവിക്കുന്നു; കലിയുടെ തുണകൊണ്ട് പിടിച്ചുപറിക്കാരനായ പുഷ്ക്കരൻ. അക്ഷഹൃദയംവിദ്യകൊണ്ട് ഞാൻ കരുത്തനാണ്. അവനെ വധിക്കാൻ എനിക്ക് പ്രയാസമില്ല. നിങ്ങൾ പിതൃഭവനത്തിൽ കുറച്ച്ദിവസം കഴിയുക. ഞാൻ പുഷ്ക്കതനെ വധിച്ച് രാജ്യം നേടിയതിനുശേഷം നിങ്ങൾക്കാ വരാനായി വാഹനം അയച്ചുതരാം. സന്തുഷ്ടരായ ഗ്രാമവാസികളായ ഇവരോടുകൂടി കഴിയുമ്പോൾ വിരസതയുണ്ടാവില്ല.

ദമയന്തി :– നിന്നെ വേർപിരിയുന്നത് എനിക്ക് വലിയ വേദനയുണ്ടാക്കും. മരണവേദന അത്രയ്ക്ക് ഉണ്ടാവില്ല. ഇക്കാര്യം എന്നു ഓർത്തുകൊള്ളണം. ലജ്ജയില്ലാതെ തന്നെ ഞാൻ പറയുകയാണ് അങ്ങ് എവിടേക്കാണോ പോവുന്നത് അവിടേയ്ക്ക് ഞാനും പുറപ്പെടുന്നു. അങ്ങ് എന്റെ വാക്കുകൾ കേൾക്കണം ഞാനിതാ അങ്ങയുടെ കാൽക്കൽ നമസ്ക്കരിക്കുന്നു.

രംഗം : പതിനൊന്ന് : നിഷധരാജധാനി

ശ്ലോകം 16 നളൻ വിരഹവേദന സഹിക്കാൻ കഴിയാത്ത ഭാര്യയോടും, ഭീമനോടും മറ്റുള്ളവരോടും യാത്ര ചോദിച്ച് ലക്ഷണമൊത്ത ആനയുടെ പുറത്ത് കയറി സൈന്യത്തോടുകൂടി പുഷ്ക്കര വധത്തിനായി പോയി.

നളൻ :– ഏറെ കേമനാണെന്ന് വിചാരിക്കുന്നവനേ ചൂതുയുദ്ധം നടത്താൻ അടുത്തേയ്ക്ക് വാടാ. എനിക്ക് മരണം വരെ മറ്റൊരു പ്രവൃത്തിയുമില്ല. നീ ഒരു തവണ കൂടി എന്നെ ജയിക്കണം. ഈ ചൂതിനുള്ള പണയം ഞാൻ പറയാം ജയിച്ചാൽ സന്തോഷത്തോടെ രാജ്യം ഭരിക്കാം അല്ലെങ്കിൽ സർവ്വസ്വത്തും ജീവനും ഉപേക്ഷിക്കണം. നേരത്തെ ഉണ്ടായിരുന്ന പണം മുഴുവൻ ഞാൻ നിനക്കു നല്കുന്നു. ഞാൻ വീണ്ടും പണം സമ്പാദിച്ചിട്ടുണ്ട്. എന്റെ ദുഃഖം മാറിയിരുന്നെങ്കിൽ ഞാൻ വെറുതേ ഇരുന്നേനെ. ശിവന്റെ അനുഗ്രഹമുള്ളതുകൊണ്ട് യുദ്ധം ചെയ്യാൻ തന്നെയാണ് ഭാവം. അടുത്ത കളിയിൽ തോൽവിയാണെന്ന് ഉറപ്പിച്ചുകൊള്ളുക. ചൂതുകളിക്കാൻ ഭയമാണെങ്കിൽ യുദ്ധം ചെയ്യാൻ തയ്യാറാവുക. എനിക്കി രണ്ടും വ്യത്യാസമില്ല. ഏതാണെങ്കിലും എനിക്ക് വിജയം സുനിശ്ചിതമാണ്.

ശ്ലോകം 17 അഹങ്കാരംകൊണ്ടും അഭിമാനബോധംകൊണ്ടും ഉത്കണ്ഠപൂണ്ടവനുമായ പുഷ്ക്കരൻ സരസ്വതീദേവി കനിഞ്ഞു നല്കിയ ധാരാളമായ പ്രസാദത്തോടുകൂടിയ മുഖത്തുനിന്ന് ധീരോദാത്തന്റെ ഗുണങ്ങളാൽ ഉത്കൃഷ്ടവും ദൃഢവും വൻകോപത്താൽ അഹങ്കാരം സ്ഫുരിക്കുന്ന വാക്കുകളോടുകൂടിയ വാക്കുകൾ കേട്ട് അല്പം വിഷമത്തോടെ നളനെ സമീപിച്ച് പറഞ്ഞു.

പുഷ്ക്കരൻ :– മനുഷ്യലോകത്തിൽ വച്ച് ഏറ്റവും ഉത്തമനെന്ന് പേരുകേട്ട നീ ഇപ്പോൾ വന്നതു നന്നായി. നമുക്കു രണ്ടാൾക്കും ഇന്ന് പുതിയ അടവുകൾ പ്രയോഗിച്ച് ചൂതുകളിക്കാം. ആദ്യമുണ്ടായിരുന്ന ധനമെല്ലാം എനിക്ക് ലഭിച്ചു കഴിഞ്ഞു. എന്റെ സൈന്യമാണ് മികച്ചതാണെന്ന് പണ്ടേ പ്രസിദ്ധമാണ്. ഇനി ചൂതുയുദ്ധത്തിൽ ജയിക്കാം എന്നാണെങ്കിൽ , എന്തിനു സംശയിക്കുന്നു. അന്നു ഞാൻ നിന്നെ വനവാസത്തിനയച്ചു. ഇന്നു നീ വീണ്ടുവന്നിരിക്കുന്നു. വളരെ നല്ലതി തന്നെ. രണ്ടിൽ ഏതുവേണമെങ്കിലും ആവാം. രണ്ടാമതും സമ്പത്തും നേടിയെന്ന് നളൻ പറഞ്ഞതിനെ രൂക്ഷമായി വിമർശിച്ചുകൊണ്ട് ദമയന്തിയല്ലാതെ മറ്റെന്തും ധനമാണ്ഉള്ളത്. നിന്റെ ബുദ്ധിശക്തി നശിച്ചിരിക്കുന്നു. ഉടുതുണിയോ ആഭരണങ്ങളോ നാക്കിട്ടടിക്കലോ ആത്മപ്രശംസയോ ശ്വശുരന്റെ സൈന്യമോ? എനിക്കു പുണരാൻവേണ്ടി പുത്തൻ തേന്മൊഴിയാളായ ഭൈമിയെ തരുന്നതിനാണോ ഇപ്പോൾ നീ വന്നത്? വീരസേനപുത്രാ.

നളൻ :– മൂഢാ, കേമത്തം ഭാവിച്ചു നീ ഭ്രാന്തുപറയുകയാണോ സുന്ദരിയായ എന്റെ പ്രിയതമയെക്കറിച്ച് നിനക്കു ലേശം പോലും പേടിയില്ലാതായോ? കപടപ്രയോഗത്തിനല്ലാതെ എന്തിനാണ് നിനക്കു സാമർത്ഥ്യമുള്ളത്. കേൾക്കട്ടെ കലിക്ക് കൂട്ടുനിന്നവനല്ലേ നീ. നീചമനസ്സായ നിന്നെ ഞാൻ വെറുതെ വിടുമോ?

രംഗം : പന്ത്രണ്ട് : നിഷധരാജഗൃഹം

ശ്ലോകം –18 വാക്കേറ്റത്തിലൂടെ രണ്ടുപേരും ചുതുകളിയ്ക്ക് തയ്യാറാകുന്നു. ഇതുകാണാൻവേണ്ടി പല ആളുകളും വന്നു. ആ സമയത്ത് നളന്റെ സാമർത്ഥ്യം വർദ്ധിച്ചു. എല്ലാ പകയോടുകൂടി അടുത്തേയ്ക്ക് ചെന്നു. ശിക്ഷിക്കാൻ വാളെടുത്ത നളൻ അനുജനെ ഏറെ കഷ്ടപ്പെടുത്തി.

നളൻ :– നിന്റെ ജീവിതം ഞാൻ അവസാനിപ്പിക്കും എന്നാൽ .അതിനു മുൻപ് ഞാൻ നിന്റെ നാവു മുറിച്ചെടുക്കും. ദുഷ്ടനായവനേ നീചാ നീ എറെ നേരമായി വിറയ്ക്കുന്നതെന്തിന് ചന്ദ്രവംശത്തെ ആകെ വികലമാക്കിയവനും ഒട്ടും സ്ഥിരത ഇല്ലാത്തവനുമായ നിന്നെ ഞാൻ ഇന്ന് പെട്ടെന്ന്

കൊന്നാൽപോലും എന്റെ കോപം കുറയുകയില്ല. എനിക്കു നീ അപരാധങ്ങൾ കൂട്ടമായി ഏതെല്ലാം വിധത്തിലാണോ ചെയ്തത് അതുപോലെ നിനക്കു ഞാൻ ശിക്ഷ വിധിക്കും. ഇന്ന് ഞാൻ നിന്നെ കൊല്ലാൻ ഞാൻ വിചാരിക്കുന്നില്ല. ഇവിടെയുള്ള ധനവും നിന്റെ ജീവനും ചൂതിൽ നീ എനിക്കു പണയം വച്ചതല്ലേ. സുന്ദരിയും മധുരഭാഷിണിയുമായ ഭൈമികൂടി വന്നെത്തിയിട്ട് നീ അവളെപ്പറ്റി പറഞ്ഞ വാക്കുകൾക്ക് എന്തു ശിക്ഷ. വിധിക്കാംമെന്ന് തീരുമാനിക്കാം. വധശിക്ഷയാണെങ്കിൽ വളരെ നല്ലത്. വഞ്ചകാ, നാണമില്ലാതെയാണ് നീ അന്ന് എന്നെ ജയിച്ചത്. കൗശലമായിരുന്നു നീ പ്രയോഗിച്ചത്. കലി എന്റെ മനസ്സ് ദുഷ്ടമാക്കിയിരുന്നു. എന്നത് ഞാൻ ഇപ്പോഴാണ് മനസ്സിലാക്കിയത്. കഠിനമായ മുഷ്ടിമർദ്ദനമാണ് അങ്ങേയറ്റം ദൃഢമായിട്ടുള്ളതെങ്കിലും പൊടിച്ചതിനെ വീണ്ടും പൊടിക്കാൻ സജ്ജനങ്ങൾക്ക് താൽപര്യമില്ല. സിംഹം ആനയെ മാത്രമേ കൊല്ലുകയുള്ളൂ. പന്നിയെപ്പോലും കൊല്ലുന്നില്ല.

ശ്ലോകം – 19 പുഷ്ക്കരനെ കൊല്ലാതിരുന്നാലോ നല്ലത് എന്ന് നളൻ ചിന്തയില്ലായിരുന്നു നളൻ. അപ്പോൾ മംഗളപൂർണ്ണനായ ഹംസശ്രേഷ്ഠൻ അവിടെ വന്നു പറഞ്ഞു.

ഹംസം :– നിഷധരാജ്യത്തിന് ഇന്ദ്രനായിട്ടുള്ളവനേ, ബന്ധുക്കളാകുന്ന ആമ്പൽപ്പൊയ്കയ്ക്കു ചന്ദ്രനായിട്ടുള്ളവനേ, നയങ്ങൾക്ക് ഇരിപ്പിടമായിട്ടുള്ളവനേ അങ്ങ് ജയിച്ചാലും. സന്തോഷത്തിൽ പങ്കുചേരാനാണ് വന്നത്. ബന്ധുവാണെങ്കിൽ ആപത്തിലല്ലേ വേണ്ടത് ഭാഗ്യം വന്നുചേരുമ്പോൾ ആരാണില്ലാത്തത് ഈ ലോകസ്വഭാവം എനിക്കറിയാം. ഇത്രയും കാലം എനിക്ക് ഇങ്ങോട്ടുവരാൻ കഴിഞ്ഞില്ല. ബ്രഹ്മലോകത്തുനിന്നാണ് ഞാൻ വന്നത് നളാ നിന്നോട് ബ്രഹ്മാവ് ഇങ്ങനെ അരുളിചെയ്തിരിക്കുന്നു. "നന്മയോടെ ഭൈമിയുമായി ചേർന്ന് നീ ഭൂമിയിൽ പുതിയ പുതിയ ഐശ്വര്യങ്ങൾ അനുഭവിച്ച് കഴിഞ്ഞാലും. ഒന്നുകൂടി ബ്രഹ്മാവ് പറഞ്ഞിട്ടുണ്ട് കൈയൂക്കിന് ഇരിപ്പിടമായവനേ പുഷ്ക്കരനെ വധിക്കരുത്. ഭൂമിയിലും സ്വർഗത്തിലും .അങ്ങയുടെ കീർത്തി പാപഫലത്തെ ശമിപ്പിക്കുന്നതിനായിരിക്കും. എന്ന് അനുഗ്രഹിച്ചിരിക്കുന്നു.

നളൻ :– കാരുണ്യത്തിനും ഭാഗ്യത്തിനും കാരണമായിട്ടുള്ള ഹംസശ്രേഷ്ഠാ അങ്ങേക്കും സ്വാഗതം. എന്റെ ദുഃഖം കുറയ്ക്കുന്നതിൽ അങ്ങ് താൽപര്യം കാണിക്കുന്നു. അവിടുന്ന് എന്നെ മറന്നുപോയി എന്നു ഞാൻ കരുതി. എന്നെ മുമ്പും ഇതുപോതെ ദുഃഖസമുദ്രത്തിൽ നിന്ന് അങ്ങ് രക്ഷിച്ചിട്ടുണ്ട്. ഹംസശ്രേഷ്ഠാ എന്റെ ആപത്തുകൾ എല്ലാ ഇല്ലാതായി. അല്ലയോ പുഷ്ക്കരാ ബ്രഹ്മാവിന്റെ ആജ്ഞ അനുസരിച്ച് നിന്നെ ഞാൻ കൊല്ലുന്നില്ല. ഇതെല്ലാം സംഭവിച്ചത് കലിയുടെ പ്രവർത്തനം മൂലമാണ്. അല്ലാതെ നീ ചെയ്ത തെറ്റുകളല്ല. എന്റെ കുലത്തിൽ ജനിച്ചവനായി നീ സസുഖം ഭൂമിയിൽ വാഴുക.

പുഷ്ക്കരൻ :– അല്ലയോ രാജാവേ, ബാലചാപല്യം കൊണ്ട് ഞാൻ എന്തൊക്കെയോ ചെയ്തു. ഇതെല്ലാം കലിയുടെ പ്രവർത്തനം തന്നെ ആയിരുന്നു. ഇനി ഞാൻ അങ്ങേയ്ക്ക് എന്റെ ജീവൻ പണയപ്പെടുത്തികൊണ്ട് മിണ്ടാതിരുന്നു കൊള്ളാം. വധമായാലും രക്ഷണമായാലും ഇനി അങ്ങ് പറയുപോലെയാണ്. രാജാക്കന്മാരിൽ നല്ലവനായ അങ്ങ് ചക്രവർത്തിയായി നീണാൾ വാഴട്ടെ.

ശ്ലോകം 20– പുഷ്ക്കരൻ മുമ്പെ പോലെ കൊട്ടാരത്തിൽ താമസിച്ചു. ഹംസംശ്രേഷ്ഠൻ നളന്റെ സത്ക്കാരം സ്വീകരിച്ച് നളനോട് പറഞ്ഞു. അകിലിന്റെ മണം പോലുള്ള നിന്റെ സ്വഭാവഗുണങ്ങൾ എല്ലാ ലോകത്തിലും പരക്കട്ടെ. ആപത്തുകളെല്ലാം നീങ്ങിയ അവസ്ഥയിൽ അങ്ങയെ കാണാൻ പറ്റിയല്ലോ. നിന്റെ അതിഥി പൂജയുടെ ആസ്വാദ്യത അനുഭവിക്കുകയും ചെയ്തു. എല്ലാകൊണ്ടും ആനന്ദത്തിന്റെ ദിവസം തന്നെ പക്ഷേ ഭൈമിയുടെയും മക്കളുടെയും ഒരു കുറവ് ഉണ്ട്.

നളൻ :– അല്ലയോ സുഹൃത്തേ എന്റെ അരികത്തേക്കു വരിക. ഭൈമികൂടി വന്നാൽ ഞാൻ നരകത്തിൽനിന്ന് കരകേറിയവനായി. ബ്രഹ്മനിയോഗത്തെ അങ്ങും സാധ്യമാക്കി. ഭൈമി വരുന്നതുവരെ അങ്ങ് എന്റെ സമീപത്തുനിന്ന് പോകരുത്.

ഹംസം :– ഇനി അങ്ങേയ്ക്ക് ക്ഷേമങ്ങൾ ഓരോന്നായി വന്നുകൊണ്ടിരിക്കും. മുനിശ്രേഷ്ഠനായ നാരദനും ഇതാ വരുന്നു. ഇദ്ദേഹത്തിന്റെ ഭാഷണം കേട്ടുകൊണ്ടാലും! പിന്നെ ദുഃഖത്തിന്റെ കണികപോലും ഉണ്ടാവില്ല. രാജാവേ, അങ്ങ് നാരദമുനിയെ ബഹുമാനിച്ചാലും. ഞാൻ സരസ്സിൽ പോയി വിരുന്നൂണു കഴിഞ്ഞ് നിന്റെ സമീപത്തേയ്ക്ക് വരാം.

ശ്ലോകം 21:– സുവർണ്ണഹംസത്തിന്റെ പാകം വന്നതും പ്രണയം പ്രകാശിപ്പിക്കുന്നതുമായ വാക്കുകളുടെ അവസാനത്തിൽ അനന്തരം ആപത്തിൽ പെട്ടവരുടെ ദുഃഖം ഇല്ലാതാക്കുന്ന നാരദൻ വന്നെത്തി. രാജാവിനോടു പറഞ്ഞു.

നാരദൻ :– വീരന്മാരുടെ കൂട്ടത്തിൽ രത്നമായിട്ടുള്ളവനേ, നിഷധരാജ്യത്തിന് ഇന്ദ്രനായിട്ടുള്ളവനേ, നീ നീണാൾ വാഴട്ടെ! താമരപ്പൂവിൽ ജനിച്ചവനും കാരുണ്യശാലിയുമായ എന്റെ പിതാവ് വരപ്രദായകനായിരുന്നു. ലോകഗുരുവായ ബ്രഹ്മാവ് എന്നോട് പറഞ്ഞു " നാരദാ, നീ ചെന്ന്, നളരാജാവിനോട് ഭൈമിയെയും സന്താനങ്ങളെയും ഒരുമിപ്പിക്കൂ എന്ന് ആ ഭീമനോട് പറയൂ." കലി വരുത്തിയ ആപത്തുകളെല്ലാം നീങ്ങി സതീരത്നമായ ഭൈമിയോടൊപ്പം നീ കൊട്ടാരത്തിൽ പ്രവേശിച്ചാലും. അതിനുള്ള നല്ല മുഹൂർത്തം സരസ്വതീദേവി പറയും.

സരസ്വതീ പറഞ്ഞ സമയം ആഗതമായി. രാജാവേ, ഭീമരാജാവും ഭൈമിയും സൈന്യത്തോടൊപ്പം വന്നുചേർന്നിരിക്കുന്നു.

ശ്ലോകം 22 ഇപ്രകാരം നാരദൻ പറഞ്ഞ വാക്കനുസരിച്ച് നളൻ സന്തുഷ്ടനായപ്പോൾ മംഗളവാദ്യങ്ങളുടെ മുഴങ്ങൽകൊണ്ട് കാതടപ്പിച്ചുകൊണ്ടും സ്വർണ്ണദണ്ഡുകളോടുകൂടിയ കൊടികൾ നിറഞ്ഞ മികച്ച സൈന്യത്താൽ ചുറ്റപ്പെട്ടും ഭീമനും, സ്വപുത്രിയോടൊപ്പം മുന്നിലെത്തി. സന്തോഷത്തോടെ പറഞ്ഞു.

(ഭീമന്റെ ഒരു വാക്കുകളും പരാമർശിച്ചിട്ടില്ല)

**പച്ചമലയാള പ്രസ്ഥാനം**

പച്ചമലയാളമെന്നാൽ ശുദ്ധമലയാളമെന്നർത്ഥം. സംസ്കൃതപദങ്ങളുടെ അതിപ്രസരം മലയാളകവിതയുടെ വ്യക്തിത്വത്തെ ഇല്ലാതാക്കുന്നു എന്നൊരാക്ഷേപം സാഹിത്യരംഗത്ത് പരക്കുകയുണ്ടായി. പ്രശസ്തരായ പണ്ഡിതൻമാർക്കുപോലം സംസ്കൃതപദങ്ങളുടെ സഹായം കൂടാതെ പച്ചമലയാളത്തിൽ ഒരു കാവ്യം മുഴുവനായി എഴുതാൻ സാധ്യമല്ലാ എന്നൊരഭിപ്രായം സി. പി. അച്യുതമേനോൻ കുഞ്ഞുക്കുട്ടൻ തമ്പുരാനോട് പറഞ്ഞു. എന്നാൽ അത് ശരിയല്ലെന്നും ഒരു കാവ്യം മുഴുവനായും തനിക്ക് പച്ചമലയാളത്തിൽ എഴുതാൻ കഴിയുമെന്നും തമ്പുരാൻ വാദിച്ചു. തുടർന്ന് 'നല്ല ഭാഷ'എന്ന പച്ചമലായള കൃതി തമ്പുരാൻ രചിക്കുകയും വിദ്യാവിനോദിനിയിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. 'ഒടി' എന്നൊരു പച്ചമലയാളം കൃതിയും തമ്പുരാൻ രചിച്ചു.

തമ്പുരാന്റെ പാതി പിൻതുടർന്ന് പലരും പച്ചമലയാള കൃതികൾ രചിക്കാൻ മുന്നോട്ടുവന്നു. ഇതിൽ പ്രമുഖനാണ് കുണ്ടൂർ നാരായണമേനോൻ അദ്ദേഹത്തിന്റെ 'നാലു ഭാഷാ കാവ്യങ്ങൾ' എന്ന കൃതിയിൽ കോമപ്പൻ, കണ്ണൻ, പാക്കനാർ, കൊച്ചി ചെറിയ ശക്തൻ തമ്പുരാൻ എന്നീ പച്ചമലയാള കൃതികളാണുള്ളത്. ഉള്ളൂർ എഴുതിയ 'ഒരു നേർച്ച', 'തങ്കമ്മ' എന്നീ കൃതികൾ ഈ പ്രസ്ഥാനത്തിൽ ഉൾപ്പെടുന്നു.

തനി മലയാള പദങ്ങളുടെ പ്രയോഗം ലളിതമായ ആവിഷ്കരണം , ശ്രുതി മാധുര്യം, അർത്ഥ ലാളിത്യം എന്നിവയാണ് ഈ പ്രസ്ഥാനത്തിന്റെ സവിശേഷതകൾ. പ്രമേയ സ്വീകരണത്തിൽ ഇതിഹാസ കൃതികളെ ഇവർ ഒഴിവാക്കിയിരുന്നു. കേരളീയ അന്തരീക്ഷവും കേരളീയ ജീവിതത്തിന്റെ ചില വശങ്ങളും ആവിഷ്കരിക്കാനുതകുന്ന സംഭവങ്ങളും മാത്രമേ പച്ചമലയാള കൃതികളിൽ മിക്കവാറും ഉപയോഗിച്ചിട്ടുള്ളു. വിഷയസ്വീകരണത്തിൽ ചില പുതുമകൾ വരുത്തിയെന്നൊഴിച്ചാൽ കവിത വിനോദോപാധി മാത്രമാണെന്ന ധാരണ വെൺമണി കൃതികളിലേതുപോലെത്തന്നെ പച്ചമലയാളകൃതികളിൽ പ്രകടമാണ്. എന്നാൽ ഈ പ്രസ്ഥാനത്തിന് അധികകാലം നിലനിൽക്കാൻ കഴിഞ്ഞില്ല. പുതുമയും പ്രസക്തിയും നഷ്ടപ്പെട്ട് ക്ഷയിച്ചു പോവുകയും ചെയ്തു.

**സഹായകഗ്രന്ഥങ്ങൾ**

സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ –ഡോ കെ. എം ജോർജ്

മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ – എരുമേലി പരമേശ്വരൻ പിള്ള

രണ്ടു മലയാളമാമറകൾ –പ്രൊഫ. ജി ബാലകൃഷ്ണൻ നായർ

അദ്ധ്യാത്മരാമായണം തുഞ്ചത്തു രാമാനുജൻ എഴുത്തച്ഛൻ –പ്രൊഫ – വട്ടപ്പറമ്പിൽ ഗോപിനാഥൻ പിള്ള

ഉണ്ണായി വാര്യരുടെ നളചരിതം ആട്ടക്കഥ, കൈരളി വ്യാഖ്യാനം, പ്രൊഫ. പന്മനരാമചന്ദ്രൻ നായർ